## ആരോഗ്യ ജാഗ്രത 2026

# പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപദ്ധതി

പ്രതിദിനം പ്രതിരോധം
ഒത്തുചേർന്ന് പ്രവർത്തിക്കാം
ആരോഗ്യ സുരക്ഷ ഉറപ്പാക്കാം

ആരോഗ്യകുടുംബക്ഷേമ വകുപ്പ്
കേരളസർക്കാർ

# പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപദ്ധതി

നമ്മുടെ സംസ്ഥാനത്ത് കാര്യക്ഷമമായ ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങളിലൂടെയാണ് പകർച്ചവ്യാധികളുടെ പ്രതിരോധവും നിയന്ത്രണവും സാധ്യമായിട്ടുള്ളത്. പകർച്ചവ്യാധികൾക്ക് കാരണമാകുന്ന സാമൂഹിക പാരിസ്ഥിതിക ഘടകങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകളുടെയും ഏജൻസികളുടെയും സമഗ്രവും സമയോചിതവുമായ ഇടപെടലുകൾ രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളിൽ ബഹുജനപങ്കാളിത്തം തുടങ്ങിയവയാണ് ആരോഗ്യ ജാഗ്രത ലക്ഷ്യമിടുന്നത്. പകർച്ചവ്യാധികൾക്കെതിരെ ശാസ്ത്രീയമായ പ്രതിരോധ മാർഗങ്ങൾ അവലംബിച്ച് സംസ്ഥാന ആരോഗ്യവകുപ്പ് നടപ്പിലാക്കിയ ആരോഗ്യ ജാഗ്രത ക്യാമ്പയിൻ ഫലപ്രദമായി 2018 മുതൽ നടന്നുവരികയാണ്. സുസ്ഥിരവികസന ലക്ഷ്യങ്ങളുടെ ഭാഗമായി മലമ്പനി, മന്തുരോഗം, ക്ഷയരോഗം, കുഷ്ഠരോഗം, കാലാ–അസർ, എച്ച്ഐവി /എയ്ഡ്സ്, മീസിൽസ്,റൂബല്ല എന്നിവ നിവാരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളും നമ്മുടെ ആരോഗ്യം നമുക്ക് ചുറ്റുമുള്ള ജീവജാലങ്ങളുടെയും പ്രകൃതിയുടെയും ആരോഗ്യത്തെ ആശ്രയിച്ചിരിക്കുന്നു എന്ന ആശയം പ്രാവർത്തികമാക്കുന്നതിനായുള്ള ഏകാരോഗ്യം പദ്ധതിയും നടന്നുവരുന്നു.

ദുരന്തനിവാരണവുമയി ബന്ധപ്പെട്ട് ആരോഗ്യവകുപ്പ് നടത്തേണ്ട പ്രവർത്തനങ്ങൾ, നിപ രോഗപ്രതിരോധത്തിനായുള്ള പ്രത്യേക പ്രവർത്തന കലണ്ടർ, വിവിധ വകുപ്പുകളുടെ പങ്കാളിത്തം എന്നിവ കൂടി ഉൾപ്പെടുത്തി തയ്യാറാക്കിയ ഈ കൈപുസ്തകം ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാവർക്കും ഏറെ സഹായകരമാകുന്നതാണ്.

പ്രതിദിനം പ്രതിരോധം

ഒത്തുചേർന്ന് പ്രവർത്തിക്കാം

ആരോഗ്യ സുരക്ഷ ഉറപ്പാക്കാം

# ആരോഗ്യ ജാഗ്രത കലണ്ടർ 2026

| മാസം | പ്രവർത്തനങ്ങൾ | സമയക്രമം |
|---|---|---|
| ജനുവരി | ഹെൽത്തി ലൈഫ് ക്യാമ്പയിൻ & ആരോഗ്യജാഗ്രത 2026 രോഗപ്രതിരോധ യജ്ഞം ആരംഭിക്കുന്നു | ജനുവരി 1 |
| ജനുവരി | ശൈലി 3 സർവ്വെ ആരംഭം | ജനുവരി 1 |
| ജനുവരി | PH JAK App ആരംഭം<br>(Enrolement & Service delivery) | ജനുവരി 1 |
| ജനുവരി | മലേറിയ എലിമിനേഷൻ - Final Dossier preparation<br>(പത്തനംതിട്ട, കോട്ടയം, ഇടുക്കി, വയനാട്, കാസറഗോഡ് ജില്ലകൾ) | ജനുവരി |
| ജനുവരി | ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പ മന്ത്രിമാരുടെയും സെക്രട്ടറിമാരുടെയും യോഗം | ജനുവരി - ഫെബ്രുവരി |
| ജനുവരി | സംസ്ഥാന/ജില്ലാതല പരിശീലന പരിപാടികൾ | ജനുവരി - ഫെബ്രുവരി |
| ജനുവരി | സംയോജിത പ്രാണിജന്യരോഗ നിയന്ത്രണത്തിനുള്ള കീടനാശിനികൾ, ഉപകരണങ്ങൾ മുതലായവ പ്രവർത്തനക്ഷമമാക്കൽ, സാധനസാമഗ്രികൾ സംഘടിപ്പിക്കൽ, അറ്റകുറ്റപ്പണി. | ജനുവരി |
| ജനുവരി | ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ ആചരണം - സ്കൂളുകളിൽ വെള്ളിയാഴ്ച, സ്ഥാപനങ്ങളിൽ ശനിയാഴ്ച, വീടുകളിൽ ഞായറാഴ്ച | പ്രതിവാരം |
| ജനുവരി | ലെപ്രസി കേസ് ഡിറ്റക്ഷൻ ക്യാമ്പയിൻ<br>അശ്വമേധം 7.0 | ജനുവരി 7 - 20 |
| ജനുവരി | Lymphatic Filariasis (LF) Disease mapping<br>(പത്തനംതിട്ട, ഇടുക്കി, വയനാട് ജില്ലകളിൽ Hydrocele, Lymphedema case mapping) | ജനുവരി 7 - 20 |
| ജനുവരി | അതിദാരിദ്ര്യമുക്ത കുടുംബാംഗങ്ങൾക്കു വേണ്ടിയുള്ള JAK/UHWC തല സ്ക്രീനിംഗ് ക്യാമ്പ് | ജനുവരി 12 - 25 |
| ജനുവരി | ദേശീയ യുവജന ദിനം | ജനുവരി 12 |

| | | |
|---|---|---|
| ജനുവരി | ഹെൽത്തി കേരള പരിശോധന<br>അങ്കണവാടികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വൃദ്ധസദനങ്ങൾ, കെയർ ഹോമുകൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ ശുചിത്വ പരിശോധന | ജനുവരി 13 |
| ജനുവരി | തദ്ദേശസ്വയംഭരണ സ്ഥാപനതല പൊതുജനാരോഗ്യ സമിതി യോഗം &<br>ഏകാരോഗ്യ സമിതി യോഗം (പക്ഷിപ്പനി, ജപ്പാൻ ജ്വരം, വെസ്റ്റ്നൈൽ ഫീവർ, കാലാ - അസാർ) | ജനുവരി രണ്ടാം വാരം |
| ജനുവരി | ക്ഷയരോഗമുക്ത കേരളം - തദ്ദേശസ്വയംഭരണതലത്തിൽ തയ്യാറാക്കിയ document സമർപ്പണം | ജനുവരി മൂന്നാം വാരം |
| ജനുവരി | ഹെൽത്തി കേരള പരിശോധന - ഭക്ഷണശാലകളിൽ ശുചിത്വ പരിശോധന. | ജനുവരി 20 |
| ജനുവരി | പാലക്കാട്, മലപ്പുറം ജില്ലകളിൽ TAS 1 &<br>ആലപ്പുഴ ജില്ലയിൽ TAS 3 (ബ്രൂഗിയ) | ജനുവരി 21 - ഫെബ്രുവരി 10 |
| ജനുവരി | പകർച്ചവ്യാധി ഹോട്ട്സ്പോട്ടുകളുടെ ലിസ്റ്റ് ബന്ധപ്പെട്ട വകുപ്പ്/ഏജൻസികൾക്ക് കൈമാറൽ | ജനുവരി 30-ന് മുൻപ് |
| ജനുവരി | കുഷ്ഠരോഗ വിരുദ്ധ ദിനം, കുഷ്ഠരോഗ ബോധവത്ക്കരണം<br>നെഗ്ലക്റ്റഡ് ട്രോപ്പിക്കൽ ഡിസീസ് ദിനാചരണം | ജനുവരി 30 |
| ജനുവരി | തോട്ടങ്ങളിലും നിർമ്മാണ സ്ഥലങ്ങളിലും അതിഥി തൊഴിലാളികളുടെ താമസ സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ & മൈഗ്രന്റ് സ്ക്രീനിംഗ് | ജനുവരി അവസാന വാരം |
| ജനുവരി | കുഷ്ഠരോഗ നിർമ്മാർജ്ജന പക്ഷാചരണം<br>സ്പർശ് ലെപ്രസി അവെയർനെസ് ക്യാമ്പെയിൻ | ജനുവരി 30 - ഫെബ്രുവരി 12 |
| ജനുവരി | കുരങ്ങുപനി (KFD) ബോധവത്ക്കരണം, പ്രതിരോധ പ്രവർത്തനങ്ങൾ (വയനാട് ജില്ല) | ജനുവരി - മെയ് |
| ജനുവരി | തദ്ദേശസ്വയംഭരണ സ്ഥാപനതല Pandemic preparedness Plan തയ്യാറാക്കൽ | ജനുവരി31- ന മുൻപ് |

| | | |
|---|---|---|
| ഫെബ്രുവരി | ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ ആചരണം – സ്കൂളുകളിൽ വെള്ളിയാഴ്ച, സ്ഥാപനങ്ങളിൽ ശനിയാഴ്ച, വീടുകളിൽ ഞായറാഴ്ച | പ്രതിവാരം |
| ഫെബ്രുവരി | Lymphatic Filariasis mapping ( Confirmatory & One time mapping) | ഫെബ്രുവരി |
| ഫെബ്രുവരി | ജില്ലാതല പൊതുജനാരോഗ്യ സമിതി യോഗം, ഏകാരോഗ്യ സമിതി യോഗം (പക്ഷിപ്പനി, ജപ്പാൻ ജ്വരം, വെസ്റ്റ്നൈൽ ഫീവർ, കാലാ – അസാർ) & ജില്ലാതല ടാസ്ക് ഫോഴ്സ് യോഗം | ഫെബ്രുവരി ആദ്യവാരം |
| ഫെബ്രുവരി | ജില്ലാ കളക്ടർമാരുമായി ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ യോഗം | ഫെബ്രുവരി |
| ഫെബ്രുവരി | ജലദൗർലഭ്യമുള്ള പ്രദേശങ്ങളിൽ പകർച്ചവ്യാധി പ്രതിരോധ ബോധവത്ക്കരണം (ജലജന്യ രോഗങ്ങൾ, കൊതുകജന്യ രോഗങ്ങൾ) | ഫെബ്രുവരി |
| ഫെബ്രുവരി | Re-constructive Surgery ആവശ്യമുള്ള കുഷ്ഠരോഗികളെ കണ്ടെത്തി ശസ്ത്രക്രിയ സേവനം ഉറപ്പ വരുത്തുക | ഫെബ്രുവരി – മാർച്ച് |
| ഫെബ്രുവരി | ജില്ലാ/നഗരസഭ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് തല യോഗങ്ങൾ.<br><br>തദ്ദേശ സ്വയംഭരണതല മൈക്രോപ്ലാൻ തയ്യാറാക്കൽ | ഫെബ്രുവരി 3 –7 |
| ഫെബ്രുവരി | ലോക കാൻസർ ദിനം | ഫെബ്രുവരി 4 |
| ഫെബ്രുവരി | ജില്ലകളുടെ ചുമതലയുള്ള മന്ത്രിമാരുടെ നേതൃത്വത്തിൽ ജില്ലാതല യോഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുമായി യോഗം | ഫെബ്രുവരി 7 – 21 |
| ഫെബ്രുവരി | ഹെൽത്തി കേരള പരിശോധന<br><br>അങ്കണവാടികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വൃദ്ധസദനങ്ങൾ, കെയർ ഹോമുകൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ ശുചിത്വ പരിശോധന | ഫെബ്രുവരി 10 |
| ഫെബ്രുവരി | അതിദാരിദ്ര്യമുക്ത കുടുംബാംഗങ്ങൾക്കു വേണ്ടിയുള്ള JAK/UHWC തല സ്ക്രീനിംഗ് ക്യാമ്പ് | ഫെബ്രുവരി 10 – 25 |

| | | |
|---|---|---|
| ഫെബ്രുവരി | International Condom Day | ഫെബ്രുവരി 13 |
| ഫെബ്രുവരി | സംസ്ഥാനതല പൊതുജനാരോഗ്യ സമിതി യോഗം & ടാസ്ക് ഫോഴ്സ് യോഗം | ഫെബ്രുവരി 16 – ന് മുൻപ് |
| ഫെബ്രുവരി | ഹെൽത്തി കേരള പരിശോധന – ഭക്ഷണശാലകളിൽ ശുചിത്വ പരിശോധന | ഫെബ്രുവരി 17 |
| ഫെബ്രുവരി | ആരോഗ്യ ജാഗ്രതാ ഗൃഹസന്ദർശനം, ശുചിത്വ മാപ്പിംഗ്, | ഫെബ്രുവരി 17 – 28 |
| ഫെബ്രുവരി | പ്ലാന്റേഷൻ/കെട്ടിട നിർമ്മാണ മേഖലകളിലെ പ്രശ്നപരിഹാരത്തിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം | ഫെബ്രുവരി 19 – 24 |
| ഫെബ്രുവരി | വാർഡ്തല ആരോഗ്യ ശുചിത്വ പോഷണ സമിതി പുനഃസംഘടനാ യോഗം, വാർഡ്തല ആരോഗ്യ ജാഗ്രത യോഗം, ഹെൽത്ത് സ്ക്വാഡ് രൂപീകരണം, ആരോഗ്യ ജാഗ്രതാ ഗൃഹമസന്ദർശനം | ഫെബ്രുവരി 21 – മാർച്ച് 13 |
| ഫെബ്രുവരി | എന്റെ ക്ഷയരോഗമുക്ത കേരളം<br><br>ജില്ലാതല അവലോകന യോഗം | ഫെബ്രുവരി 21 –26 |
| ഫെബ്രുവരി | തോട്ടങ്ങളിലും നിർമ്മാണ സ്ഥലങ്ങളിലും അതിഥി തൊഴിലാളികളുടെ താമസ സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ & മൈഗ്രന്റ് സ്ക്രീനിംഗ് | ഫെബ്രുവരി അവസാന വാരം |
| മാർച്ച് | ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ ആചരണം – സ്കൂളുകളിൽ വെള്ളിയാഴ്ച, സ്ഥാപനങ്ങളിൽ ശനിയാഴ്ച, വീടുകളിൽ ഞായറാഴ്ച | പ്രതിവാരം |
| മാർച്ച് | ജലശുദ്ധീകരണ പ്രവർത്തനങ്ങൾ (ക്ലോറിനേഷൻ), ബോധവത്ക്കരണ ക്യാമ്പെയിൻ | മാർച്ച് |
| മാർച്ച് | മന്ത് രോഗികൾക്കുള്ള Morbidity Management കിറ്റുകളുടെ ലഭ്യത ഉറപ്പാക്കൽ, MMDP ക്ലിനിക്കുകളുടെ പ്രവർത്തന അവലോകനം. | മാർച്ച് ആദ്യ ആഴ്ച |

| | | |
|---|---|---|
| മാർച്ച് | പകർച്ചവ്യാധി റിപ്പോർട്ടിംഗ് ശക്തിപ്പെടുത്തുന്നതിനായി സ്വകാര്യ ആശുപത്രികൾ, ആയുഷ് വകുപ്പ് എന്നിവയുടെ യോഗം, നിലവിലെ പകർച്ചവ്യാധി റിപ്പോർട്ടിംഗ് യൂണിറ്റുകളുടെ ശാക്തീകരണം | മാർച്ച് |
| മാർച്ച് | അമീബിക് മസ്തിഷ്കജ്വരം – ബോധവത്ക്കരണ പ്രവർത്തനങ്ങൾ | മാർച്ച് – ഏപ്രിൽ |
| മാർച്ച് | ഈഡിസ് കൊതുകിന്റെ പ്രധാന ഉറവിടങ്ങളും വരണ്ട ഉറവിടങ്ങളും കണ്ടെത്തി നീക്കുന്ന പരിപാടി | മാർച്ച് 2 – 13 |
| മാർച്ച് | ലോക കേൾവി ദിനം | മാർച്ച് 03 |
| മാർച്ച് | അതിദാരിദ്ര്യമുക്ത കുടുംബാംഗങ്ങൾക്ക വേണ്ടിയുള്ള JAK/UHWC തല സ്ക്രീനിംഗ് ക്യാമ്പ് | മാർച്ച് 10 – 25 |
| മാർച്ച് | തദ്ദേശസ്വയംഭരണ സ്ഥാപനതല പൊതുജനാരോഗ്യ സമിതി യോഗം & ഏകാരോഗ്യ സമിതി യോഗം (പക്ഷിപ്പനി, ജപ്പാൻ ജ്വരം, വെസ്റ്റ്നൈൽ ഫീവർ, കാലാ – അസാർ) | മാർച്ച് രണ്ടാം വാരം |
| മാർച്ച് | ഹെൽത്തി കേരള പരിശോധന അങ്കണവാടികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വൃദ്ധസദനങ്ങൾ, കെയർ ഹോമുകൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ ശുചിത്വ പരിശോധന | മാർച്ച് 10 |
| മാർച്ച് | ലോക ഗ്ലോക്കോമ ദിനം | മാർച്ച് 12 |
| മാർച്ച് | വാർഡ്തല പരിപാടി – ഹെൽത്ത് സ്ക്വാഡ് അംഗങ്ങൾ വീടുകളും സ്ഥാപനങ്ങളും പൊതു സ്ഥലങ്ങളും സന്ദർശിച്ച് ഫീൽഡ് തല ശുചിത്വ ആരോഗ്യ പ്രവർത്തനങ്ങൾ നടത്തുന്നു. | മാർച്ച് 17 – 26 |
| മാർച്ച് | ഹെൽത്തി കേരള പരിശോധന– ഭക്ഷണശാലകളിൽ ശുചിത്വ പരിശോധന. | മാർച്ച് 17 |
| മാർച്ച് | ക്ഷയരോഗ വിരുദ്ധ വാരാചരണം | മാർച്ച് 17 – 24 |
| മാർച്ച് | ലോക വദനാരോഗ്യ ദിനം | മാർച്ച് 20 |
| മാർച്ച് | ലോക ക്ഷയരോഗ ദിനം | മാർച്ച് 24 |

| | | |
|---|---|---|
| മാർച്ച് | തോട്ടങ്ങളിലും നിർമ്മാണ സ്ഥലങ്ങളിലും അതിഥി തൊഴിലാളികളുടെ താമസ സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ & മൈഗ്രന്റ് സ്ക്രീനിംഗ് | മാർച്ച് അവസാന വാരം |
| ഏപ്രിൽ | ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ ആചരണം - സ്കൂളുകളിൽ വെള്ളിയാഴ്ച, സ്ഥാപനങ്ങളിൽ ശനിയാഴ്ച, വീടുകളിൽ ഞായറാഴ്ച | പ്രതിവാരം |
| ഏപ്രിൽ | എലിപ്പനി, ചെള്ളുപനി പ്രതിരോധ, നിയന്ത്രണ പ്രവർത്തനങ്ങൾ.<br>ബോധവത്ക്കരണ പരിപാടികൾ | ഏപ്രിൽ - ജൂലൈ |
| ഏപ്രിൽ | എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ അവലോകനം | ഏപ്രിൽ |
| ഏപ്രിൽ | കിണറുകൾ, ടാങ്കുകൾ തുടങ്ങിയവ കൊതുക കടക്കാതെ അടച്ചുസൂക്ഷിച്ചു എന്ന് ഉറപ്പ് വരുത്തുക | ഏപ്രിൽ |
| ഏപ്രിൽ | ജില്ലാതല പൊതുജനാരോഗ്യ സമിതി യോഗം, ഏകാരോഗ്യ സമിതി യോഗം (പക്ഷിപ്പനി, ജപ്പാൻ ജ്വരം, വെസ്റ്റ്നൈൽ ഫീവർ, കാലാ - അസാർ) & ജില്ലാതല ടാസ്ക് ഫോഴ്സ് യോഗം | ഏപ്രിൽ ആദ്യവാരം |
| ഏപ്രിൽ | ആരോഗ്യജാഗ്രതാ അവലോകന യോഗങ്ങൾ | ഏപ്രിൽ 6 - 10 |
| ഏപ്രിൽ | ലോകാരോഗ്യ ദിനാചരണം | ഏപ്രിൽ 7 |
| ഏപ്രിൽ | ഈഡിസ് കൊതുകിന്റെ പ്രധാന ഉറവിടങ്ങളും വരണ്ട ഉറവിടങ്ങളും കണ്ടെത്തി നീക്കം ചെയ്യുന്ന പരിപാടി | ഏപ്രിൽ 8 - 13 |
| ഏപ്രിൽ | അതിദാരിദ്ര്യമുക്ത കുടുംബാംഗങ്ങൾക്കു വേണ്ടിയുള്ള JAK/UHWC തല സ്ക്രീനിംഗ് ക്യാമ്പ് | ഏപ്രിൽ 10 - 25 |
| ഏപ്രിൽ | ആരോഗ്യ സ്ഥാപന/ആശുപത്രി ശുചീകരണം | ഏപ്രിൽ 13 |
| ഏപ്രിൽ | സ്ഥാപനങ്ങളിൽ ശുചീകരണം | ഏപ്രിൽ 13 |
| ഏപ്രിൽ | വീടുകളിൽ ശുചീകരണം | ഏപ്രിൽ 13 |

| | | |
|---|---|---|
| ഏപ്രിൽ | ഹെൽത്തി കേരള പരിശോധന<br>അങ്കണവാടികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വൃദ്ധസദനങ്ങൾ, കെയർ ഹോമുകൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ ശുചിത്വ പരിശോധന | ഏപ്രിൽ 13 |
| ഏപ്രിൽ | സംസ്ഥാനതല പൊതുജനാരോഗ്യ സമിതി യോഗം & ടാസ്ക് ഫോഴ്സ് യോഗം | ഏപ്രിൽ 16 – ന് മുൻപ് |
| ഏപ്രിൽ | ജലദൗർലഭ്യം ഉള്ള സ്ഥലങ്ങളിൽ പ്രവർത്തനങ്ങൾ ബോധവത്ക്കരണ ക്യാമ്പെയിൻ (ജലജന്യ രോഗങ്ങൾ, കൊതുകജന്യ രോഗങ്ങൾ) | ഏപ്രിൽ 17 – 18 |
| ഏപ്രിൽ | ഹെൽത്തി കേരള പരിശോധന – ഭക്ഷണശാലകളിൽ ശുചിത്വ പരിശോധന | ഏപ്രിൽ 21 |
| ഏപ്രിൽ | അഗ്നി സുരക്ഷാ വാരാചരണം | ഏപ്രിൽ 21 – 25 |
| ഏപ്രിൽ | തോട്ടങ്ങളിലേയ്ക്ക് നീങ്ങാം പരിപാടി | ഏപ്രിൽ 23, 24 |
| ഏപ്രിൽ | ചികിത്സാ മാർഗരേഖ – സർക്കാർ/സ്വകാര്യ ആരോഗ്യ കേന്ദ്രങ്ങൾ/ക്ലിനിക്കുകൾ എന്നിവിടങ്ങളിൽ ഉണ്ടെന്ന് ഉറപ്പാക്കുക. | ഏപ്രിൽ 24 – 27 |
| ഏപ്രിൽ | ലോക മലമ്പനി ദിനാചരണം | ഏപ്രിൽ 25 |
| ഏപ്രിൽ | Pandemic preparedness mockdrill | ഏപ്രിൽ 27 – മെയ് 02 |
| ഏപ്രിൽ | തോട്ടങ്ങളിലും നിർമ്മാണ സ്ഥലങ്ങളിലും അതിഥി തൊഴിലാളികളുടെ താമസ സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ & മൈഗ്രന്റ് സ്ക്രീനിംഗ് | ഏപ്രിൽ അവസാന വാരം |
| ഏപ്രിൽ | പൊതുസ്ഥല ശുചീകരണ പരിപാടി | ഏപ്രിൽ 29, 30 |
| ഏപ്രിൽ | ലോക പ്രതിരോധ ചികിത്സാ വാരാചരണം | ഏപ്രിൽ അവസാന വാരം |
| മെയ് | ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ ആചരണം – സ്കൂളുകളിൽ വെള്ളിയാഴ്ച, സ്ഥാപനങ്ങളിൽ ശനിയാഴ്ച, വീടുകളിൽ ഞായറാഴ്ച | പ്രതിവാരം |
| മെയ് | ആന്റിവെനം, IDRV, മരുന്നുകൾ, ORS, ബ്ലീച്ചിംഗ് പൗഡർ, മറ്റ് അവശ്യ സാധനങ്ങൾ എന്നിവയുടെ ലഭ്യത ഉറപ്പാക്കൽ | മെയ് |

| | | |
|---|---|---|
| മെയ് | തദ്ദേശ സ്വയംഭരണ സ്ഥാപനതല ക്ലാസ്സ്<br>ദേശീയ ഗ്രാമീണ തൊഴിൽ പദ്ധതി - MG NREG മേറ്റ് & ഹരിതകർമ്മസേന<br>ഡോക്സി പ്രൊഫൈലാക്സിസ് | മെയ് |
| മെയ് | ദുരന്ത നിവാരണ തയ്യാറെടുക്കൽ<br>(പ്രവർത്തനങ്ങൾ പേജ് നമ്പർ 18-23 വരെ ഉൾപ്പെടുത്തിയിട്ടുണ്ട്.) | മെയ് 02 - 14 |
| മെയ് | Resensitisation of all staff on pre-mansoon preparedness (online/Offline) | മെയ് 02 - 15 |
| മെയ് | മഴക്കാലപൂർവ്വ പ്രതിരോധ പ്രവർത്തനങ്ങളുടെ അവലോകന യോഗവും തുടർ പ്രവർത്തനങ്ങളുടെ ആസൂത്രണവും (തദ്ദേശ സ്വയംഭരണ സ്ഥാപനതലം) | മെയ് 5 -11 |
| മെയ് | സ്ഥാപനങ്ങൾ/പൊതുസ്ഥലങ്ങൾ/പൊതു ജലാശയങ്ങൾ എന്നിവയുടെ ശുചീകരണ പ്രവർത്തനം | മെയ് 7 -11 |
| മെയ് | നഗര പ്രദേശങ്ങളിൽ ഊർജ്ജിത സാംക്രമിക രോഗപ്രതിരോധ നിയന്ത്രണ പരിപാടി | മെയ് 8 - 14 |
| മെയ് | അംഗനവാടി ജീവനക്കാരുടെ പ്രൊജക്ട്തല യോഗത്തിൽ ക്ലാസ്സ് - പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനം | മെയ് 11 - 20 |
| മെയ് | അതിദാരിദ്യമുക്ത കുടുംബാംഗങ്ങൾക്ക വേണ്ടിയുള്ള JAK/UHWC തല സ്ക്രീനിംഗ് ക്യാമ്പ് | മെയ് 11 - 25 |
| മെയ് | ഹെൽത്തി കേരള പരിശോധന<br>അങ്കണവാടികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വൃദ്ധസദനങ്ങൾ, കെയർ ഹോമുകൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ ശുചിത്വ പരിശോധന | മെയ് 12 |
| മെയ് | സ്കൂൾ സന്ദർശനം - ശുചീകരണം, ക്ലോറിനേഷൻ എന്നിവ ഉറപ്പാക്കൽ | മെയ് 15 - 30 |

| | | |
|---|---|---|
| മെയ് | ദേശീയ ഡെങ്കിപ്പനി ദിനാചരണം | മെയ് 16 |
| മെയ് | നിപ്പ വൈറസ്- പ്രതിരോധ, ബോധവൽക്കരണ പ്രവർത്തനങ്ങൾ<br><br>ആശുപത്രികളിൽ അണുനശീകരണവുമായി ബന്ധപ്പെട്ട് ജീവനക്കാർക്കുള്ള പരിശീലനം. | മെയ് 18 - 21 |
| മെയ് | ഹെൽത്തി കേരള പരിശോധന - ഭക്ഷണശാലകളിൽ ശുചിത്വ പരിശോധന. | മെയ് 19 |
| മെയ് | ഗാർഹിക/പൊതുസ്ഥല ഉറവിട നശീകരണ പ്രവർത്തനങ്ങളും ഈഡിസ് കൊതുകുസാന്ദ്രത കൂടിയ പ്രദേശങ്ങളിൽ ജനപങ്കാളിത്തത്തോടെ സംയോജിത കൊതുക് നിയന്ത്രണവും | മെയ് 20, 21, 22 |
| മെയ് | തോട്ടങ്ങളിലും നിർമ്മാണ സ്ഥലങ്ങളിലും അതിഥി തൊഴിലാളികളുടെ താമസ സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ & മൈഗ്രന്റ് സ്ക്രീനിംഗ് | മെയ് അവസാന വാരം |
| മെയ് | ജല ശുദ്ധീകരണ (ക്ലോറിനേഷൻ)/ബോധവത്ക്കരണ പരിപാടി | മെയ് 29 - ജൂൺ 10 |
| മെയ് | ലോക പുകയില രഹിത ദിനം | മെയ് 31 |
| മെയ് | ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ ആചരണം - സ്കൂളുകളിൽ വെള്ളിയാഴ്ച, സ്ഥാപനങ്ങളിൽ ശനിയാഴ്ച, വീടുകളിൽ ഞായറാഴ്ച | പ്രതിവാരം |
| മെയ് | സംസ്ഥാന/ജില്ലാ/പ്രാദേശിക പൊതുജനാരോഗ്യ സമിതി യോഗങ്ങൾ | മെയ് 31-ന് മുൻപ് |
| ജൂൺ | ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ ആചരണം - സ്കൂളുകളിൽ വെള്ളിയാഴ്ച, സ്ഥാപനങ്ങളിൽ ശനിയാഴ്ച, വീടുകളിൽ ഞായറാഴ്ച | പ്രതിവാരം |
| ജൂൺ | STOP DIARRHOEA Campaign പ്രവർത്തനങ്ങൾ | ജൂൺ - ആഗസ്റ്റ് |
| ജൂൺ | മലമ്പനി വിരുദ്ധ മാസാചരണം | ജൂൺ |
| ജൂൺ | സ്കൂൾ പി.ടി.എ. യോഗങ്ങളിൽ പകർച്ചവ്യാധി പ്രതിരോധം/ WIFS പ്രോഗ്രാം ബോധവത്ക്കരണ ക്ലാസ്സ് | ജൂൺ |

| | | |
|---|---|---|
| ജൂൺ | ആരോഗ്യ സ്ഥാപനങ്ങളിലെ OP waiting area-ൽ പകർച്ചവ്യാധി പ്രതിരോധ ബോധവത്ക്കരണ സന്ദേശങ്ങളുടെ Print/TV/PA system സന്ദേശം ഉറപ്പാക്കൽ | ജൂൺ |
| ജൂൺ | രോഗ നിരീക്ഷണം, നിയന്ത്രണം, ചികിത്സ, ഔട്ട്ബ്രേക്ക് ഇൻവെസ്റ്റിഗേഷൻ, തുടങ്ങിയവ ഊർജ്ജിതപ്പെടുത്തുന്നു | ജൂൺ 1 മുതൽ |
| ജൂൺ | യുവജാഗരൺ - സ്കൂൾ /കോളേജ് വിദ്യാർത്ഥികൾക്കുള്ള മത്സരങ്ങൾ | ജൂൺ - ജൂലൈ |
| ജൂൺ | ലോക പരിസ്ഥിതി ദിനം | ജൂൺ 5 |
| ജൂൺ | തദ്ദേശസ്വയംഭരണ സ്ഥാപനതല പൊതുജനാരോഗ്യ സമിതി യോഗം &<br>ഏകാരോഗ്യ സമിതി യോഗം (പക്ഷിപ്പനി, ജപ്പാൻ ജ്വരം, വെസ്റ്റ്നൈൽ ഫീവർ, കാലാ - അസാർ) | ജൂൺ രണ്ടാം വാരം |
| ജൂൺ | ഒ.ആർ.ടി. വാരാചരണം | ജൂൺ രണ്ടാം വാരം |
| ജൂൺ | ഹെൽത്തി കേരള പരിശോധന<br>അങ്കണവാടികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വൃദ്ധസദനങ്ങൾ, കെയർ ഹോമുകൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ ശുചിത്വ പരിശോധന | ജൂൺ 09 |
| ജൂൺ | അതിദാരിദ്ര്യമുക്ത കുടുംബാംഗങ്ങൾക്ക വേണ്ടിയുള്ള JAK/UHWC തല സ്ക്രീനിംഗ് ക്യാമ്പ് | ജൂൺ 10 - 26 |
| ജൂൺ | കുടിവെള്ള സ്രോതസ്സുകളുടെ ക്ലോറിനേഷൻ പ്രവർത്തനങ്ങൾ | ജൂൺ 12, 15 |
| ജൂൺ | ഹെൽത്തി കേരള പരിശോധന - ഭക്ഷണശാലകളിൽ ശുചിത്വ പരിശോധന. | ജൂൺ 16 |
| ജൂൺ | അന്തർദേശീയ യോഗാ ദിനം | ജൂൺ 21 |
| ജൂൺ | ലോക ലഹരി വിരുദ്ധ ദിനം | ജൂൺ 26 |

| | | |
|---|---|---|
| ജൂൺ | തോട്ടങ്ങളിലും നിർമ്മാണ സ്ഥലങ്ങളിലും അതിഥി തൊഴിലാളികളുടെ താമസ സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ & മൈഗ്രന്റ് സ്ക്രീനിംഗ് | ജൂൺ അവസാന വാരം |
| ജൂലൈ | Grade 1&2 വൈകല്യമുള്ള കുഷ്ഠരോഗികൾക്ക് അസിസ്റ്റഡ് ഡിവൈസ്/ എം.സി.ആർ പാദരക്ഷകൾ/സെൽഫ് കെയർ കിറ്റ് വിതരണം | ജൂലൈ – ആഗസ്റ്റ് |
| ജൂലൈ | ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ ആചരണം – സ്കൂളുകളിൽ വെള്ളിയാഴ്ച, സ്ഥാപനങ്ങളിൽ ശനിയാഴ്ച, വീടുകളിൽ ഞായറാഴ്ച | പ്രതിവാരം |
| ജൂലൈ | ജില്ലാതല പൊതുജനാരോഗ്യ സമിതി യോഗം, ഏകാരോഗ്യ സമിതി യോഗം (പക്ഷിപ്പനി, ജപ്പാൻ ജ്വരം, വെസ്റ്റ്നൈൽ ഫീവർ, കാലാ – അസാർ) & ജില്ലാതല ടാസ്ക് ഫോഴ്സ് യോഗം | ജൂലൈ ആദ്യവാരം |
| ജൂലൈ | ഡെങ്കിപ്പനി വിരുദ്ധ മാസാചരണം | ജൂലൈ |
| ജൂലൈ | ദേശീയ ഡോക്ടർ ദിനം | ജൂലൈ 1 |
| ജൂലൈ | ലോക ജന്തുജന്യ രോഗ ദിനം | ജൂലൈ 6 |
| ജൂലൈ | സ്കൂൾതല പകർച്ചവ്യാധി പ്രതിരോധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ | ജൂലൈ 09, 10 |
| ജൂലൈ | അതിദാരിദ്ര്യമുക്ത കുടുംബാംഗങ്ങൾക്കു വേണ്ടിയുള്ള JAK/UHWC തല സ്ക്രീനിംഗ് ക്യാമ്പ് | ജൂലൈ 10 – 25 |
| ജൂലൈ | ലോക ജനസംഖ്യാ ദിനം | ജൂലൈ 11 |
| ജൂലൈ | ഹെൽത്തി കേരള പരിശോധന<br>അങ്കണവാടികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വൃദ്ധസദനങ്ങൾ, കെയർ ഹോമുകൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ ശുചിത്വ പരിശോധന | ജൂലൈ 14 |
| ജൂലൈ | സംസ്ഥാനതല പൊതുജനാരോഗ്യ സമിതി യോഗം & ടാസ്ക് ഫോഴ്സ് യോഗം | ജൂലൈ 15 – ന് മുൻപ് |
| ജൂലൈ | ഹെൽത്തി കേരള പരിശോധന – ഭക്ഷണശാലകളിൽ ശുചിത്വ പരിശോധന | ജൂലൈ 21 |

| | | |
|---|---|---|
| ജൂലൈ | വീടുകൾ, സ്ഥാപനങ്ങൾ, തോട്ടങ്ങൾ, നിർമ്മാണ സ്ഥലങ്ങൾ, അതിഥി തൊഴിലാളി താമസ/ജോലി സ്ഥലങ്ങൾ - പൊതുജനാരോഗ്യ പരിശോധന | ജൂലൈ 27 |
| ജൂലൈ | ലോക ഹെപ്പറ്റൈറ്റിസ് ദിനാചരണം - ബോധവത്ക്കരണ ക്യാമ്പെയിൻ | ജൂലൈ 28 |
| ജൂലൈ | ഒ.ആർ.എസ്. ദിനാചരണം | ജൂലൈ 29 |
| ജൂലൈ | തോട്ടങ്ങളിലും നിർമ്മാണ സ്ഥലങ്ങളിലും അതിഥി തൊഴിലാളികളുടെ താമസ സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ & മൈഗ്രന്റ് സ്ക്രീനിംഗ് | ജൂലൈ അവസാന വാരം |
| ആഗസ്റ്റ് | ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ ദിനാചരണം - സ്കൂളുകളിൽ വെള്ളിയാഴ്ച, സ്ഥാപനങ്ങളിൽ ശനിയാഴ്ച, വീടുകളിൽ ഞായറാഴ്ച | പ്രതിവാരം |
| ആഗസ്റ്റ് | മന്ത് രോഗികൾക്കുള്ള Morbidity Management കിറ്റുകളുടെ ലഭ്യത ഉറപ്പാക്കൽ, MMDP ക്ലിനിക്കുകളുടെ പ്രവർത്തന അവലോകനം. | ആഗസ്റ്റ് |
| ആഗസ്റ്റ് | International Indigenous Peoples Day | ആഗസ്റ്റ് 9 |
| ആഗസ്റ്റ് | അതിദാരിദ്ര്യമുക്ത കുടുംബാംഗങ്ങൾക്കു വേണ്ടിയുള്ള JAK/UHWC തല സ്ക്രീനിംഗ് ക്യാമ്പ് | ആഗസ്റ്റ് 10 - 24 |
| ആഗസ്റ്റ് | ഹെൽത്തി കേരള പരിശോധന<br>അങ്കണവാടികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വൃദ്ധസദനങ്ങൾ, കെയർ ഹോമുകൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ ശുചിത്വ പരിശോധന | ആഗസ്റ്റ് 11 |
| ആഗസ്റ്റ് | International Youth Day & Launch of IEC Campaign (HIV/AIDS) | ആഗസ്റ്റ് 12 - ഒക്ടോബർ 12 |
| ആഗസ്റ്റ് | എലിപ്പനി പ്രതിരോധ നിയന്ത്രണ ബോധവത്ക്കരണ ക്യാമ്പെയിൻ | ആഗസ്റ്റ് 13, 14 |
| ആഗസ്റ്റ് | ഹെൽത്തി കേരള പരിശോധന - ഭക്ഷണശാലകളിൽ ശുചിത്വ പരിശോധന | ആഗസ്റ്റ് 18 |

| | | |
|---|---|---|
| ആഗസ്റ്റ് | ലോക കൊതുക് ദിനാചരണം | ആഗസ്റ്റ് 20 |
| ആഗസ്റ്റ് | മലമ്പനി നിവാരണവുമായി ബന്ധപ്പെട്ട് ആക്ടീവ് & ആക്ടീവ് റസിഡുവൽ ഫോക്കൈ പ്രദേശങ്ങളിൽ പ്രവർത്തനങ്ങളുടെ അവലോകനവും തുടർ നടപടികളും അനോഫിലസ് കൊതുക് - പ്രത്യേക നിരീക്ഷണവും നിയന്ത്രണവും | ആഗസ്റ്റ് 21, 22 |
| ആഗസ്റ്റ് | നേത്രദാന പക്ഷാചരണം | ആഗസ്റ്റ് 25 - സെപ്റ്റംബർ 08 |
| ആഗസ്റ്റ് | തോട്ടങ്ങളിലും നിർമ്മാണ സ്ഥലങ്ങളിലും അതിഥി തൊഴിലാളികളുടെ താമസ സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ & മൈഗ്രന്റ് സ്ക്രീനിംഗ് | ആഗസ്റ്റ് അവസാന വാരം |
| സെപ്റ്റംബർ | ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ ആചരണം - സ്കൂളുകളിൽ വെള്ളിയാഴ്ച, സ്ഥാപനങ്ങളിൽ ശനിയാഴ്ച, വീടുകളിൽ ഞായറാഴ്ച | പ്രതിവാരം |
| സെപ്റ്റംബർ | ആരോഗ്യ സ്ഥാപനതല അവലോകന യോഗങ്ങൾ | സെപ്റ്റംബർ 1 - 3 |
| സെപ്റ്റംബർ | അതിഥി സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പരിരക്ഷ അവലോകനം | സെപ്റ്റംബർ 8 - 14 |
| സെപ്റ്റംബർ | ഹെൽത്തി കേരള പരിശോധന<br>അങ്കണവാടികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വൃദ്ധസദനങ്ങൾ, കെയർ ഹോമുകൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ ശുചിത്വ പരിശോധന | സെപ്റ്റംബർ 8 |
| സെപ്റ്റംബർ | അതിദാരിദ്ര്യമുക്ത കുടുംബാംഗങ്ങൾക്ക വേണ്ടിയുള്ള JAK/UHWC തല സ്ക്രീനിംഗ് ക്യാമ്പ് | സെപ്റ്റംബർ 10 - 25 |
| സെപ്റ്റംബർ | തദ്ദേശസ്വയംഭരണ സ്ഥാപനതല പൊതുജനാരോഗ്യ സമിതി യോഗം &<br>ഏകാരോഗ്യ സമിതി യോഗം (പക്ഷിപ്പനി, ജപ്പാൻ ജ്വരം, വെസ്റ്റ്നൈൽ ഫീവർ, കാലാ - അസാർ) | സെപ്റ്റംബർ രണ്ടാം വാരം |
| സെപ്റ്റംബർ | ഹെൽത്തി കേരള പരിശോധന - ഭക്ഷണശാലകളിൽ ശുചിത്വ പരിശോധന | സെപ്റ്റംബർ 15 |

| | | |
|---|---|---|
| സെപ്റ്റംബർ | പേവിഷബാധ ദിനാചരണം, ബോധവത്ക്കരണ ക്യാമ്പയിൻ | സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 4 വരെ |
| സെപ്റ്റംബർ | ലോക ഹൃദയദിനം | സെപ്റ്റംബർ 29 |
| സെപ്റ്റംബർ | കൊതുകുകളുടെ ജൈവിക നിയന്ത്രണ ക്യാമ്പെയിൻ | സെപ്റ്റംബർ 29, 30 |
| സെപ്റ്റംബർ | തോട്ടങ്ങളിലും നിർമ്മാണ സ്ഥലങ്ങളിലും അതിഥി തൊഴിലാളികളുടെ താമസ സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ & മൈഗ്രന്റ് സ്ക്രീനിംഗ് | സെപ്റ്റംബർ അവസാന വാരം |
| സെപ്റ്റംബർ | സംസ്ഥാന/ജില്ലാ/പ്രാദേശിക പൊതുജനാരോഗ്യ സമിതി യോഗങ്ങൾ | സെപ്റ്റംബർ 30–ന മുൻപ് |
| ഒക്ടോബർ | ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ ആചരണം – സ്കൂളുകളിൽ വെള്ളിയാഴ്ച, സ്ഥാപനങ്ങളിൽ ശനിയാഴ്ച, വീടുകളിൽ ഞായറാഴ്ച | പ്രതിവാരം |
| ഒക്ടോബർ | ജില്ലാതല പൊതുജനാരോഗ്യ സമിതി യോഗം, ഏകാരോഗ്യ സമിതി യോഗം (പക്ഷിപ്പനി, ജപ്പാൻ ജ്വരം, വെസ്റ്റ്നൈൽ ഫീവർ, കാലാ – അസാർ) & ജില്ലാതല ടാസ്ക് ഫോഴ്സ് യോഗം | ഒക്ടോബർ ആദ്യവാരം |
| ഒക്ടോബർ | അക്ഷയകേരളം ക്യാമ്പയിൻ | ഒക്ടോബർ– നവംബർ |
| ഒക്ടോബർ | വയോജന ദിനം | ഒക്ടോബർ 1 |
| ഒക്ടോബർ | ഗാന്ധിജയന്തിയോടനുബന്ധിച്ച് ശുചീകരണം | ഒക്ടോബർ 2– 5 |
| ഒക്ടോബർ | ലോക കാഴ്ച ദിനം | ഒക്ടോബർ 8 |
| ഒക്ടോബർ | അതിദാരിദ്ര്യമുക്ത കുടുംബാംഗങ്ങൾക്കു വേണ്ടിയുള്ള JAK/UHWC തല സ്ക്രീനിംഗ് ക്യാമ്പ് | ഒക്ടോബർ 12 – 25 |
| ഒക്ടോബർ | ശബരിമല തീർത്ഥാടനം – മുന്നൊരുക്ക പ്രവർത്തനങ്ങൾ | ഒക്ടോബർ 12 – നവംബർ 10 |
| ഒക്ടോബർ | ഹെൽത്തി കേരള പരിശോധന അങ്കണവാടികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വൃദ്ധസദനങ്ങൾ, കെയർ ഹോമുകൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ ശുചിത്വ പരിശോധന | ഒക്ടോബർ 13 |

| | | |
|---|---|---|
| ഒക്ടോബർ | സംസ്ഥാനതല പൊതുജനാരോഗ്യ സമിതി യോഗം & ടാസ്ക് ഫോഴ്സ് യോഗം | ഒക്ടോബർ 15 – ന് മുൻപ് |
| ഒക്ടോബർ | ആഗോള കൈകഴുകൽ ദിനാചരണം | ഒക്ടോബർ 15 |
| ഒക്ടോബർ | കിണറുകൾ, ടാങ്കുകൾ തുടങ്ങിയവ കൊതുക കടക്കാതെ അടച്ചുസൂക്ഷിക്കൽ | ഒക്ടോബർ 17–23 |
| ഒക്ടോബർ | ഹെൽത്തി കേരള പരിശോധന – ഭക്ഷണശാലകളിൽ ശുചിത്വ പരിശോധന | ഒക്ടോബർ 19 |
| ഒക്ടോബർ | കുടിവെള്ള സ്രോതസ്സുകളുടെ ക്ലോറിനേഷൻ പ്രവർത്തനങ്ങൾ | ഒക്ടോബർ 26 – 30 |
| ഒക്ടോബർ | വീടുകൾ, സ്ഥാപനങ്ങൾ, തോട്ടങ്ങൾ, നിർമ്മാണ സ്ഥലങ്ങൾ, അതിഥി സംസ്ഥാന തൊഴിലാളി താമസ/ജോലി സ്ഥലങ്ങൾ – പൊതുജനാരോഗ്യ പരിശോധന | ഒക്ടോബർ 28 |
| ഒക്ടോബർ | ലോക പക്ഷാഘാത ദിനം | ഒക്ടോബർ 29 |
| ഒക്ടോബർ | തോട്ടങ്ങളിലും നിർമ്മാണ സ്ഥലങ്ങളിലും അതിഥി തൊഴിലാളികളുടെ താമസ സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ & മൈഗ്രന്റ് സ്ക്രീനിംഗ് | ഒക്ടോബർ അവസാന വാരം |
| നവംബർ | ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ ആചരണം – സ്കൂളുകളിൽ വെള്ളിയാഴ്ച, സ്ഥാപനങ്ങളിൽ ശനിയാഴ്ച, വീടുകളിൽ ഞായറാഴ്ച | പ്രതിവാരം |
| നവംബർ | 11 എൻഡെമിക് ജില്ലകളിൽ (പത്തനംതിട്ട, ഇടുക്കി, വയനാട്, ഒഴികെ) പോസ്റ്റ് എം.ഡി.എ. സർവൈലൻസ് പ്രവർത്തനങ്ങൾ | നവംബർ |
| നവംബർ | ഏകാരോഗ്യം – ബോധവത്ക്കരണ പക്ഷാചരണം | നവംബർ 3 മുതൽ |
| നവംബർ | എലിപ്പനി പ്രതിരോധ നിയന്ത്രണ ബോധവത്ക്കരണ പരിപാടി | നവംബർ 5–7 |
| നവംബർ | ലോക പ്രതിരോധ ചികിത്സാ ദിനം | നവംബർ 10 |

| | | |
|---|---|---|
| നവംബർ | അതിദാരിദ്ര്യമുക്ത കുടുംബാംഗങ്ങൾക്കു വേണ്ടിയുള്ള JAK/UHWC തല സ്ക്രീനിംഗ് ക്യാമ്പ് | നവംബർ 10 – 25 |
| നവംബർ | ഹെൽത്തി കേരള പരിശോധന<br>അങ്കണവാടികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വൃദ്ധസദനങ്ങൾ, കെയർ ഹോമുകൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ ശുചിത്വ പരിശോധന | നവംബർ 10 |
| നവംബർ | മന്തുരോഗ വിരുദ്ധ ദിനം | നവംബർ 11 |
| നവംബർ | കുടിവെള്ള സ്രോതസ്സുകളുടെ ക്ലോറിനേഷൻ പരിപാടി | നവംബർ 13–16 |
| നവംബർ | ലോക പ്രമേഹദിനം | നവംബർ 14 |
| നവംബർ | ഹെൽത്തി കേരള പരിശോധന – ഭക്ഷണശാലകളിൽ ശുചിത്വ പരിശോധന. | നവംബർ 17 |
| നവംബർ | ലോക ആന്റി മൈക്രോബിയൽ ബോധവത്ക്കരണ വാരം | നവംബർ 18 – 24 |
| നവംബർ | തോട്ടങ്ങളിലും നിർമ്മാണ സ്ഥലങ്ങളിലും അതിഥി തൊഴിലാളികളുടെ താമസ സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ & മൈഗ്രന്റ് സ്ക്രീനിംഗ് | നവംബർ അവസാന വാരം |
| ഡിസംബർ | ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ ആചരണം – സ്കൂളുകളിൽ വെള്ളിയാഴ്ച, സ്ഥാപനങ്ങളിൽ ശനിയാഴ്ച, വീടുകളിൽ ഞായറാഴ്ച | പ്രതിവാരം |
| ഡിസംബർ | 2026–ലെ പകർച്ചവ്യാധി വിവരങ്ങളുടെ വിലയിരുത്തൽ, ജില്ലാതല യോഗങ്ങൾ, തയ്യാറെടുപ്പ് | ഡിസംബർ |
| ഡിസംബർ | ലോക എയ്ഡ്സ് ദിനം | ഡിസംബർ 1 |
| ഡിസംബർ | ഹെൽത്തി കേരള പരിശോധന<br>അങ്കണവാടികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വൃദ്ധസദനങ്ങൾ, കെയർ ഹോമുകൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ ശുചിത്വ പരിശോധന | ഡിസംബർ 8 |
| ഡിസംബർ | അതിദാരിദ്ര്യമുക്ത കുടുംബാംഗങ്ങൾക്കു വേണ്ടിയുള്ള JAK/UHWC തല സ്ക്രീനിംഗ് ക്യാമ്പ് | ഡിസംബർ 10 – 24 |

| | | |
|---|---|---|
| ഡിസംബർ | തദ്ദേശസ്വയംഭരണ സ്ഥാപനതല പൊതുജനാരോഗ്യ സമിതി യോഗം<br>&<br>ഏകാരോഗ്യ സമിതി യോഗം (പക്ഷിപ്പനി, ജപ്പാൻ ജ്വരം, വെസ്റ്റ്നൈൽ ഫീവർ, കാലാ - അസാർ) | ഡിസംബർ രണ്ടാം വാരം |
| ഡിസംബർ | സംയോജിത കൊതുക് നിയന്ത്രണ ക്യാമ്പയിൻ | ഡിസംബർ 15-21 |
| ഡിസംബർ | ഹെൽത്തി കേരള പരിശോധന - ഭക്ഷണശാലകളിൽ ശുചിത്വ പരിശോധന | ഡിസംബർ 15 |
| ഡിസംബർ | തോട്ടങ്ങളിലും നിർമ്മാണ സ്ഥലങ്ങളിലും അതിഥി തൊഴിലാളികളുടെ താമസ സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ & മൈഗ്രന്റ് സ്ക്രീനിംഗ് | ഡിസംബർ അവസാന വാരം |
| ഡിസംബർ | സംസ്ഥാന/ജില്ലാ/പ്രാദേശിക പൊതുജനാരോഗ്യ സമിതി യോഗങ്ങൾ | ഡിസംബർ 31-നു മുൻപ് |

## ദുരന്ത നിവാരണത്തിനുള്ള ഓറഞ്ച് പുസ്തകം 2025

(പേജ് നം. 190 മുതൽ 197 വരെ)

<u>കാലവർഷ – തുലാവർഷ മുന്നൊരുക്ക ദുരന്ത പ്രതികരണ മാർഗ്ഗരേഖ പ്രകാരം ആരോഗ്യവകുപ്പ് നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ</u>

1. എല്ലാ പ്രാഥമിക/സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും, താലൂക്ക് / ജില്ലാ ആശുപത്രികളിലും മഴക്കാല പകർച്ച വ്യാധികൾ തടയുന്നതിനുള്ള മാർഗ്ഗരേഖ ഉണ്ടായിരിക്കേണ്ടതാണ്.

2. ദുരിതാശ്വാസ ക്യാമ്പുകളിൽ ആരോഗ്യ സംരക്ഷണത്തിനുള്ള നടപടികൾ സ്വീകരിക്കുക. ക്യാമ്പിൽ JHI, JPHN എന്നിവരുടെ സേവനം ഉറപ്പ് വരുത്തുക.

3. ദുരിതാശ്വാസ ക്യാമ്പുകളിൽ പാലിക്കേണ്ട ആരോഗ്യ പരിപാലന നടപടികൾ പ്രത്യേകമായി പുറപ്പെടുവിക്കുക.

4. മഴക്കാല രോഗങ്ങൾക്ക് ആവശ്യമായ മരുന്നുകൾ എല്ലാ സർക്കാർ ആശുപത്രികളിലും ഉണ്ട് എന്ന് ഉറപ്പ വരുത്തുക.

5. മഴക്കാലത്ത് പാമ്പ്കടിയുടെ സാധ്യത വർദ്ധിക്കും എന്നതിനാൽ, പാമ്പ്കടിയുടെ ചികിത്സയ്ക്കായി നിർണ്ണയിച്ചിട്ടുള്ള എല്ലാ ആശുപത്രികളിലും അതാത് പ്രദേശത്തെ പാമ്പകടിയുടെ മുൻകാല ചരിത്രം പരിശോധിച്ച് ആവശ്യമായ ആന്റിവെനം കരുതുക.

6. ജില്ലയിലെ എല്ലാ ആശുപത്രികളുടെയും ഫിറ്റ്നസ് തദ്ദേശ സ്വയംഭരണ പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയറെക്കൊണ്ട് അതാത് തദ്ദേശ സ്ഥാപനങ്ങൾ പരിശോധിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുക. ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടങ്ങൾ ആശുപത്രി നടത്തുവാൻ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുക. പ്രധാനമായും മഴക്കാലത്തിന് മുൻപായി ആശുപത്രിയുടെ ഘടനാത്മക സുരക്ഷ (Structural Safety) ഉറപ്പ് വരുത്തുന്നതിനായി ആശുപത്രിയുടെ ഭിത്തികൾ, മേൽക്കൂരകൾ, പാരപ്പറ്റുകൾ തുടങ്ങിയവ പരിശോധിക്കുകയും ആവശ്യമായ പക്ഷം അടിയന്തരമായിട്ടുള്ള അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുക. ഇതിനൊപ്പം തന്നെ പൊട്ടലുകൾ ഉണ്ടെങ്കിൽ അവ അടക്കുകയും മേൽക്കൂരകളിലും പുറംഭിത്തികളിലും വാട്ടർപ്രൂഫിംഗ് ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.

7. GO(Rt) No.414/2021 DMD dated 13.05.2021 (https://sdma.kerala.gov.in/wp – content/uploads/2021/05/Rapid-Safety-Audit-GO May-21.pdf) പ്രകാരം ജില്ലയിലെ എല്ലാ ആശുപത്രികളുടെയും സുരക്ഷാ സംവിധാനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുക. ഇതിനായി അഗ്നിരക്ഷാ സേനക്ക് ആവശ്യമായ നിർദ്ദേശം നൽകുക. അഗ്നിരക്ഷാ വകുപ്പിന്റെ എൻ.ഒ.സി. ഇല്ലാത്ത കെട്ടിടങ്ങൾ ആശുപത്രി നടത്തുവാൻ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുക.

ദുരന്ത നിവാരണ നിയമം Section 30(2) (xxiii) പ്രകാരം ഇതിനുള്ള നിർദ്ദേശം പുറപ്പെടുവിക്കുക. പ്രസ്തുത നിർദ്ദേശം അനുസരിക്കാത്തവർ ദുരന്തനിവാരണ നിയമം, Section 51(b) പ്രകരാം ശിക്ഷയ്ക്ക് വിധേയരാകും എന്നത് വ്യക്തമാക്കുക.

8. രോഗപ്രതിരോധത്തിൽ ശുചിത്വത്തിന്റെ പ്രാധാന്യം എടുത്തു പറയുന്ന പ്രചാരണങ്ങൾ നടത്തുക.

9. കേരളത്തിൽ ശേഖരിച്ചിട്ടുള്ള അപകടകരമായ രാസപദാർത്ഥങ്ങൾ ഏതെല്ലാം, എത്രവീതം, എവിടെ എല്ലാം (തദ്ദേശസ്ഥാപനത്തിന്റെ പേര് സഹിതം) എന്നത് വ്യവസായ വകുപ്പിനോട് പട്ടികപ്പെടുത്തി ജൂൺ 15-ന് മുൻപ് നൽകുവാൻ ആവശ്യപ്പെടുക. ഈ രാസപദാർത്ഥങ്ങൾ ജലത്തിലോ, മണ്ണിലോ, വായുവിലോ കലർന്ന് മനുഷ്യജീവന് അപടകരം ആയാൽ അവ പ്രതിരോധിക്കുന്ന രീതികൾ, മരുന്നുകൾ എന്നിവ ഏതെല്ലാം എന്ന് പ്രസിദ്ധീകരിക്കുക. ഇവയ്ക്കായി ഇത്തരം ശേഖരം ഉള്ള പ്രദേശങ്ങളിലെ സർക്കാർ ആശുപത്രികൾ പ്രതിരോധ മരുന്നുകൾ സഹിതം സജ്ജമാക്കുക.

10. പ്രളയവും മണ്ണിടിച്ചിലും ബാധിക്കാൻ സാധ്യതയുള്ള മുഴവൻ ആരോഗ്യ കേന്ദ്രങ്ങളുടെയും സമഗ്രമായ ലിസ്റ്റ് തയ്യാറാക്കുക.

11. ഓരോ ആരോഗ്യ കേന്ദ്രത്തിലും അത്തരം ആപത്ഘട്ടങ്ങളിൽ അവിടെ നിന്നും അടിയന്തരമായി മാറ്റേണ്ട ഉപകരണങ്ങളുടെയും മറ്റു വസ്തുക്കളുടെയും കൃത്യമായ ലിസ്റ്റ് തയ്യാറാക്കി വയ്ക്കുക. അതോടൊപ്പം അവയെല്ലാ മാറ്റി പ്രവർത്തനങ്ങൾ തുടരാൻ സാധിക്കുന്ന സാധ്യതാ സ്ഥലങ്ങളും കണ്ടു വയ്ക്കുക. വെള്ളം കയറുന്ന സാഹചര്യത്തിൽ ആശുപത്രികളിലെ മെഡിക്കൽ ഉപകരണങ്ങളുടെ സുരക്ഷ പ്രധാനമാണ്. അതിനായി പ്രധാന മെഡിക്കൽ ഉപകരണങ്ങൾ ഉയർന്ന നിലകളിൽ സൂക്ഷിക്കുന്നതിനുള്ള നടപടികൾ എടുക്കുക.

12. പ്രധാന ആശുപത്രികളിലെല്ലാം മാസ് കാഷ്വാലിറ്റി ട്രയാജ് പ്രോട്ടോക്കോൾ, അതായത് വലിയ അത്യാഹിതങ്ങളെ എങ്ങനെ നേരിടാമെന്നുള്ളതിനുള്ള മാനദണ്ഡം നടപ്പിലാക്കുക. അതിനാവശ്യമായ പരിശീലനങ്ങളും ഉറപ്പു വരുത്തുക. ആശുപത്രികളുടെ കാര്യക്ഷമതാ പരിധിയ്ക്ക് മുകളിലോട്ട് പെട്ടെന്ന് രോഗികളുടെ എണ്ണം വർദ്ധിക്കുകയാണെങ്കിൽ കൈകാര്യം ചെയ്യാൻ ആവശ്യമായ സർജ് കപ്പാസിറ്റി പ്ലാൻ തയ്യാറാക്കുകയും നടപ്പിലാക്കാൻ ആവശ്യമായ പരിശീലനങ്ങളും നൽകുക. അത്യാഹിത ഘട്ടങ്ങളോട് പിഴവില്ലാത്ത രീതിയിൽ പ്രതികരിക്കാൻ സഹായകമായ ഹോസ്പിറ്റൽ എമർജൻസി റെസ്പോൺസ് പ്ലാനും തയ്യാറാക്കി പരിശീലനം നൽകുക. ഇത്തരം ഘട്ടങ്ങളിൽ കൃത്യമായ ഏകോപനം ഉറപ്പു വരുത്തുന്നതിനായി ആശയ വിനിമയ സംവിധാനവും ഒരുക്കുക.

13. ഡയാലിസിസ് ചെയ്യുന്നവർ, കാൻസർ ചികിത്സയിലുള്ളവർ, അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് ശേഷമുള്ള ചികിത്സയിൽ കഴിയുന്നവർ ഉൾപ്പെടെ ചികിത്സ മുടങ്ങാൻ പാടില്ലാത്ത ഗുരുതരമായ രോഗാവസ്ഥയുള്ളവരുടെ സമഗ്രമായ ലിസ്റ്റുകൾ തയ്യാറാക്കുക. അത്യാഹിത ഘട്ടങ്ങളിൽ ഇവരുടെ ചികിത്സകൾ മുടങ്ങാതെ നോക്കുന്നതിനു വേണ്ടിയാണ് ഈ ലിസ്റ്റ് തയ്യാറാക്കേണ്ടത്. ഇവർ അവരുടെ മെഡിക്കൽ റെക്കോർഡുകൾ നിർബന്ധമായും കൈയ്യിൽ സൂക്ഷിച്ചുവെയ്ക്കണം. അതോടൊപ്പം അത്യാവശ്യ ഘട്ടങ്ങളിൽ ബന്ധപ്പെടുന്നതിനായി ജില്ലാ കൺട്രോൾ റൂം, വാർഡ് മെമ്പർ ഏതെങ്കിലും സന്നദ്ധ സംഘടനയിൽ ഉള്ള വളണ്ടിയർമാരുടെ നമ്പറുകൾ എന്നിവയും സൂക്ഷിക്കണം. ഇത്തരം രോഗികൾക്ക് ആശുപത്രികളിൽ നിന്നും മരുന്നുകൾ ഒരു മാസത്തേയ്ക്ക് നൽകുകയും വേണം.

14. അടിയന്തിര സാഹചര്യത്തെ മുന്നിൽക്കണ്ട് ആശുപത്രികളെല്ലാം രണ്ടാഴ്ചത്തേയ്ക്കുള്ള മരുന്നുകൾ കൂടുതലായി കരുതുകയും അവ വാട്ടർപ്രൂഫ് കണ്ടെയ്നറുകളിൽ സൂക്ഷിക്കുകയും ചെയ്യുക. ഡോക്സിസൈക്ലിൻ, ഓ.ആർ.എസ്, ബ്ലീച്ചിംഗ് പൗഡർ, മാസ്കുകൾ, സാനിട്ടൈസറുകൾ എന്നിവ നിർബന്ധമായും ആ സ്റ്റോക്കിൽ ആവശ്യത്തിന് ഉണ്ടായിരിക്കേണ്ടതാണ്.

15. ഗർഭിണികൾ, കിടപ്പിലായവർ, ഭിന്നശേഷിയുള്ളവർ തുടങ്ങി ദുരന്തഘട്ടങ്ങളിൽ ഏറ്റവും ആദ്യം സഹായമെത്തിക്കുകയും സുരക്ഷിത സ്ഥലങ്ങളിലേയ്ക്ക് മാറ്റുകയും ചെയ്യേണ്ടവരുടെ ലിസ്റ്റുകളും തയ്യാറാക്കുക. ഇവരുടെ വീടുകൾ മാപ്പ് ചെയ്യുകയും വേണം. അതിനുപുറമേ ഇവരെ വളണ്ടയർമാരുമായി ബന്ധപ്പെടുത്തുകയും അവശ്യ ഘട്ടങ്ങളിൽ കാലതാമസമില്ലാതെ അവിടെയെത്തി അവരെ സുരക്ഷിതരാക്കാൻ സാധിക്കുമെന്ന് ഉറപ്പ് വരുത്തുകയും വേണം.

16. ആശുപത്രികളിൽ വൈദ്യുതി വിതരണം തടസ്സമില്ലാതെ ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഇതിനായി ആശുപത്രികളിൽ ജനറേറ്ററുകൾ പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തണം. ആശുപത്രിയിലെ വൈദ്യുതി സുരക്ഷയും വിതരണവും ഉറപ്പ് വരുത്തുന്നതിനായി ലൈസൻസ് ഉള്ള ഇലക്ട്രീഷ്യന്റെ സഹായത്തോടെ എർത്തിംഗ്, ലൈറ്റ്നിംഗ് അറസ്റ്ററുകൾ, വൈദ്യുത പാനലുകൾ, വയറിംഗ്, ആശുപത്രിക്ക് പുറത്ത് വൈദ്യുതിയുടെ ബന്ധപ്പെട്ട മറ്റു സംവിധാനങ്ങൾ എന്നിവ സുരക്ഷിതമാണെന്ന് ഉറപ്പാക്കുക, റസിഡ്വൽ കറന്റ് ഡിവൈസുകളും (RCD) എെസൊലേറ്ററുകളും പ്രവർത്തനക്ഷമമാണെന്ന് ഉറപ്പാക്കുക, വെള്ളപ്പൊക്ക സാധ്യതയുള്ള മേഖലകളിലുള്ള വൈദ്യുത പാനലുകൾ ഉയർത്തുക, ട്രാൻസ്ഫോർമറും ജനറേറ്ററുകളും ഉള്ള മേഖലകളിൽ വെള്ളം കെട്ടാതിരിക്കാൻ നടപടികൾ എടുക്കുക, അവയെല്ലാം പ്രവർത്തനക്ഷമമാണെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക, എല്ലാ പ്രധാന മെഡിക്കൽ ഉപകരണങ്ങളുടെയും മെയിന്റനൻസ്

പരിശോധിക്കുക, അവയുടെ UPS ബാക്കപ്പ് ഉറപ്പാക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കേണ്ടതാണ്.

17. വൈദ്യുതബന്ധത്തിൽ തകരാറുകൾ വരുന്ന മുറയ്ക്ക് യുദ്ധകാലാടിസ്ഥാനത്തിൽ പരിഹാരം കണ്ടെത്താനുള്ള തയ്യാറെടുപ്പുകൾ, ആവശ്യമായ ടാസ്ക് ഫോഴ്സുകൾ തുടങ്ങിയവ മുൻകൂട്ടി സജ്ജമാക്കി നിർത്തണം. അതാത് ആശുപത്രിയുടെ മേഖലയിലെ കെ.എസ്.ഇ.ബി-യുടെ എമർജൻസി നമ്പർ കരുതുക.

18. എച്ച്.എം.വി/എയ്ഡ്സ് രോഗികൾ ക്യാമ്പുകളിലുണ്ടെങ്കിൽ അവർ വിവേചനം അനുഭവിക്കുന്നില്ല എന്നും പ്രത്യേക ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നുണ്ട് എന്നും കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുമായി ചേർന്ന് ആരോഗ്യ വകുപ്പ് ഉറപ്പാക്കേണ്ടതാണ്.

19. ഒറ്റപ്പെട്ട പ്രദേശങ്ങൾ/ഗതാഗതം തടസ്സപ്പെട്ട മേഖലകളിലേയ്ക്ക് (ക്യാമ്പുകൾ അല്ലാത്തവ) മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ആവശ്യാനുസരണം സജ്ജീകരിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുക.

20. പെയിൻ ആന്റ് പാലിയേറ്റീവ് കെയർ രോഗികൾക്കായി ഒഴിപ്പിക്കൽ മാർഗ്ഗങ്ങൾ, പ്രത്യേക ക്യാമ്പ് സംവിധാനങ്ങൾ, ലഭ്യമാക്കേണ്ട കൂട്ടിരിപ്പുകാരൻ /കാരിയെ സംബന്ധിച്ചുള്ള വിവരങ്ങൾ എന്നിവയടങ്ങുന്ന പ്ലാൻ മുൻകൂട്ടി തയ്യാറാക്കി നടപ്പിലാക്കുക.

21. ആശുപത്രിയിൽ വെള്ളം കയറാനിടയുള്ള സാഹചര്യത്തിൽ രോഗികളുടെ സുരക്ഷയും ഒഴിപ്പിക്കൽ പ്ലാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അതിനായി മുന്നൊരുക്കമെന്ന നിലയിൽ ഉയർന്ന അപകട സാധ്യതയുള്ള രോഗികളുടെ (ഉദാ. ICU, NICU, ഡയാലിസിസ്) പട്ടികയും അവരെ മാറ്റുന്നതിനുള്ള പ്രോട്ടോക്കോളുകളും തയ്യാറാക്കുക. അതിന്റെ ഭാഗമായി ജീവനക്കാർക്ക് പ്രത്യേക നിർദ്ദേശങ്ങളും പരിശീലനവും നൽകുക. അങ്ങനെ മാറ്റേണ്ട സാഹചര്യം കണക്കിലെടുത്ത് അടിയന്തിര ഗതാഗത സൗകര്യങ്ങളും എളുപ്പത്തിൽ കയറ്റാവുന്ന ഉപകരണങ്ങളും ഒരുക്കുക, രോഗികളുടെ വിവരങ്ങൾ വെള്ളത്തിൽ നിന്നും സംരക്ഷിക്കാനായി അവയെ ഡിജിറ്റൈസ് ചെയ്ത് ബാക്ക അപ് ചെയ്യുകയും ചെയ്യുക.

22. വെള്ളം കയറി ആശുപത്രി പ്രവർത്തിപ്പിക്കാൻ സാധിക്കാത്ത പക്ഷം താത്ക്കാലികമായി പ്രവർത്തിപ്പിക്കാൻ പറ്റുന്ന കെട്ടിടങ്ങൾ പ്രാദേശികമായി മുൻകൂട്ടി കണ്ടെത്തുകയും അത്തരം സാഹചര്യങ്ങളിൽ ആശുപത്രി സേവനം അവിടെ സജ്ജമാക്കുകയും ചെയ്യുക. ഇതിനായി സന്നദ്ധ പ്രവർത്തകരുൾപ്പെടെ പരിശീലനം നൽകി തയ്യാറാക്കി നിർത്തുക.

23. ആശുപത്രികളിൽ വെള്ളം കയറിയാൽ അതിനുശേഷമുള്ള ശുചീകരണവും സേവനങ്ങളുടെ പുനരാരംഭവും മുൻകൂട്ടി കണ്ട് സേഫ്റ്റി ഇൻസ്പെക്ഷൻ ടീം, ക്ലീനിംഗ് ടീം, ഇൻഫെക്ഷൻ കൺട്രോൾ ടീം എന്നിവ രൂപീകരിക്കുക, സംഭവിച്ച നാശനഷ്ടങ്ങൾ രേഖപ്പെടുത്തി ആരോഗ്യ, ദുരന്ത നിവാരണ വകുപ്പുകളെ അറിയിച്ചുനൽകുക.

24. മാനസികാരോഗ്യവുമായി ബന്ധപ്പെട്ട് പ്രത്യേക ശ്രദ്ധ നൽകേണ്ട കാര്യങ്ങൾ.

a) സംസ്ഥാന മാനസികാരോഗ്യ അതോറിറ്റി, ജില്ലാ മാനസികാരോഗ്യ പരിപാടി എന്നിവയുമായി ചേർന്ന് പ്രാഥമിക മാനസികാരോഗ്യ പരിചരണം എല്ലാ ദുരന്ത ബാധിതർക്കും ലഭ്യമാക്കുക.

b) ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ജില്ലാ മാനസികാരോഗ്യ പ്രോഗ്രാമും ചേർന്ന് ജില്ലയിലെ മാനസികാരോഗ്യ ദുർബലത സംബന്ധിച്ചും ഈ മേഖലയിലെ ജില്ലയിലെ സംവിധാനങ്ങളുടെ ശേഷി സംബന്ധിച്ചും അസസ്സ്മെന്റ് നടത്തണം. ഇത് ആരോഗ്യ വകുപ്പിനും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിക്കും സമർപ്പിക്കണം.

c) ദുരിതാശ്വാസ ക്യാമ്പുകളിൽ മാനസികാരോഗ്യ കൗൺസിലറുടെ സേവനം ഉറപ്പാക്കണം. ഇതിനായി ജില്ലാ മാനസികാരോഗ്യ പ്രോഗ്രാം, കുടുംബശ്രീ, ആരോഗ്യ വകുപ്പ്, മറ്റ് വകുപ്പുകളിലെ ഔദ്യോഗിക കൗൺസിലർമാരുടെ ഒരു പാനൽ എല്ലാ ജില്ലയിലും മുൻകൂട്ടി തയ്യാറാക്കി വെയ്ക്കേണ്ടതാണ്. ഇവർക്ക് ദുരിത ബാധിതരെ/ദുരിതാശ്വാസ ക്യാമ്പുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേകമായ പരിശീലനം നൽകേണ്ടതുമാണ്. ജില്ലാ മെന്റൽ ഹെൽത്ത് പ്രോഗ്രാം /ആരോഗ്യ വകുപ്പ് നിശ്ചയിക്കുന്ന നോഡൽ ഓഫീസർ (DMHP) ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ സഹായത്തോടെ പ്രസ്തുത പരിശീലനം സംഘടിപ്പിക്കേണ്ടതാണ്.

d) വലിയ വ്യാപ്തിയുള്ള ദുരന്തങ്ങൾ സംഭവിക്കുമ്പോൾ സന്നദ്ധ പ്രവർത്തകരായെത്തുന്നവരും വിവിധ സംഘടനകളെയും സ്ഥാപനങ്ങളെയും പ്രതിനിധീകരിച്ച് എത്തുന്നവരും മതിയായ യോഗ്യതയുള്ളവരാണ് എന്ന് ഉറപ്പാക്കണം. യോഗ്യതയുള്ളവരാണെങ്കിൽ കൂടിയും ദുരിതാശ്വാസ ക്യാമ്പുകൾ / ദുരിതബാധിതരെ കൈകാര്യം ചെയ്യാൻ ആവശ്യമായ പ്രത്യേക പരിശീലനം (Orientation) ഡിസ്ട്രിക്ട് മെന്റൽ ഹെൽത്ത് പ്രോഗ്രാമിന്റെ നേതൃത്വത്തിൽ നൽകിയശേഷം മാത്രമേ ഇവരെ ഉപയോഗിക്കുവാൻ പാടുള്ളൂ. ഇത്തരത്തിൽ മാനസികാരോഗ്യ പ്രഥമ ശുശ്രൂഷ പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നവരുടെ വിവരശേഖരണം നടത്തി ജില്ലാ ദുരന്തനിവാരണ അതോറിറ്റി വഴി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിക്കും ആരോഗ്യവകുപ്പിനും കൈമാറേണ്ടതാണ്.

e) ദുരിതബാധിതരായ ആളുകൾക്ക് ലഭ്യമാക്കേണ്ട അവശ്യ സേവനങ്ങൾ സംബന്ധിച്ചുള്ള പ്രാഥമിക ധാരണകൾ സംബന്ധിച്ച് മാനസികാരോഗ്യ പ്രഥമ ശുശ്രൂഷ നൽകുന്നവർക്ക് ഉണ്ടെന്ന് ഉറപ്പാക്കണം. (ഉദാഹരണമായി സർക്കാരിന്റെ ദുരിതാശ്വാസ സേവനങ്ങൾ ലഭ്യമാക്കുന്നത് പോലെയുള്ള വിവരങ്ങൾ)

f) ദുരിതാശ്വാസ ക്യാമ്പ് / ദുരിത ബാധിതർക്കായി കൗൺസിലിംഗ് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കൗൺസിലർമാർക്കായി ചെയ്യാൻ പാടുള്ളത് & ചെയ്യാൻ പാടില്ലാത്തത് ( Do's and Don'ts) എന്നിവ വ്യക്തമാക്കുന്ന ഒരു ഹ്രസ്വമായ മാർഗ്ഗ നിർദ്ദേശ വീഡിയോ , സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുമായി ചേർന്ന് തയ്യാറാക്കേണ്ടതാണ്. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന കൗൺസിലർമാർ പ്രസ്തുത വീഡിയോയും മാർഗ്ഗനിർദ്ദേശങ്ങളും കണ്ടിരിക്കുന്നു എന്ന് കർശനമായി ഉറപ്പാക്കേണ്ട ചുമതല ആരോഗ്യ വകുപ്പിനും ജില്ലാ മെന്റൽ ഹെൽത്ത് പ്രോഗ്രാമിനും ഉണ്ടായിരിക്കണം.

g) ദുരിതാശ്വാസ ക്യാമ്പുകളിൽ / ദുരിതബാധിതർക്ക് മാനസികാരോഗ്യ പ്രഥമ ശുശ്രൂഷ നൽകുമ്പോൾ നിർബന്ധമായും അവരുടെ വിവരങ്ങൾ രേഖപ്പെടുത്തി ജില്ലാ മെന്റൽ ഹെൽത്ത് പ്രോഗ്രാം വഴി ജില്ലാ ദുരന്തനിവാരണ അതോറിറ്റിക്ക് കൈമാറേണ്ടതാണ്. തുടർ ചികിത്സ ആവശ്യമായവർക്ക് അതിനായുള്ള സൗകര്യങ്ങൾ ജില്ലാ മെന്റൽ ഹെൽത്ത് പ്രോഗ്രാം ചെയ്ത് നൽകേണ്ടതാണ്. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ജില്ലയിലെ വിവരങ്ങൾ ക്രോഡീകരിച്ച് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിക്ക് കൈമാറണം.

## ആമുഖം

കേരളത്തിന്റെ പൊതുജനാരോഗ്യ രംഗത്തെ സംബന്ധിച്ചിടത്തോളം നിപരോഗത്തിന് ഒട്ടനവധി പ്രത്യേകതകൾ ഉണ്ട്. മാഹാമാരികൾ ആകാൻ സാധ്യത കൽപ്പിക്കുന്ന രോഗങ്ങളുടെ കൂട്ടത്തിൽ, നിലവിൽ ലോകത്തിൽ വളരെ കുറച്ച് ഇടങ്ങളിൽ മാത്രം പകർച്ച തെളിയിക്കപ്പെട്ട വൈറൽ അണുബാധയാണ് നിപ. നമ്മുടെ സംസ്ഥാനത്ത് പഴന്തീനി വവ്വാലുകളിൽ നിപ വൈറസിന്റെ സാന്നിധ്യം വളരെ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കോഴിക്കോട്, വയനാട് എന്നീ ജില്ലകളിൽ നിന്നാണ് കൂടുതൽ റിപ്പോർട്ടുകൾ ഉള്ളതെങ്കിലും എറണാകുളം, ഇടുക്കി, മലപ്പുറം എന്നീ ജില്ലകളിലും നിപ വൈറസിന്റെ സാന്നിധ്യം വവ്വാലുകളിൽ കണ്ടെത്തിയിട്ടുണ്ട്. ഈ അഞ്ചു ജില്ലകൾക്ക് പുറമെ ഉള്ള ജില്ലകളിൽ പഠനങ്ങൾ നടന്നു വരുന്നതേയുള്ളു. ഒരുപക്ഷേ ഇത്തരം പഠനങ്ങൾ പൂർത്തിയാകുമ്പോൾ കേരളത്തിൽ മുഴുവൻ ജില്ലകളിലും വവ്വാലുകളിൽ നിപ വൈറസിന്റെ സാന്നിധ്യം കണ്ടെത്തപ്പെടാൻ ഇടയുണ്ട്. അപൂർവ്വം ആണെങ്കിലും ഈ വൈറസുകൾ മനുഷ്യരിലേയ്ക്ക് എത്തുന്നതിനും വളരെയേറെ മരണങ്ങൾക്കും ഭീതിക്കും കാരണമാകുന്നതിനും നാം ഇതിനകം തന്നെ സാക്ഷ്യം വഹിച്ചു. അതിനാൽ ഈ വൈറസ് മനുഷ്യരിലേയ്ക്ക് എത്തുന്നത് തടയുന്നതിനും അങ്ങിനെ എത്തപ്പെടുന്ന അപൂർവ്വ അവസരങ്ങളിൽ പോലും അത് നേരത്തെ തിരിച്ചറിയുന്നതിനും മനുഷ്യർ രോഗബാധിതരാകുന്ന അവസരങ്ങൾ ഉണ്ടെങ്കിൽ അവരുടെ ജീവൻ രക്ഷിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ ശാക്തീകരിച്ച് നടപ്പിലാക്കേതുണ്ട്. നിപ പ്രതിരോധത്തിനായി ഒരു വാർഷിക കലർ തയ്യാറാക്കുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ചിട്ടയായി നടപ്പിലാക്കുന്നതും വഴി ശാസ്ത്രീയവും കാര്യക്ഷമവും മാതൃകാപരവുമായ പ്രവർത്തനം കാഴ്ച വെയ്ക്കാനാകുമെന്ന് സംസ്ഥാന ആരോഗ്യവകുപ്പ് പ്രതീക്ഷിക്കുന്നു. നിപ പോലെ അതീവ പ്രഹര ശേഷിയുള്ള, മറ്റൊരു മഹാമാരിയിലേയ്ക്ക് പോലും ലോകത്തെ നയിക്കാൻ പര്യാപ്തമായ ഒരു രോഗാണുബാധയെ തടഞ്ഞുനിർത്തുന്നതിന് ആരോഗ്യവകുപ്പിന്റെ എല്ലാ സ്ഥാപനങ്ങളും നിപ പ്രതിരോധത്തിൽ വകുപ്പിനോടൊപ്പമുള്ള തദ്ദേശ സ്വയംഭരണ സംവിധാനങ്ങൾ, മൃഗസംരക്ഷണ വകുപ്പ്, വനം-വന്യജീവി വകുപ്പ് തുടങ്ങി എല്ലാ സംവിധാനങ്ങളും ഈ കലറിൽ നിൽകിയിരിക്കുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാൻ ഒരുമിച്ച് പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു

# നിപ പ്രതിരോധപ്രവർത്തനങ്ങൾക്കായുള്ള വാർഷിക കലണ്ടർ

| മാസം (തീയതികൾ) | ആരോഗ്യസേവന വകുപ്പിലൂടെ ജില്ലാ/പ്രാദേശിക തട്ടുകളിലും ആശുപത്രികളിലും നടത്തേണ്ട പ്രവർത്തനങ്ങൾ | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലൂടെ മെഡിക്കൽ കോളേജുകളിൽ നടത്തേണ്ട പ്രവർത്തനങ്ങൾ | തദ്ദേശസ്വയംഭരണം/ മൃഗസംരക്ഷണം/വനം-വന്യജീവി വകുപ്പുകൾ വഴി നടത്തേണ്ട പ്രവർത്തനങ്ങൾ |
|---|---|---|---|
| വർഷം മുഴുവൻ നടത്തേണ്ട പ്രവർത്തനങ്ങൾ<br>1 | പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ വഴിയായി നടക്കുന്ന IEC പ്രവർത്തനങ്ങളിൽ നല്ല ഒരു പങ്ക് നിപ രോഗപ്രതിരോധത്തിനായി മാറ്റി വയ്ക്കുകയും നിപ, പക്ഷിപ്പനി, കുരങ്ങ് പനി (KFD) എന്നീ അതീവ പ്രഹരശേഷിയുള്ള രോഗങ്ങളെപ്പറ്റി വ്യാപകമായ ബോധന പ്രവർത്തനം നടത്തുകയും വേണം. | മെഡിക്കൽ കോളേജുകളുടെ ഫീൽഡ് യൂണിറ്റുകൾ, സ്റ്റേറ്റ്/റീജിയണൽ പീഡ് സെല്ലുകൾ വഴിയായി നടക്കുന്ന IEC പ്രവർത്തനങ്ങളിൽ നല്ല ഒരു പങ്ക് നിപ രോഗപ്രതിരോധത്തിനായി മാറ്റി വയ്ക്കുകയും നിപ, പക്ഷിപ്പനി, കുരങ്ങ് പനി (KFD) എന്നീ അതീവ പ്രഹരശേഷിയുള്ള രോഗങ്ങളെപ്പറ്റി വ്യാപകമായ ബോധന പ്രവർത്തനം നടത്തുകയും വേണം. | തദ്ദേശസ്വയംഭരണ സംവിധാനങ്ങളുടെ നേതൃത്വത്തിൽ ആരോഗ്യവകുപ്പും കുടുംബശ്രീ പോലെയുള്ള സാമൂഹിക സംവിധാനങ്ങളുമായി ചേർന്ന് കർഷകർ കന്നുകാലികളെയും മറ്റ പക്ഷിമൃഗാദികളെയും സംരക്ഷിക്കുന്നവർ, താറാവ് വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവർ, വനാതിർത്തികളിൽ താമസിക്കുന്നവർ, ആദിവാസികൾ, പൊതുസമൂഹം എന്നിവർക്ക് നിപ, പക്ഷിപ്പനി, കുരങ്ങ് പനി തുടങ്ങിയ അതീവ പ്രഹരശേഷിയുള്ള പകർച്ചവ്യാധികൾക്കെതിരെ പൊതുവായും, പ്രദേശത്തിന്റെ പ്രത്യേകതകൾക്കനുസരിച്ച് പ്രത്യേകമായും ബോധവൽക്കരണം നടത്തണം. |
| വർഷം മുഴുവൻ നടത്തേണ്ട പ്രവർത്തനങ്ങൾ | ആരോഗ്യപ്രവർത്തകർ ഫീൽഡിൽ എടുക്കുന്ന ക്ലാസ്സുകൾ, ആശാ വർക്കർമാരുടെ ഭവന സന്ദർശനം എന്നിവയിൽ നിപ പ്രതിരോധം ഒരു | മെഡിക്കൽ കോളേജ് ഹെൽത്ത് യൂണിറ്റുകൾ, പി.പി. യൂണിറ്റുകൾ എന്നിവിടങ്ങളിലെ ആരോഗ്യ പ്രവർത്തകരും കമ്മ്യൂണിറ്റി മെഡിസിൻ | ഡിപ്പാർട്ട്മെന്റുകൾ നേരിട്ടോ, കുടുംബശ്രീ, അംഗൻവാടികൾ തുടങ്ങിയവ മുഖാന്തിരമോ നടത്തുന്ന അവബോധ പ്രവർത്തനങ്ങളിൽ |

| | | | |
|---|---|---|---|
| 2 | പ്രധാന വിഷയമായി ഉൾപ്പെടുത്തേണ്ടതാണ്. | വിഭാഗത്തിലെ ഡോക്ടർമാരും ഫീൽഡിൽ എടുക്കുന്ന ക്ലാസ്സുകൾ, ഭവന സന്ദർശനം എന്നിവയിൽ നിപപ്രതിരോധം ഒരു പ്രധാന വിഷയമായി ഉൾപ്പെടുത്തേണ്ടതാണ്. | നിപ പ്രതിരോധം ഒരു പ്രധാന വിഷയമായി ഉൾപ്പെടുത്തേണ്ടതാണ്. |
| വർഷം മുഴുവൻ നടത്തേണ്ട പ്രവർത്തനങ്ങൾ<br>3 | നിപ രോഗപ്രതിരോധവുമായി ബന്ധപ്പെട്ടുള്ള പോസ്റ്ററുകൾ, വീഡിയോകൾ തുടങ്ങിയവ പ്രാഥമിക കുടുംബാരോഗ്യ കേന്ദ്രങ്ങളിലും,ആരോഗ്യ ഉപ/ ഹെൽത്ത് ആൻഡ് വെൽനെസ്സ് കേന്ദ്രങ്ങളിലും നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും പ്രദർശിപ്പിക്കുകയും സാമൂഹിക മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുകയും ചെയ്യേണ്ടതാണ്. | നിപ രോഗപ്രതിരോധവുമായി ബന്ധപ്പെട്ടുള്ള പോസ്റ്ററുകൾ, വീഡിയോകൾ തുടങ്ങിയവ മെഡിക്കൽ കോളേജുകളിലും മെഡിക്കൽ കോളേജ് ഹെൽത്ത് യൂണിറ്റുകളിലും പ്രദർശിപ്പിക്കുകയും സാമൂഹിക മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുകയും ചെയ്യേണ്ടതാണ്. | നിപ രോഗ പ്രതിരോധവുമായി ബന്ധപ്പെട്ടുള്ള പോസ്റ്ററുകൾ, വീഡിയോകൾ തുടങ്ങിയവ മൃഗാശുപത്രികൾ, സർക്കാർ കാര്യാലയങ്ങൾ, സ്കൂളുകൾ, വായന ശാലകൾ, പൊതു ഇടങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുകയും സാമൂഹിക മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുകയും ചെയ്യേണ്ടതാണ്. |
| വർഷം മുഴുവൻ നടത്തേണ്ട പ്രവർത്തനങ്ങൾ<br>4 | കുടുംബത്തിനുള്ളിലോ സുഹൃത്തുക്കൾക്കിടയിലോ അല്ലെങ്കിൽ ഒരു പ്രത്യേക പ്രദേശത്ത് ഒന്നിലധികം ആളുകളിലോ മസ്തിഷ്കജ്വരത്തിന്റെ ലക്ഷണങ്ങളോടോ (ശക്തമായ തലവേദന, പിച്ചും പേയും പറയുക, ജെന്നി ഉണ്ടാവുക തുടങ്ങിയവ) അകാരണമായ ശ്വാസം മുട്ടലോട് കൂടിയോ ഉള്ള പനിയോ/ ദിവസങ്ങൾക്കുള്ളിൽ കാരണം ഉറപ്പ് വരുത്തിയിട്ടില്ലാത്ത മരണങ്ങളോ ഉണ്ടാവുകയാണെങ്കിൽ അവ മേലധികാരികളെ അറിയിക്കുകയും എ.ഡി.എസ്.പി / | അത്യാഹിതവിഭാഗം, മെഡിസിൻ, പീഡിയാട്രിക്സ്, റെസ്പിറേറ്ററി മെഡിസിൻ, ന്യൂറോളജി, പ്രിവന്റീവ് ക്ലിനിക്കുകൾ തുടങ്ങിയ ക്ലിനിക്കുകളിൽ എത്തുന്ന രോഗികളിൽ, കുടുംബത്തിനുള്ളിലോ സുഹൃത്തുക്കൾക്കിടയിലോ അല്ലെങ്കിൽ ഒരു പ്രത്യേക പ്രദേശത്ത് ഒന്നിലധികം ആളുകളിലോ മസ്തിഷ്കജ്വരത്തിന്റെ ലക്ഷണങ്ങളോടോ (ശക്തമായ തലവേദന, പിച്ചും പേയും പറയുക, ജെന്നി ഉണ്ടാവുക തുടങ്ങിയവ) അകാരണമായ ശ്വാസം മുട്ടലോട് കൂടിയോ ഉള്ള പനിയോ/ | ഒരു പ്രത്യേക പ്രദേശത്ത് ഒന്നിലധികം മൃഗങ്ങൾക്കിടയിൽ (പൂച്ച, നായ, കന്നുകാലികൾ, പന്നികൾ, കുതിരകൾ ഉൾപ്പെടെ) കാരണം എന്തെന്നറിയാത്ത മസ്തിഷ്കജ്വരത്തിന്റെ ലക്ഷണങ്ങളോ ശ്വാസം മുട്ടലോ പ്രത്യക്ഷപ്പെടുക, അല്ലെങ്കിൽ വളർത്തു മൃഗങ്ങളോ വവ്വാലുകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങളോ അകാരണമായി കൂട്ടത്തോടെ ചാവുക തുടങ്ങിയ സംശയാസ്പദമായ സാഹചര്യങ്ങൾ റിപ്പോർട്ട് ചെയ്യു എന്ന് ഉറപ്പാക്കണം. |

| | | | |
|---|---|---|---|
| | എെ.എച്ച്.എെ.പി. പ്ലാറ്റ്ഫോമുകൾ വഴിയായി റിപ്പോർട്ട് ചെയ്യുകയും വേണം. | ദിവസങ്ങൾക്കുള്ളിൽ കാരണം ഉറപ്പു വരുത്തിയിട്ടില്ലാത്ത മരണങ്ങളോ ശ്രദ്ധയിൽപ്പെട്ടാൽ അവ റിപ്പോർട്ട് ചെയ്യുവെന്ന് ഉറപ്പാക്കണം. | |
| വർഷം മുഴുവൻ നടത്തേണ്ട പ്രവർത്തനങ്ങൾ<br>5 | പ്രാഥമിക/നഗര/കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ചെറിയ സ്വകാര്യ ക്ലിനിക്കുകളിലും എത്തുന്ന മസ്തിഷ്കജ്വരം/ അകാരണമായ ശ്വാസംമുട്ടലോടു കൂടിയ പനി രോഗികളെ നിപ ഉൾപ്പെടെയുള്ള എൻസഫലൈറ്റിസ് രോഗങ്ങൾ കണ്ടെത്താൻ കഴിയുന്ന മേൽ ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യുകയും ആ കാര്യം ജില്ലാ മെഡിക്കൽ/ സർവെയിലൻസ് ഓഫീസറെ അറിയിക്കുകയും വേണം. | മറ്റ് കാരണങ്ങൾ കണ്ടെത്താൻ കഴിയാത്ത മസ്തിഷ്കജ്വരം / അകാരണമായ ശ്വാസംമുട്ടലോടു കൂടിയ പനി എന്നീ ലക്ഷണങ്ങളുള്ള രോഗികളെ നിപ ഉൾപ്പെടെയുള്ള എൻസഫലൈറ്റിസ് രോഗങ്ങൾ കണ്ടെത്താൻ കഴിയുന്ന മൾട്ടിപ്ലക്സ് PCR പരിശോധനകൾക്ക് വിധേയരാകണം. ഇതിനായി സംസ്ഥാന നിപ മാർഗ്ഗനിർദ്ദേശമനുസരിച്ച് സാമ്പിളുകൾ ശേഖരിക്കുകയും നിർദ്ദേശിക്കപ്പെട്ട ലാബുകളിൽ അയക്കുകയും വേണം. | മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി മൃഗങ്ങളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധ ലാബുകൾക്ക് കൈമാറുക. |
| ജനുവരി ( 1-7)<br>ജനുവരി (8-14) | **പരിശീലന പരിപാടികളുടെ ആസൂത്രണം:** നിപയുടെയും മറ്റ് അതിതീവ്ര പ്രഹര ശേഷിയുള്ള പകർച്ചവ്യാധികളുടെയും പ്രതിരോധത്തിനായി സംസ്ഥാന വ്യാപകമായി ആവിഷ്കരിക്കേണ്ട പരിശീലന പരിപാടികൾ വർഷം ആദ്യം തന്നെ വിവിധ ഡിപ്പാർട്ട്മെന്റുകൾ ചിട്ടപ്പെടുത്തേണ്ടതാണ്. ഇതിന് ആവശ്യമായ അക്കാദമിക രേഖകളും മാർഗ്ഗനിർദ്ദേശങ്ങളും മുൻ വർഷത്തിന്റെ അവസാനത്തിൽ തന്നെ തയ്യാറാക്കി വയ്ക്കേണ്ടതാണ്. ഏത് രീതിയിലാണ് പരിശീലനം നടത്തേണ്ടത്, ഏതൊക്കെ സമയങ്ങളിൽ, ഏതൊക്കെ ഇടങ്ങളിൽ, ഏതൊക്കെ മാർഗ്ഗങ്ങളിൽ (ഓൺലൈൻ/ഓഫ് ലൈൻ) നടക്കേണ്ടത്, ആരൊക്കെയാണ് റിസോഴ്സ് പേഴ്സൺസ് തുടങ്ങിയ കാര്യങ്ങൾ തീരുമാനിക്കുകയും അതിന് ആവശ്യമായുള്ള സംവിധാനങ്ങൾ ഒരുക്കുകയും വേണം. ആരോഗ്യവകുപ്പിന്റെ പക്കലുള്ള സ്റ്റേറ്റ് ഹെൽത്ത് റിസോഴ്സ് സെന്റർ ഉൾപ്പെടെയുള്ള പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകളും പഞ്ചായത്ത് തലത്തിൽ പരിശീലനം നൽകുന്നതിന് കില പോലെയുള്ള സംവിധാനങ്ങളും ഉപയോഗിക്കാം. പരിശീലനത്തിന് ആവശ്യമായ അക്കാദമിക കണ്ടന്റ് സംസ്ഥാന ആരോഗ്യ വകുപ്പും മൃഗസംരക്ഷണ വകുപ്പും ചേർന്ന് ഏകാരോഗ്യ മാതൃകയിൽ തയ്യാറാക്കേണ്ടതും ട്രെയിനിംഗ് പരസ്പര പൂരകമായി നടത്തേണ്ടതുമാണ്. | | |
| ജനുവരി (15–21) | **ഡോക്ടർമാർക്കുള്ള പരിശീലനം:** നിപ രോഗത്തിന്റെ എപ്പിഡെമിയോളജിക്കൽ | | |

| | | |
|---|---|---|
| ജനുവരി (22–31) | ഇൻവെസ്റ്റിഗേഷൻ, ചികിത്സാ പ്രോട്ടോക്കോൾ എന്നിവയിൽ ഊന്നിയുള്ള പരിശീലനം സംസ്ഥാനത്തെ എല്ലാ പ്രാഥമിക ആരോഗ്യ ഫിസിഷ്യന്മാർ, താലൂക്ക്, ജില്ലാ ആശുപത്രികളിലെ ഡോക്ടർമാർ, മെഡിക്കൽ കോളേജുകളിലെ മെഡിസിൻ, ഇൻഫെക്ഷ്യസ് ഡിസീസ്, റെസ്പിറേറ്ററി മെഡിസിൻ, ന്യൂറോളജി, പീഡിയാട്രിക്സ്, കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗങ്ങളിലും ഡോക്ടർമാർ ഇവർക്ക് നൽകേണ്ടതാണ്. | മൃഗ ഡോക്ടർമാർക്കുള്ള പരിശീലനം |
| ഫെബ്രുവരി (1–7) | **ആശുപത്രി ജീവനക്കാർക്കുള്ള പരിശീലനം:** ആശുപത്രികൾ കേന്ദ്രീകരിച്ച് ഇൻഫെക്ഷൻ കൺട്രോൾ PPE കിറ്റുകളുടെ ഉപയോഗം തുടങ്ങിയ കാര്യങ്ങളെ പറ്റിയുള്ള പരിശീലനം എല്ലാ ആശുപത്രി ജീവനക്കാർക്കും നൽകേണ്ടതാണ്. | ആശുപത്രി ജീവനക്കാർക്കുള്ള പരിശീലനം |
| ഫെബ്രുവരി (8–14) | **ലബോറട്ടറി ടെക്നീഷ്യന്മാരുടെ പരിശീലനം:** സാമ്പിൾ എടുക്കേണ്ട രീതി, ഇൻഫെക്ഷൻ കൺട്രോൾ, പേഴ്സണൽ പ്രൊട്ടക്ടീവ് ഗിയറുകൾ ഉപയോഗിക്കുന്ന രീതി, ആർ.ടി.പി.സി.ആർ. പരിശോധനയിലും ട്രൂ നാറ്റ് ടെസ്റ്റിംഗിലും ഉള്ള പരിശീലനങ്ങൾ മുതലായവ | പഞ്ചായത്ത് സെക്രട്ടറിമാർ/ വനം വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർക്കുള്ള പരിശീലനം |
| ഫെബ്രുവരി (15–21) | **ഫീൽഡ് ജീവനക്കാർക്കുള്ള പരിശീലനം:** നിപ രോഗം പ്രതിരോധിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ, രോഗികളെ കണ്ടെത്തുന്ന രീതി, കോൺടാക്ട് ട്രേസിംഗ് തുടങ്ങിയവയെപ്പറ്റിയുള്ള പരിശീലനം സംസ്ഥാനത്ത് ആരോഗ്യ വകുപ്പിലെ എല്ലാ ഫീൽഡ് ജീവനക്കാർക്കും നൽകേണ്ടതാണ്. | കുടുംബശ്രീ CDS/ അംഗൻവാടി ടീച്ചർമാർ എന്നിവർക്കുള്ള പരിശീലനം |
| ഫെബ്രുവരി (22–28/29) | | |
| മാർച്ച് (1–7) | **AES/ARDS കേസുകളുടെയും മരണങ്ങളുടെയും ഓഡിറ്റിംഗിനു വേണ്ടിയുള്ള സമിതികളുടെ രൂപീകരണവും നിലവിലുള്ള സമിതികളുടെ അപ്ഡേറ്റിംഗും:** മെഡിക്കൽ കോളേജിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള കേസുകൾ അതത് മെഡിക്കൽ കോളേജുകളിലും മറ്റ് ആശുപത്രിയിൽ ഉള്ള കേസുകൾ ജില്ലാ മെഡിക്കൽ ഓഫീസിലും ആണ് ഓഡിറ്റ് ചെയ്യേണ്ടത്. ഇതിനായി സർവെയിലൻസ് മെഡിക്കൽ ഓഫീസർ, ഇൻഫെക്ഷൻ ഡിസീസ് അല്ലെങ്കിൽ മെഡിസിൻ വിഭാഗത്തിലെ ഒരു വിദഗ്ധ(ൻ), രോഗികളിൽ കുട്ടികളുണ്ടെങ്കിൽ പീഡിയാട്രീഷ്യൻ, മൈക്രോബയോളജി വിഭാഗത്തിൽ നിന്നുള്ള ഡോക്ടർ, ജില്ലയിലെ സർക്കാർ മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ മേധാവി, എപ്പിഡെമിയോളജിസ്റ്റ്, കേസ് റിപ്പോർട്ട് ചെയ്തിട്ടുള്ള ആശുപത്രിയിലെ ബന്ധപ്പെട്ട | മൃഗങ്ങളിൽ ഉണ്ടായിട്ടുള്ള സംശയാസ്പദമായ സാഹചര്യങ്ങളുടെ ഓഡിറ്റിംഗിന് വേണ്ട മുന്നൊരുക്കങ്ങൾ – ഈ ആവശ്യത്തിനായി മൃഗസംരക്ഷണ വകുപ്പ് എല്ലാ ജില്ലകളിലും ഓഡിറ്റിംഗ് ടീം രൂപീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. |

| | | |
|---|---|---|
| | വിദഗ്ധർ എന്നിവർ ചേർന്ന് ഒരു സമിതി രൂപീകരിക്കേണ്ടതാണ്. ഈ സമിതി, മേല്പറഞ്ഞ അവസ്ഥയ്ക്ക് കാരണം നിപ ആകാൻ ഉള്ള സാധ്യത വിലയിരുത്തുകയും സാധ്യത കണ്ടെത്തുന്ന സാഹചര്യങ്ങളിൽ ജില്ലാ സർവെയിലൻസ് ഓഫീസർ എപിഡെമിയോളജിക്കൽ ഇൻവെസ്റ്റിഗേഷൻ നടത്തി ജില്ലാ മെഡിക്കൽ ഓഫീസർക്ക് റിപ്പോർട്ട് നൽകുകയും ചെയ്യണം. | |
| മാർച്ച് (8–14)<br>മാർച്ച് (15–21)<br>മാർച്ച് (22–31) | **ഒക്ടോബർ മുതൽ ഫെബ്രുവരി വരെ (ലോ റിസ്ക് പിരീഡ്) റിപ്പോർട്ട് ചെയ്തിട്ടുള്ള AES/ARDS കേസുകളുടെയും മരണങ്ങളുടെയും ഓഡിറ്റിഗ്:-** | ഒക്ടോബർ മുതൽ ഫെബ്രുവരി വരെ (ലോ റിസ്ക് പീരീഡ്) മൃഗങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള സംശയാസ്പദമായ സാഹചര്യങ്ങളുടെ ഓഡിറ്റിംഗ് |
| ഏപ്രിൽ (1–7) | **ബഹുജന ക്യാമ്പയിൻ പ്രഖ്യാപനം** - എല്ലാ വർഷവും ഏപ്രിൽ ഏഴാം തീയതി ലോകാരോഗ്യ ദിനത്തിൽ മഹാമാരി പ്രതിരോധത്തിനായി പൊതുവെയും നിപ അണുബാധയെ പ്രതിരോധിക്കുന്നതിനായി പ്രത്യേകിച്ചും ഒരു ക്യാമ്പയിൻ പ്രഖ്യാപിക്കണം. ഈ അതിതീവ്രയജ്ഞം ഏപ്രിൽ ആദ്യവാരം ലോകാരോഗ്യ ദിനത്തോടെ ആരംഭിച്ച് സെപ്റ്റംബർ മാസത്തിൽ ഒരു ആഗോള നിപ/മഹാമാരി പ്രതിരോധ സമ്മേളനത്തോടു കൂടി അവസാനിപ്പിക്കാനാണ് ആഗ്രഹിക്കുന്നത്. നിപ വൈറസിന്റെ സാന്നിധ്യം മനുഷ്യരിലോ മൃഗങ്ങളിലോ കണ്ടെത്തിയിട്ടുള്ള ജില്ലകളിൽ പ്രത്യേക പരിഗണന കൊടുത്തു കൊണ്ടും കേരളത്തിലെ എല്ലാ ഇടങ്ങളിലും പൊതുവായുമാണ് ക്യാമ്പയിൻ നടക്കുക. നിപ രോഗത്തെയും മഹാമാരികളെയും പ്രതിരോധിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ രൂപപ്പെടുത്തുക, അതിന് ആവശ്യമായ അവബോധം വളർത്തുക, രോഗ പകർച്ച ഉണ്ടാകാൻ സാധ്യതയുള്ള ഇടങ്ങൾ കണ്ടെത്തി ഇടപെടുക, പൊതുമാധ്യമങ്ങളിലൂടെ വ്യാപകമായി നിപ/പക്ഷിപ്പനി/ മറ്റ് മഹാമാരി സാധ്യതയുള്ള രോഗങ്ങൾ ഇവയെ പ്രതിരോധിക്കുന്നതിന്റെ പ്രാധാന്യത്തെപ്പറ്റി പ്രചരണം ശക്തിപ്പെടുത്തുക, ആരോഗ്യവകുപ്പിന്റെയും മൃഗസംരക്ഷണ വകുപ്പിന്റെയും നേതൃത്വത്തിൽ കേരളത്തിൽ എമ്പാടും ഈ രോഗം സംശയിക്കപ്പെടുന്ന ആളുകളുടെ സ്ക്രീനിംഗ നടത്തുക. പുതിയ പഠന പ്രവർത്തനങ്ങൾ നടത്തുക, വിവിധ സംഘടനകളുടെയും ലൈബ്രറി കൗൺസിലിന്റെയും സഹായത്തോടുകൂടി ഗ്രാമ ഗ്രാമാന്തരങ്ങളിലും സെമിനാറുകൾ സംഘടിപ്പിക്കുക, സംസ്ഥാന തലത്തിൽ സെമിനാറുകളും ശില്പശാലകളും സംഘടിപ്പിക്കുക തുടങ്ങി ഒട്ടേറെ പരിപാടികൾ ഈ ക്യാമ്പയിന്റെ ഭാഗമായി നടത്തേണ്ടതുണ്ട്. ഓരോ വർഷവും നിപ മഹാമാരി പ്രതിരോധ തീവ്രയജ്ഞ പരിപാടികൾ ഏതൊരു രീതിയിലാണ് നടത്തേണ്ടത് എന്നും അതിൽ ആരൊക്കെയാണ് ഭാഗഭാക്കാകേണ്ടത് എന്നും ഓരോരുത്തരും ഏത് രീതിയിലാണ് അവരുടെ കടമകൾ നിർവ്വഹിക്കേണ്ടത് എന്നും ആദ്യം തന്നെ നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്തുന്നതാണ്. സെപ്റ്റംബർ മാസം അവസാനം ക്യാമ്പയിൻ സമാപിക്കുന്നതോടൊപ്പം ആഗോളതലത്തിൽ തന്നെ നിപരോഗ പ്രതിരോധത്തിനും മഹാമാരികളുടെ | |

| | |
|---|---|
| | പ്രതിരോധത്തിനുമായി പ്രവർത്തിക്കുന്ന വ്യക്തികളുടെയും സംഘടനകളുടെയും ഒരു സമ്മേളനം നടത്താനാണ് ആഗ്രഹിക്കുന്നത്. |
| ഏപ്രിൽ (8-14) | **ബഹുജന ക്യാമ്പയിൻ മുന്നൊരുക്കങ്ങൾ** |
| ഏപ്രിൽ (15-21) | **ബഹുജന ക്യാമ്പയിൻ :** ഒന്നാംഘട്ട മോക്ക് ഡ്രില്ലുകൾ |
| ഏപ്രിൽ (22-30) | കേരളത്തിൽ നിപ ബാധയുണ്ടാകാൻ ഏറ്റവും സാധ്യത കല്പിക്കപ്പെടുന്നത് മെയ് മുതൽ സെപ്റ്റംബർ മാസം വരെ ആയതിനാൽ ഏപ്രിൽ രണ്ടാം പാദം മോക്ക് ഡ്രില്ലുകൾക്കായി നീക്കി വെയ്ക്കണം. സംവിധാനങ്ങളെ ഉണർത്തുകയും അപാകതകൾ ഉണ്ടെങ്കിൽ നന്നാക്കുകയും ചെയ്യുന്നതോടൊപ്പം ബഹുജനങ്ങളിൽ അവബോധം ഉണർത്തുന്നതിനും അവരെ അപകടസാധ്യത തിരിച്ചറിയാൻ സഹായിക്കുന്നതിനും മോക്ക് ഡ്രില്ലുകൾക്ക് ആകും. നിപ രോഗം പൊട്ടിപ്പുറപ്പെട്ട എന്ന സാങ്കൽപ്പിക സാഹചര്യം ഉണ്ടാക്കി, അത്തരം ഒരു സാഹചര്യത്തിൽ പ്രവർത്തനോന്മുഖമാകേണ്ട എല്ലാ സംവിധാനങ്ങളെയും ചട്ടുലമാക്കുകയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ആശുപത്രികളിൽ രോഗികൾ എത്തുന്ന സാഹചര്യം, കോൺടാക്ട് ട്രേസിംഗ്, ലബോറട്ടറി ടെസ്റ്റിംഗ്, മൃഗങ്ങളിൽ നടക്കേണ്ട അന്വേഷണങ്ങൾ, എപിഡെമിയോളജിക്കൽ ഇൻവെസ്റ്റിഗേഷനുകൾ, വിവിധ ഡിപ്പാർട്ട്മെന്റുകളുടെ ഏകോപനം തുടങ്ങി എല്ലാ മേഖലകളും മോക്ക് ഡ്രില്ലിൽ വരണം. മോക്ക് ഡ്രില്ലുകൾ നടത്തേണ്ട രീതിശാസ്ത്രം സംസ്ഥാന ആരോഗ്യവകുപ്പ് കാലേക്കൂട്ടി പ്രസിദ്ധീകരിക്കേണ്ടതാണ്. |
| മെയ് (1-7) | **ബഹുജന ക്യാമ്പയിൻ :**<br>കേരളത്തിൽ ആദ്യമായി നിപ റിപ്പോർട്ട് ചെയ്ത മെയ് ആദ്യവാരം നിപ വാരമായി ആചരിക്കുകയും സംസ്ഥാന വ്യാപകമായി നിപ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും വേണം. |
| മെയ് (8-14) | **ബഹുജന ക്യാമ്പയിൻ :**<br>അതിതീവ്ര നിപ പ്രതിരോധയജ്ഞ പരിപാടികൾ - കോഴിക്കോട് ജില്ല |
| മെയ് (15-21) | **ബഹുജന ക്യാമ്പയിൻ :**<br>അതിതീവ്ര നിപ പ്രതിരോധയജ്ഞ പരിപാടികൾ -വയനാട് ജില്ല |
| മെയ് (22-31) | **ബഹുജന ക്യാമ്പയിൻ :** |

| | |
|---|---|
| | അതിതീവ്ര നിപ പ്രതിരോധയജ്ഞ പരിപാടികൾ -മലപ്പുറം ജില്ല |
| ജൂൺ (1–7) | **ബഹുജന ക്യാമ്പയിൻ :**<br>അതിതീവ്ര നിപ പ്രതിരോധയജ്ഞ പരിപാടികൾ -കണ്ണൂർ ജില്ല |
| ജൂൺ (8–14) | **ബഹുജന ക്യാമ്പയിൻ :**<br>അതിതീവ്ര നിപ പ്രതിരോധയജ്ഞ പരിപാടികൾ – കാസറഗോഡ് ജില്ല |
| ജൂൺ (15–21) | **ബഹുജന ക്യാമ്പയിൻ :**<br>അതിതീവ്ര നിപ പ്രതിരോധയജ്ഞ പരിപാടികൾ – പാലക്കാട് ജില്ല |
| ജൂൺ (22–30) | **ബഹുജന ക്യാമ്പയിൻ :**<br>അതിതീവ്ര നിപ പ്രതിരോധയജ്ഞ പരിപാടികൾ – തൃശ്ശൂർ ജില്ല |
| ജൂലൈ (1–7) | **ബഹുജന ക്യാമ്പയിൻ :**<br>അതിതീവ്ര നിപ പ്രതിരോധയജ്ഞ പരിപാടികൾ – എറണാകുളം ജില്ല |
| ജൂലൈ (8–14) | **ബഹുജന ക്യാമ്പയിൻ :**<br>അതിതീവ്ര നിപ പ്രതിരോധയജ്ഞ പരിപാടികൾ – ഇടുക്കി ജില്ല |
| ജൂലൈ (15–21) | **ബഹുജന ക്യാമ്പയിൻ :**<br>അതിതീവ്ര നിപ പ്രതിരോധയജ്ഞ പരിപാടികൾ – കോട്ടയം ജില്ല |
| ജൂലൈ (22–31) | **ബഹുജന ക്യാമ്പയിൻ :**<br>അതിതീവ്ര നിപ പ്രതിരോധയജ്ഞ പരിപാടികൾ – പത്തനംതിട്ട ജില്ല |
| ആഗസ്റ്റ് (1–7) | ബഹുജന **ക്യാമ്പയിൻ – രണ്ടാംഘട്ട മോക്ക് ഡ്രില്ലുകൾ** |
| ആഗസ്റ്റ് (8–15) | |

# നിപ പ്രതിരോധപ്രവർത്തനങ്ങൾക്കായുള്ള വാർഷിക കലണ്ടർ

| | | |
|---|---|---|
| | | |
| ആഗസ്റ്റ് (15-21) | **ബഹുജന ക്യാമ്പയിൻ :**<br>അതിതീവ്ര നിപ പ്രതിരോധയജ്ഞ പരിപാടികൾ - ആലപ്പുഴ ജില്ല | |
| ആഗസ്റ്റ് (22-31) | **ബഹുജന ക്യാമ്പയിൻ :**<br>അതിതീവ്ര നിപ പ്രതിരോധയജ്ഞ പരിപാടികൾ - കൊല്ലം ജില്ല | |
| സെപ്റ്റംബർ (1-7) | **ബഹുജന ക്യാമ്പയിൻ :**<br>അതിതീവ്ര നിപ പ്രതിരോധയജ്ഞ പരിപാടികൾ - തിരുവനന്തപുരം ജില്ല | |
| സെപ്റ്റംബർ (8-14) | **ബഹുജന ക്യാമ്പയിൻ :**<br>**പക്ഷിപ്പനി പ്രതിരോധത്തിനായുള്ള അതിതീവ്ര നിപപ്രതിരോധയജ്ഞ പരിപാടികൾ** ( ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ പ്രത്യേകമായി) | |
| സെപ്റ്റംബർ (15-21) | **ബഹുജന ക്യാമ്പയിൻ :**<br>**കുരങ്ങുപനി (KFD) പ്രതിരോധത്തിനായുള്ള അതിതീവ്ര നിപപ്രതിരോധയജ്ഞ പരിപാടികൾ** (വയനാട്, മലപ്പുറം ജില്ലകളിൽ) | |
| സെപ്റ്റംബർ(22-30) | **ബഹുജന ക്യാമ്പയിൻ :**<br>**ആഗോള നിപ/മഹാമാരി പ്രതിരോധ സമ്മേളനം** | |
| ഒക്ടോബർ (1-7) | AES/ARDS കേസുകളുടെയും മരണങ്ങളുടെയും ഓഡിറ്റിംഗിനു വേണ്ടിയുള്ള സമിതികളുടെ രൂപീകരണവും നിലവിലുള്ള സമിതികളുടെ അപ്ഡേറ്റിംഗും. | മൃഗങ്ങളിൽ ഉണ്ടായിട്ടുള്ള സംശയാസ്പദമായ സാഹചര്യങ്ങളുടെ ഓഡിറ്റിംഗിന് വേണ്ട മുന്നൊരുക്കങ്ങൾ |
| ഒക്ടോബർ (8-14) | | മാർച്ച് മുതൽ സെപ്റ്റംബർ വരെ |

## നിപ പ്രതിരോധപ്രവർത്തനങ്ങൾക്കായുള്ള വാർഷിക കലണ്ടർ

| | | |
|---|---|---|
| ഒക്ടോബർ (15–21) | മാർച്ച് മുതൽ സെപ്റ്റംബർ വരെ (ഹൈ റിസ്ക് പീരീഡ്) റിപ്പോർട്ട് ചെയ്തിട്ടുള്ള AES/ARDS കേസുകളുടെയും മരണങ്ങളുടെയും ഓഡിറ്റിംഗ് | (ഹൈ റിസ്ക് പീരീഡ്) മൃഗങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള സംശയാസ്പദമായ സാചര്യങ്ങളുടെ ഓഡിറ്റിംഗ് |
| ഒക്ടോബർ (22–31) | | |
| നവംബർ (1–7) | സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയറുകൾ, മാർഗ്ഗരേഖകൾ, ചികിത്സാ പ്രോട്ടോക്കോളുകൾ എന്നിവയുടെ അപ്ഡേഷൻ: | |
| നവംബർ (8–14) | ഈ പ്രവർത്തനങ്ങൾക്കിടയിൽ നിപ അണുബാധ മൃഗങ്ങളിലോ മനുഷ്യനിലോ കണ്ടെത്തുന്ന അപൂർവ്വ സാഹചര്യം ഉണ്ടാവുകയാണെങ്കിൽ പ്രസ്തുത അനുഭവങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ടും, നിപ രോഗത്തിന്റെ എപ്പിഡെമിയോളജി, ചികിത്സാ പ്രതിരോധം എന്നിവയെ സംബന്ധിച്ച് അന്തർദേശീയമായി തന്നെ രൂപപ്പെട്ടിട്ടുള്ള പുതിയ അറിവുകൾ സമാഹരിച്ചുകൊണ്ടും നിപ പ്രതിരോധത്തിനായി സംസ്ഥാനത്ത് ആരോഗ്യവകുപ്പും മറ്റ് അനുബന്ധ വകുപ്പുകളും ഉപയോഗിക്കുന്ന തന്ത്രങ്ങളും രേഖകളും ചിട്ടപ്പെടുത്തേണ്ടതാണ്. | |
| നവംബർ (15–21) | | |
| നവംബർ (22–30) | | |
| ഡിസംബർ (1–7) | ട്രെയിനിംഗ് രീതിശാസ്ത്രം, മൊഡ്യൂളുകൾ, റിസോഴ്സ് ഗ്രൂപ്പുകൾ, ടൈം ടേബിളുകൾ എന്നിവ രൂപപ്പെടുത്തലും, മുന്നൊരുക്കവും: | |
| ഡിസംബർ (8–14) | അടുത്ത വർഷത്തേക്ക് നടത്തേണ്ട ട്രെയിനിംഗിന്റെ രീതിശാസ്ത്രവും, സമയക്രമവും, ട്രെയിനിംഗിൽ ഉപയോഗിക്കേണ്ട അക്കാദമിക കണ്ടന്റും ട്രെയിനിംഗ് നടത്തേണ്ട ആളുകൾ സ്ഥാപനങ്ങൾ എന്നിവയെപ്പറ്റിയുള്ള വിവരങ്ങളും മുൻകൂട്ടി തയ്യാറാക്കി വയ്ക്കേണ്ടതാണ്. | |
| ഡിസംബർ (15–21) | | |
| ഡിസംബർ (22–31) | അവലോകനവും ഭാവിപ്രവർത്തനങ്ങളുടെ ആസൂത്രണവും | |

മേൽ വിവരിച്ച പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി കേരളം ഇതിനകം തന്നെ അഭിമുഖീകരിച്ച നിപ അണുബാധകളിൽ നിന്നും നാം പഠിച്ച നിപ പ്രതിരോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് സഹായകരമായി പ്രധാന പാഠങ്ങൾ എന്തൊക്കെയാണ് എന്നതിന്റെ ഒരു സംക്ഷിപ്തം താഴെ നൽകിയിരിക്കുന്നു.

**കേരളം അഭിമുഖീകരിച്ച നിപ അണുബാധകളിൽ നിന്നും അതിനെ തുടർന്നുള്ള പഠനങ്ങളിൽ നിന്നും ഉള്ള അടിസ്ഥാന വിവരങ്ങൾ**

- കേരളത്തിൽ വവ്വാലുകളിൽ നിന്നും നിപ വൈറസ് മനുഷ്യർക്കിടയിലേയ്ക്ക് എത്തിയ നാല് അവസരങ്ങളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; 2018, 2019, 2021, 2023 വർഷങ്ങളിലാണ് ഇവ ഉണ്ടായിരിക്കുന്നത്.
- ഇതിൽ രണ്ട് അവസരങ്ങളിൽ, അതായത് 2018 ലും 2023 ലും കുടുംബങ്ങൾക്കുള്ളിലും ആശുപത്രികൾ കേന്ദ്രീകരിച്ചും അണുബാധ മറ്റുള്ളവരിലേയ്ക്കും രോഗം പടരുന്ന സാഹചര്യം ഉണ്ടായി.
- കേരളത്തിൽ മനുഷ്യർക്കിടയിലും വവ്വാലുകൾക്കിടയിലും കണ്ടെത്തിയിട്ടുള്ള നിപ വൈറസ് വകഭേദം ബംഗ്ലാദേശിൽ കാണപ്പെടുന്ന നിപ വൈറസുമായി ജനിതകമായി വളരെ സാമ്യമുള്ളതാണെങ്കിലും അവിടെനിന്നും കടന്നുവന്നതല്ല എന്നാണ് ശാസ്ത്രമതം. ജനിതക പ്രത്യേകതകൾ കാണിക്കുന്നത് കേരളത്തിൽ നേരത്തെ തന്നെ ഈ വൈറസ് വവ്വാലുകളിൽ കുറച്ചു കാലമായി ഉണ്ട് എന്നും എന്നാൽ 2018 ന് ശേഷം മാത്രം നാം കണ്ടെത്തി എന്നും ആണ്.
- 2018 മുതൽ 2023 വരെയുള്ള കാലയളവിൽ കേരളത്തിൽ മനുഷ്യരിലും വവ്വാലുകളിലുമായി കണ്ടെത്തിയ നിപ വൈറസിനു തമ്മിൽ ജനിതക വ്യത്യാസങ്ങൾ കാര്യമായി കാണുന്നില്ല. അതേസമയം ഈ രോഗം ഉണ്ടാക്കുന്ന മരണ നിരക്ക് 90% ത്തിൽ നിന്നും ഏതാണ്ട് 33%ത്തിലേയ്ക്ക് താഴ്ത്തി കൊണ്ടുവരാൻ നമുക്ക് ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്.
- പഴന്തീനി വവ്വാലുകളിൽ കാണപ്പെടുന്ന ഈ വൈറസ് ഏതൊക്കെ രീതിയിലാണ് മനുഷ്യരിലേയ്ക്ക് എത്തിച്ചേരുക എന്നുള്ളതിന് കൃത്യമായ തെളിവുകൾ നമുക്ക് ലഭിച്ചിട്ടില്ല. മാത്രമല്ല ഏതെങ്കിലും മൃഗങ്ങൾ വവ്വാലുകൾക്കും മനുഷ്യർക്കും ഇടയിൽ ഇടനിലക്കാരായി വർത്തിച്ചുകൊണ്ട് അണുബാധ മനുഷ്യരിലേയ്ക്ക് എത്തിക്കുന്നുണ്ടോ എന്ന കാര്യവും കണ്ടെത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഇത്തരത്തിലുള്ള കാര്യങ്ങൾ, കണ്ടെത്തുന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- കേരളത്തിൽ ഉണ്ടായിട്ടുള്ള എല്ലാ നിപ ബാധകളും മെയ് മാസം മുതൽ സെപ്റ്റംബർ മാസം വരെയുള്ള സമയത്താണ് നടന്നിട്ടുള്ളത്. നമ്മുടെ നാട്ടിൽ വവ്വാലുകളുടെ ഇണചേരലും പ്രജനനവും നടക്കുന്ന സമയമാണ് ഇത്. മാത്രമല്ല നമ്മുടെ നാട്ടിൽ സുലഭമായ ഏതാണ്ട് എല്ലാ പഴവർഗ്ഗങ്ങളും മൂത്ത് പഴുക്കുന്നത് ഈ സമയത്താണ് എന്ന് കാണാവുന്നതാണ്.

പ്രജനനകാലത്ത് വവ്വാലുകളിൽ നിപ വൈറസിന്റെ സാന്നിധ്യം വളരെ കൂടുതലാവുകയും അത് നേരിട്ടോ (വവ്വാലുകളുമായുള്ള സമ്പർക്കം, അവയെ മാംസത്തിനായി ഉപയോഗിക്കുക, തുടങ്ങിയവ) വവ്വാലുകൾ കടിച്ച് ഉപേക്ഷിക്കുന്ന പഴങ്ങൾ വഴിയായോ, അവയുടെ വിസർജ്യം വഴിയായോ, വാഴക്കുമ്പുകളിലെ തേൻ പോലെയുള്ള വസ്തുക്കൾ വഴിയായോ, ഇടനിലക്കാരായി നിൽക്കുന്ന മൃഗങ്ങൾ വഴിയായോ മനുഷ്യരിലേക്ക് എത്തിച്ചേരാം.

- വവ്വാലുകളെ പിടികൂടുക, വേദനിപ്പിക്കുക, അവയുടെ ആവാസവ്യവസ്ഥ തകർക്കുക, ഭയപ്പെടുത്തുക തുടങ്ങിയ സാഹചര്യങ്ങൾ വൈറസുകൾ കൂടുതൽ മനുഷ്യരിലേയ്ക്ക് എത്തുന്ന അവസ്ഥ സൃഷ്ടിക്കും എന്ന് ധാരാളം പഠനങ്ങൾ കാണിക്കുന്നുണ്ട്.
- ഏതെങ്കിലും കാരണവശാൽ നിപ ബാധ മനുഷ്യരിലേയ്ക്ക് എത്തുന്ന സാഹചര്യം ഉണ്ടെങ്കിൽ അത് നേരത്തെ കണ്ടെത്തുന്നത് ഇത്തരം അണുബാധകൾ കാരണമുള്ള മരണനിരക്കും സങ്കീർണ്ണതകളും കുറച്ചുകൊണ്ടുവരും എന്നാണ് നമ്മുടെ അനുഭവങ്ങൾ കാണിക്കുന്നത്.
- മസ്തിഷ്കജ്വരത്തിന് സമാനമായ രോഗലക്ഷണങ്ങൾ, പെട്ടെന്നുണ്ടാകുന്ന ശ്വാസംമുട്ടൽ ഇവയോടുകൂടിയുള്ള പനികൾ നിരീക്ഷിക്കുന്നതിലൂടെ നിപ ഉൾപ്പെടെയുള്ള ഗുരുതരമായ വൈറസ് പകർച്ചവ്യാധികളെ നേരത്തെ കണ്ടെത്താൻ കഴിയും.
- കുടുംബത്തിനുള്ളിലോ, അടുത്ത സുഹൃത്തുക്കൾക്കിടയിലോ, ഒരുമിച്ച് പ്രവർത്തിയെടുക്കുന്ന ആളുകളിലോ ഒന്നിലധികം ആളുകൾ സമാന സാഹചര്യത്തിൽ മരണപ്പെടുകയോ, അവർക്കിടയിൽ മസ്തിഷ്കജ്വരത്തിന് സമാനമായ രോഗലക്ഷണങ്ങൾ ഉള്ള പനികൾ ഉണ്ടാവുകയോ ചെയ്താൽ നിപ ബാധ സംശയിക്കണം.
- ആശുപത്രികളുടെ തിരക്കേറിയ കാഷ്വാലിറ്റി അല്ലെങ്കിൽ എമർജൻസി ഡിപ്പാർട്ട്മെന്റ്, പരിശോധന മുറികൾ തുടങ്ങിയ ഇടങ്ങളിൽ ഉയർന്ന അളവിൽ നിപയുടെ പകർച്ച സംഭവിക്കാം എന്ന് നമ്മുടെ അനുഭവങ്ങൾ കാണിക്കുന്നു.
- മാസ്കുകൾ പോലെയുള്ള വ്യക്തിസുരക്ഷാ മാർഗ്ഗങ്ങൾ ശീലമാക്കാത്ത ആരോഗ്യപ്രവർത്തകരിലേയ്ക്ക് നിപ പോലെയുള്ള രോഗങ്ങൾ പകരാനുള്ള സാധ്യത വളരെ കൂടുതലാണ്.

# വിവിധ വകുപ്പുകളുടെ പങ്കാളിത്തം

## ആരോഗ്യവകുപ്പ്

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പദ്ധതികൾ തയ്യാറാക്കുവാനും നടപ്പിലാക്കുവാനും വേണ്ട സാങ്കേതിക, ശാസ്ത്രീയ അവബോധം നൽകുക, നടപ്പിലാക്കാൻ നേതൃത്വം നൽകുക. പബ്ലിക് ഹെൽത്ത് ആക്ടിലെ ബന്ധപ്പെട്ട വകുപ്പുകൾ ആവശ്യമെങ്കിൽ പ്രാബല്യത്തിൽ വരുത്തുക
- രോഗ നിരീക്ഷണം, കൊതുക് നിരീക്ഷണം, ലബോറട്ടറി നിരീക്ഷണം തുടങ്ങിയവ നിരന്തരമായി നടത്തി ഇവ സംബന്ധിച്ച പ്രതിദിന/പ്രതിവാര റിപ്പോർട്ടുകൾ വിശകലനം ചെയ്ത് രോഗം പൊട്ടിപ്പുറപ്പെടാനുള്ള സാധ്യത മുൻകൂട്ടി കണ്ടുപിടിക്കൽ, തുടർ നടപടികൾ സ്വീകരിക്കൽ
- അംഗീകൃത ചികിത്സാ മാർഗ്ഗരേഖകൾ ഉപയോഗിച്ച് രോഗചികിത്സയും പരിചരണവും
- രോഗം പൊട്ടിപ്പുറപ്പെട്ടാൽ ദ്രുതകർമ്മസേന ഇടപെട്ട് കാര്യകാരണ വിശകലനം നടത്തി രോഗ നിയന്ത്രണം സാധ്യമാക്കൽ
- പകർച്ചവ്യാധികൾ കൂടുതലുള്ള സീസണിൽ പനിവാർഡ്, ഔട്ട്റീച്ച്ക്ലിനിക്ക്, മെഡിക്കൽ ക്യാമ്പ് തുടങ്ങിയവ സജ്ജീകരിക്കൽ
- ഹൈ റിസ്ക് പ്രദേശങ്ങളിൽ പ്രത്യേക കർമ്മപരിപാടികൾ
- ആവശ്യാനുസരണം മരുന്ന്, മാനവവിഭവശേഷി, ഫണ്ട്, പരിശോധനാ കിറ്റുകൾ, സാധന സാമഗ്രികൾ, ഉപകരണങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ
- മഴക്കാല പൂർവ്വ ശുചീകരണം, കൊതുക് നിയന്ത്രണം, ജലശുദ്ധീകരണം, പ്രതിവാര ഡ്രൈ ഡേ ഒബ്സർവേഷൻ തുടങ്ങിയവയ്ക്ക് ഇതരവകുപ്പുകളുമായി ചേർന്നുള്ള പ്രവർത്തന പരിപാടികൾ സംഘടിപ്പിക്കുക, ഫീൽഡ്തല സ്ക്വാഡുകൾ രൂപീകരിക്കുക, കർമ്മപരിപാടിയിൽ പങ്കാളിയാകുക.
    - ഈഡിസ് കൊതുക് നിയന്ത്രണത്തിന് പ്രധാന ഉറവിടം കണ്ടെത്തി നീക്കംചെയ്യൽ
    - തോട്ടം മേഖലയിൽ ഉറവിടനശീകരണത്തിന് കർമ്മപരിപാടി
    - ജലദൗർലഭ്യം ഉള്ളിടത്തും ഹൈ റിസ്ക് പ്രദേശങ്ങളിലും കർമ്മപരിപാടി
    - പ്രതിവാര ആരോഗ്യജാഗ്രത നിരീക്ഷണം
    - വിദ്യാർത്ഥികൾക്ക് പ്രത്യേക പരിപാടികൾ, മത്സരങ്ങൾ
    - മലമ്പനി, ഡെങ്കിപ്പനി വിരുദ്ധമാസാചരണങ്ങൾ

- രോഗം പടരുന്ന സാഹചര്യങ്ങൾ മുൻകൂട്ടി കാണാൻ ഫീൽഡ്തല സന്ദർശനങ്ങൾ
- ഫീൽഡ്തല പ്രവർത്തനങ്ങൾ ഉറപ്പാക്കൽ, ക്രോസ് ചെക്കിംഗ്, മേൽനോട്ടം, വിലയിരുത്തൽ
- വാർഡ്തല ആരോഗ്യ ശുചിത്വ പോഷണ സമിതികളുടെയും വിവിധ തലങ്ങളിൽ (സംസ്ഥാനം മുതൽ പഞ്ചായത്ത് വരെ) ഉള്ള രോഗനിയന്ത്രണ/അവലോകന സമിതികളുടേയും യോഗങ്ങൾ യഥാസമയം സംഘടിപ്പിക്കൽ.
- വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ പകർച്ചവ്യാധി പ്രതിരോധം സഫലമാക്കാൻ ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം നടത്തിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
- ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും, സന്നദ്ധപ്രവർത്തകർക്കും ജനപ്രതിനിധികൾക്കും മറ്റുള്ളവർക്കും ആവശ്യമായ ബോധവൽക്കരണവും പരിശീലനവും നൽകുക. അതിന് ആവശ്യമായ ബോധവൽക്കരണ ഉപാധികളും സാമഗ്രികളും തയ്യാറാക്കി ലഭ്യമാക്കുക. ഉദാ: കൈപ്പുസ്തകം.
- രോഗം പകരുന്നതിന് സാഹചര്യം സൃഷ്ടിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും എതിരെ പൊതുജനാരോഗ്യ നിയമപ്രകാരം നടപടികൾക്ക് നോട്ടീസ് നൽകൽ.
- വിവിധ തലങ്ങളിൽ യോഗം ചേർന്ന് ആരോഗ്യജാഗ്രതാ പ്രവർത്തന പുരോഗതി അവലോകനം ചെയ്യേണ്ടതാണ്.

## മെഡിക്കൽ വിദ്യാഭ്യാസം

- പീഡ് സെൽ വഴിയുള്ള രോഗനിരീക്ഷണ പ്രവർത്തനങ്ങൾ
- സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഉള്ള ആർ.ആർ.ടിയിൽ അംഗങ്ങളായി പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളിൽ പങ്കാളികളാവുക
- ആവശ്യമായ ഗവേഷണ പ്രവർത്തനങ്ങൾ, സെമിനാറുകൾ എന്നിവ നടത്താനും ഗൈഡ് ലൈനുകളും പ്രോട്ടോകോളുകളും മറ്റും തയ്യാറാക്കാനും സഹായിക്കുക.
- ലബോറട്ടറി വഴിയുള്ള വിദഗ്ദ്ധ പരിശോധനകൾ (ലാബ് സർവ്വേലൻസ്) നടത്തുക. റഫറൽ ലാബ് നെറ്റ് വർക്കിംഗ് സിസ്റ്റത്തിലൂടെ ഔട്ട് ബ്രേക്ക് സാമ്പിളുകൾ സ്ഥിരീകരിക്കുക.
- കമ്മ്യൂണിറ്റി മെഡിസിൻ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ രോഗപ്രതിരോധത്തിനാവശ്യമായ ബോധവൽക്കരണ, ശീലവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- ആശുപത്രികളിൽ അണുനശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുക.
- സംസ്ഥാന/ജില്ലാ തലത്തിലുള്ള ഡെത്ത് ഓഡിറ്റിംഗിൽ പങ്കെടുത്ത് വിദഗ്ധാഭിപ്രായം നൽകുക

## സ്വകാര്യ ആശുപത്രികൾ, ഡോക്ടർമാരുടെ സംഘടനകൾ

- രോഗനിരീക്ഷണത്തിന്റെ ഭാഗമായി പകർച്ച വ്യാധികൾ യഥാസമയം റിപ്പോർട്ട് ചെയ്യുക.
- കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെയും സംസ്ഥാന ആരോഗ്യവകുപ്പിന്റെയും ചികിൽസാ മാർഗ്ഗരേഖകൾ അവലംബിച്ചുള്ള ചികിൽസാ രീതി ഉറപ്പുവരുത്തുക, അതിനാവശ്യമായ പരിശീലനം നൽകുക.

- ഡോക്ടർമാർക്കും മറ്റു ജീവനക്കാർക്കും ആവശ്യമായ പരിശീലനം യഥാസമയം നൽകുക, പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.
- അണുനശീകരണ പ്രവർത്തനങ്ങളും, കൊതുകു നശീകരണ പ്രവർത്തനങ്ങളും ഊർജ്ജിതമാക്കുക.

## ആയുഷ് (AYUSH) വകുപ്പ്

- തദ്ദേശ സ്വയംഭരണ സ്ഥാപന തലങ്ങളിൽ നടക്കുന്ന ആരോഗ്യജാഗ്രത പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം
- പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ജീവനക്കാർക്ക് ആവശ്യമായ പരിശീലനം
- സ്ഥാപനങ്ങളിൽ ബോധവത്കരണ സന്ദേശങ്ങൾ പ്രദർശിപ്പിക്കുക
- പകർച്ചവ്യാധികൾ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ടവരെ യഥാസമയം അറിയിക്കുക

## തദ്ദേശസ്വയംഭരണം

- ആരോഗ്യവകുപ്പ്, ശുചിത്വ മിഷൻ, ഹരിതകേരള മിഷൻ തുടങ്ങിയവയുടെ നേതൃത്വത്തിൽ പൊതുജനപങ്കാളിത്തത്തോടെ ചിട്ടയായ മാലിന്യ നിർമ്മാർജ്ജനം, പരിസര ശുചീകരണം കൊതുകുറവിട നശീകരണം, തുടങ്ങിയ പ്രവർത്തനങ്ങൾ സമയബന്ധിതമായി വർഷം മുഴുവൻ നടപ്പിലാക്കുക.
- പഞ്ചായത്ത്/നഗര പ്രദേശങ്ങളിൽ പകർച്ചവ്യാധി നിയന്ത്രണത്തിനാവശ്യമായ വാർഷിക കർമ്മ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.
- പകർച്ചവ്യാധി  നിയന്ത്രണ പ്രവർത്തനങ്ങളിൽ വാർഡ്തല ആരോഗ്യശുചിത്വ സമിതികളെ പ്രവർത്തന സജ്ജമാക്കുക, ആവശ്യമായ ഫണ്ട് ഉറപ്പാക്കുക.
- തൊഴിലുറപ്പ് പദ്ധതികളിൽ ഏർപ്പെടുന്നവർക്ക് വ്യക്തിഗത സുരക്ഷാമാർഗ്ഗങ്ങളും എലിപ്പനി പ്രതിരോധ ചികിത്സയും ഉറപ്പാക്കുക
- ജലദൗർലഭ്യമുള്ള വാർഡുകൾ നേരത്തേ കണ്ടെത്തി സമയബന്ധിതമായി ശുദ്ധജല ലഭ്യത ഉറപ്പാക്കുക.
- ഖര, ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
- പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള വിവിധ തരം സമിതികളിൽ നേതൃത്വപരമായ പങ്കാളിത്തം ഉറപ്പാക്കുക.
- ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും അതിന്റെ അധികാരപരിധിയിൽ വരുന്ന സ്വകാര്യ ആശുപത്രികൾ, ക്ലിനിക്കുകൾ, ആയുർവ്വേദാശുപത്രികൾ, ഹോമിയോ ആശുപത്രികൾ തുടങ്ങിയ സ്ഥാപനങ്ങളിൽ സേവനം നൽകപ്പെടുന്ന പകർച്ചവ്യാധിയുടെ വിവരങ്ങൾ യഥാസമയം ഐ.ഡി.എസ്.പി.യിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നു എന്ന് ഉറപ്പാക്കുക.

- പകർച്ചവ്യാധികൾ പിടിപെടുവാൻ ഉതകുന്ന സാഹചര്യം സൃഷ്ടിക്കുന്നവർക്ക് എതിരെ നിയമ നടപടികൾ സ്വീകരിക്കുക.

- സാംക്രമിക രോഗങ്ങൾ കൂടുതൽ റിപ്പോർട്ട് ചെയ്തിട്ടുള്ള വാർഡുകളുടെ വിശദവിവരങ്ങൾ പഞ്ചായത്ത് വാർത്താ ബോർഡുകളിൽ പ്രദർശിപ്പിക്കുകയും ആരോഗ്യസേന/വാർഡ്തല ശുചിത്വ സമിതി വഴി ആയതിനുള്ള പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുക.

- ആഴ്ചയിലൊരിക്കൽ ഉറവിട നശീകരണവും ഡ്രൈ ഡേ ആചരണവും വീടുകളിലും സ്ഥാപനങ്ങളിലും വാർഡ്തല ശുചിത്വ പോഷണ സമിതികളുടെ നേതൃത്വത്തിൽ ആശ അംഗൻവാടി പ്രവർത്തകരുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുക, നടപടികൾ സ്വീകരിക്കുക.

**വനം , വന്യജീവി സംരക്ഷണം**

- വന്യജീവികളുടെ ആരോഗ്യസ്ഥിതി കൃത്യമായി നിരീക്ഷിച്ച് രോഗങ്ങൾ നേരത്തെ കണ്ടെത്തുക.
- വന്യജീവികളുടെ മരണങ്ങൾ ശാസ്ത്രീയമായി പരിശോധിച്ച് മരണകാരണം കണ്ടെത്തി അതുവഴി രോഗങ്ങളുടെ സാന്നിധ്യം തിരിച്ചറിയുകയും ചെയ്യുക.
- വന്യമൃഗങ്ങളുടെയും പക്ഷികളുടെയും അസ്വാഭാവിക മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും നിരീക്ഷിക്കുന്നതിനും പ്രത്യേക സംവിധാനം.പക്ഷിപ്പനി (Bird Flu), കുരങ്ങുപനി (KFD) തുടങ്ങിയ രോഗങ്ങൾ പടരുമ്പോൾ ദേശാടന പക്ഷികളെയും കുരങ്ങുകളെയും നിരീക്ഷിക്കുക.
- മൃഗങ്ങൾ, മനുഷ്യർ, പരിസ്ഥിതി എന്നിവയുടെ ആരോഗ്യം പരസ്പരബന്ധിതമായതിനാൽ ആരോഗ്യ വകുപ്പുമായും മൃഗസംരക്ഷണ വകുപ്പുമായും ചേർന്ന് 'വൺ ഹെൽത്ത് ' പദ്ധതിയിലുള്ള സജീവ പങ്കാളിത്തം .
- മനുഷ്യരിലേക്കോ വളർത്തുമൃഗങ്ങളിലേക്കോ പകരാൻ സാധ്യതയുള്ള സാംക്രമിക രോഗങ്ങൾ (zoonotic diseases) തടയാൻ ആരോഗ്യ, മൃഗസംരക്ഷണ വകുപ്പുകളുമായി ചേർന്നുള്ള പ്രവർത്തനം.
- രോഗം സംശയിക്കുന്ന സാഹചര്യങ്ങളിൽ ആവശ്യമായ നടപടികൾ
- വനപാലകർക്കും വെറ്ററിനറി ഡോക്ടർമാർക്കും പ്രാദേശിക ജീവനക്കാർക്കും രോഗനിരീക്ഷണത്തിലും നിയന്ത്രണത്തിലും പരിശീലനം
- വനത്തോടു ചേർന്നു താമസിക്കുന്നവർക്കും ആദിവാസി സമൂഹങ്ങൾക്കും ജന്തുജന്യ രോഗങ്ങളെക്കുറിച്ച് അറിവ് നൽകുകയും രോഗബാധയുള്ള മേഖലകളിൽ നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യുക.
- മൃഗങ്ങളിൽ പടരുന്ന രോഗങ്ങൾ പ്രതിരോധിക്കാൻ റാപ്പിഡ് റെസ്പോൺസ് ടീമുകളുമായി (RRT) ചേർന്നുള്ള പ്രവർത്തനം.
- വനത്തിനുള്ളിൽ താമസിക്കുന്നവരുടെ ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങളിലുള്ള സഹകരണം

## ജലവിഭവവകുപ്പ്, കേരള വാട്ടർ അതോറിറ്റി

- ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പാക്കുക
- ജലനിധി ഉൾപ്പെടെ എല്ലാ ജലവിതരണ പദ്ധതികളിലും ജലശുദ്ധീകരണവും ക്ലോറിനേഷനും ഉറപ്പുവരുത്തുക.
- പമ്പിംഗ് സ്റ്റേഷനുകളിലെ ഫിൽട്ടർ ബെഡ്ഡിന്റെ പ്രവർത്തനങ്ങളും ശരിയായ ക്ലോറിനേഷനും ലോഗ് ബുക്ക് മെയിന്റനൻസും ഉറപ്പുവരുത്തുക. ആവശ്യമായ സന്ദർഭങ്ങളിൽ (ജലജന്യരോഗങ്ങൾ ഉണ്ടാകുമ്പോഴും മറ്റും) സൂപ്പർ ക്ലോറിനേഷൻ നടത്തുക.
- പമ്പിംഗ് സ്റ്റേഷൻ പരിസരങ്ങളിലെ ജലസ്രോതസ്സുകളുടെ മലിനീകരണം പൂർണ്ണമായും തടയുക, ആവശ്യമെങ്കിൽ നിയമനടപടികളെടുക്കുക.
- ജലവിതരണ പൈപ്പുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുകയും കുടിവെള്ളം ഓടകളുടെ/സീവേജ് പൈപ്പുകളുടെ വെള്ളവുമായി കലരുന്ന സാഹചര്യങ്ങൾ ഒഴിവാക്കുകയും ചെയ്യുക.
- ആരോഗ്യവകുപ്പ് നൽകുന്ന ജലസാമ്പിളുകൾ സൗജന്യമായി പരിശോധിക്കാനുള്ള നടപടി സ്വീകരിക്കുക.
- കുടിവെള്ളത്തിന്റെ (പൈപ്പ് വെള്ളം, കിണർവെള്ളം തുടങ്ങിയവ) ഗുണമേന്മ പരിശോധനകൾ നടത്തുക, തുടർനടപടികളെടുക്കുക.
- വിതരണം ചെയ്യുന്ന ജലത്തിലെ ക്ലോറിൻ അളവ് വിവിധതലങ്ങളിൽ മോണിറ്റർ ചെയ്യുക.
- ജലദൗർലഭ്യമുള്ള സ്ഥലങ്ങളിൽ ശുദ്ധമായ കുടിവെള്ളം ഉറപ്പുവരുത്തുക. ടാങ്കർ ലോറി വഴി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണമേന്മ ഉറപ്പാക്കുക.
- വ്യാവസായികാടിസ്ഥാനത്തിലുള്ള ഐസ്, ശീതള പാനീയങ്ങളിൽ ഉപയോഗിക്കുന്നത് നിരോധിക്കുക.
- ജലസുരക്ഷ സംബന്ധിച്ച് ബോധവൽക്കരണം നടത്തുക.
- എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ അതാത് തലങ്ങളിൽ യോഗം ചേർന്ന് നടപടി സ്വീകരിക്കണം.

## തൊഴിൽ വകുപ്പ്

- അതിഥി തൊഴിലാളികളുടെ കൃത്യമായ വിവരശേഖരണം, രജിസ്ട്രേഷൻ, ഹെൽത്ത് കാർഡ് വിതരണം എന്നിവ നടത്തുക.
- ആരോഗ്യകരമായ ചുറ്റുപാടിലും പകർച്ചവ്യാധി സാദ്ധ്യതയില്ലാത്ത അന്തരീക്ഷത്തിലുമാണ് തൊഴിലാളികൾ താമസിക്കുന്നതും പണിയെടുക്കുന്നതും എന്ന് ഉറപ്പുവരുത്തുക.
- തൊഴിലാളികളുടെ താമസകേന്ദ്രങ്ങളിലും പ്രധാന തൊഴിൽമേഖലകളിലും രോഗ നിരീക്ഷണം, കൊതുക് നിരീക്ഷണം, മെഡിക്കൽ ക്യാമ്പുകൾ, ആരോഗ്യ ബോധവൽക്കരണം, മലമ്പനി, മന്തുരോഗ പരിശോധനകൾ തുടങ്ങിയവ ആരോഗ്യവകുപ്പുമായി ചേർന്ന് നടത്തുക.

- തോട്ടം മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനും പകർച്ചവ്യാധി പ്രതിരോധത്തിനും വേണ്ട നടപടികൾ സ്വീകരിക്കുക.

- ജില്ലാ ലേബർ ഓഫീസർമാർ അതാത് തലങ്ങളിൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ അവലോകനം ചെയ്യേണ്ടതാണ്.

## വനിതാശിശു വികസന വകുപ്പ്

- ഗൃഹ സന്ദർശനവും സ്ഥാപന സന്ദർശനവും നടത്തുവാൻ ആവശ്യമായ അങ്കണവാടി വർക്കർ, ഹെൽപ്പർ തുടങ്ങിയവരെയും വോളണ്ടിയർമാരായും സൂപ്പർവൈസർമാരായും നിയോഗിക്കുക.

- അങ്കണവാടിയിലെ അമ്മമാരുടെ യോഗം ചേരലും ചർച്ചയും.

- അങ്കണവാടി വർക്കർമാർ ആരോഗ്യപ്രവർത്തകരെ പങ്കെടുപ്പിച്ചുകൊണ്ട് പോഷകാഹാര ത്തെക്കുറിച്ചും, പകർച്ചവ്യാധി പ്രതിരോധത്തെക്കുറിച്ചും അമ്മമാർക്കും കുട്ടികൾക്കും ക്ലാസുകളും, ബോധവൽക്കരണവും നടത്തുക.

- അങ്കണവാടികളിലും മറ്റ് സ്ഥാപനങ്ങളിലും കൊതുക്, ഈച്ച, എലി തുടങ്ങിയവയുടെ ഉറവിടങ്ങൾ ഇല്ല എന്ന് ഉറപ്പു വരുത്തുക. അങ്കണവാടികളിൽ കോവിഡ് മാർഗ്ഗനിർദ്ദേശ ങ്ങൾ പാലിക്കുക.

## വിദ്യാഭ്യാസം

- സ്കൂളുകളിൽ വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പരിസര ശുചീകരണവും, കൊതു കിന്റെ ഉറവിട നശീകരണവും ഉറപ്പാക്കുക.

- അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പകർച്ചവ്യാധി സംബന്ധമായ ആരോഗ്യ ബോധ വൽക്കരണവും പരിശീലനവും ഏർപ്പെടുത്തുക.

- സ്കൂളുകളിൽ ഹരിതചട്ടം നടപ്പിലാക്കുക.

- സ്കൂൾ അസംബ്ലികളിൽ ആരോഗ്യസന്ദേശങ്ങൾ വായിക്കുക, പ്രതിജ്ഞ എടുക്കുക.

- എല്ലാ വെള്ളിയാഴ്ചകളിലും കൊതുകുറവിട നശീകരണത്തിനായി ഡ്രൈഡേ ആചരണം നടത്തുക.

- ആരോഗ്യവകുപ്പുമായി ചേർന്ന് സാംക്രമിക രോഗങ്ങളെക്കുറിച്ചുള്ള ആരോഗ്യ വിദ്യാഭ്യാസ ക്ലാസുകൾ നിശ്ചിത ഇടവേള കളിൽ സംഘടിപ്പിക്കുക

- ആരോഗ്യവകുപ്പുമായി ചേർന്ന്, അപ്പർ പ്രൈമറി തലം മുതലുള്ള വിദ്യാർത്ഥികളെ ഉൾപ്പെടുത്തി അവരുടെ വീടുകളിൽ കൊതുകു നശീകരണ പ്രവർത്തനങ്ങളും ശുദ്ധജല ഉപയോഗം ശക്തിപ്പെടുത്തുന്നതിനുള്ള പരിപാടികളും സംഘടിപ്പിക്കുക.

- കുട്ടികളെക്കൊണ്ട് പകർച്ചവ്യാധി നിയന്ത്രണത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചുള്ള പ്രോജക്ടുകൾ ചെയ്യിക്കുക.

## കൃഷി

- രോഗ പ്രതിരോധ നിയന്ത്രണ കാര്യങ്ങളെക്കുറിച്ച് കർഷകർക്കിടയിലും ക്ഷീര കർഷ കർക്കിടയിലും അവബോധമുണ്ടാക്കുക.
- കൃഷി ഓഫീസുകളും പാൽ സൊസൈറ്റികളും മറ്റുംവഴി ജന്തുജന്യ രോഗമായ എലിപ്പനി യുടെ പ്രതിരോധത്തിന് ഊന്നൽ നൽകി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- കുഴി കമ്പോസ്റ്റിംഗ്, മണ്ണിര കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റുകൾ തുടങ്ങിയ മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുക, പ്രചരിപ്പിക്കുക. കർഷകർക്കും, കുടും ബശ്രീ പ്രവർത്തകർക്കും വേണ്ടി ഓർഗാനിക് ഫാമിങ് പരിശീലനങ്ങൾ സംഘടിപ്പിക്കുക.
- ജാഗ്രതദിനാചരണം, ജൈവിക നിയന്ത്രണം തുടങ്ങിയവ നടപ്പിലാക്കാൻ സഹായിക്കുക.
- കൃഷിത്തോട്ടങ്ങൾ, പൂന്തോട്ടങ്ങൾ, നഴ്സറികൾ, മഴക്കുഴികൾ, മഴവെള്ള സംഭരണികൾ, ടാങ്കുകൾ തുടങ്ങിയവയിൽ കൊതുകുകൾ പെരുകുന്നില്ല എന്ന് ഉറപ്പ് വരുത്തുക.
- എലി നശീകരണം, എലിമട നിർമ്മാർജ്ജനം.
- തൊഴിലാളികളും കർഷകരും വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പു വരുത്തുക.
- റബ്ബർ പ്ലാന്റേഷനുകളിലെ ചിരട്ടകളിലും, ലാറ്റക്സ് കപ്പുകളിലും കൊതുക് വളരാതിരിക്കാ നുള്ള നടപടി സ്വീകരിക്കുക. അടയ്ക്ക, കൈതച്ചക്ക, കാപ്പി, കൊക്കോ തുടങ്ങിയ തോട്ട ങ്ങളിൽ വെള്ളം കെട്ടിനിന്ന് കൊതുക് വളരാതിരിക്കാൻ വേണ്ട നടപടി എടുക്കുക.
- പ്രിൻസിപ്പൽ കൃഷി ഓഫീസർ, അസിസ്റ്റന്റ് ഡയറക്ടർ എന്നിവർ അതാത് തലങ്ങളിൽ യോഗം ചേർന്ന് പ്രവർത്തനാവലോകനം നടത്തണം.

## മൃഗസംരക്ഷണം

- കുരങ്ങ്, പന്നി, എലി, കന്നുകാലികൾ, വവ്വാലുകൾ, പക്ഷികൾ എന്നിവ വഴി പകരുന്ന രോഗങ്ങൾക്കെതിരെ നിരീക്ഷണം നടത്തുക.
- വനമേഖലകളിൽ കുരങ്ങുകളുടെ രോഗം, മരണം തുടങ്ങിയവ നിരീക്ഷിച്ച് ഉചിതമായ നട പടികൾ സ്വീകരിക്കുക (പ്രത്യേകിച്ച് വയനാട്, മലപ്പുറം തുടങ്ങിയ ജില്ലകളിൽ)
- മൃഗസംരക്ഷണ വകുപ്പിലെ ജീവനക്കാർക്കും തൊഴിലാളികൾക്കും മൃഗങ്ങൾക്കും ജന്തു ജന്യരോഗങ്ങൾക്കെതിരെ വാക്സിനേഷൻ നൽകുക.
- നായ്ക്കളുടെ വാക്സിനേഷൻ, വന്ധ്യംകരണം എന്നിവ ഊർജ്ജിതപ്പെടുത്തുക.
- ചെക്ക് പോസ്റ്റുകളിൽക്കൂടി സംസ്ഥാനത്തെത്തുന്ന കന്നുകാലികൾ, പക്ഷികൾ തുടങ്ങി യവ പരിശോധിക്കുക
- എലിപ്പനി പ്രതിരോധത്തിനാവശ്യമായ ബോധവൽക്കരണം നടത്തുക.
- പക്ഷിപ്പനി നിരീക്ഷണം (ദേശാടന പക്ഷികൾ, വളർത്തുപക്ഷികൾ ഉൾപ്പെടെ) നടത്തുക.

## പൊതുമരാമത്ത്

- നിർമ്മാണ/അറ്റകുറ്റ പ്രവൃത്തികൾ നടത്തുമ്പോഴും അതിന് ശേഷവും ഈച്ച, കൊതുക്, എലി തുടങ്ങിയവയുടെ വംശവർദ്ധനവിന് കാരണമായ സാഹചര്യങ്ങൾ ഉണ്ടാകുന്നില്ല എന്ന് ഉറപ്പ് വരുത്തണം.
- ഓടകളുടെ പരിശോധന നടത്തി ഓടകളിൽ ജലം കെട്ടിനിൽക്കുന്നില്ല എന്ന് ഉറപ്പാക്കണം.
- മാലിന്യംകൊണ്ട് അടഞ്ഞുപോയ ഓടകളിലെ മാലിന്യം നീക്കുക.
- കെട്ടിടനിർമ്മാണം നടക്കുന്നിടത്ത് കെട്ടിടത്തിനകത്തും പുറത്തും ജലം കെട്ടി നിൽക്കുന്നില്ല എന്ന് ഉറപ്പാക്കുക.
- റോഡ്/കെട്ടിട നിർമ്മാണ സാധനസാമഗ്രികൾ കൊതുകിന്റെ ഉറവിടം ആകാതെ ശ്രദ്ധിക്കുക. ഉപയോഗശേഷമുള്ളവ ശാസ്ത്രീയമായി നീക്കം ചെയ്യുക.
- എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവർ അതാത് തലങ്ങളിൽ യോഗം ചേർന്ന് പുരോഗതി അവലോകനം നടത്തേണ്ടതാണ്.

## ഫിഷറീസ്

- ഫിഷിംഗ് ഹാർബറുകളിലും തീരപ്രദേശങ്ങളിലും കൊതുക് പെരുകുന്ന സാഹചര്യം ഇല്ലാതാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
- തീരദേശത്ത് വീടിനു വെളിയിൽ കിടന്നുറങ്ങുന്ന ശീലം നിരുത്സാഹപ്പെടുത്തുക.
- മത്സ്യ വിത്ത് ഉൽപാദന കേന്ദ്രങ്ങളിലെ ടാങ്കുകളിലും പൂട്ടിക്കിടക്കുന്ന ഐസ് പ്ലാന്റുകളിലും കൊതുകു കൂത്താടികൾ ഇല്ല എന്ന് ഉറപ്പാക്കുക.
- ഉപയോഗശൂന്യമായി കിടക്കുന്ന ബോട്ടുകൾ, വഞ്ചികൾ, മത്സ്യം കൈകാര്യം ചെയ്യുന്ന ടാങ്കുകൾ എന്നിവയിലെ കൊതുക് പെരുകുന്ന സാഹചര്യങ്ങൾ ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിക്കുക.
- ഭക്ഷ്യാവശ്യത്തിനുപയോഗിക്കുന്ന മത്സ്യങ്ങളിൽ രാസവസ്തുക്കളുടെ ഉപയോഗം ഇല്ലാതാക്കുക, ഇതിനെതിരെയുള്ള ബോധവൽക്കരണം മത്സ്യത്തൊഴിലാളികൾക്കും പൊതുജനങ്ങൾക്കും നൽകുക.
- കൊതുകിന്റെ ജൈവിക നിയന്ത്രണത്തിന് ഗപ്പി, ഗംബൂസിയ തുടങ്ങിയ മത്സ്യങ്ങളെ ലഭ്യമാക്കുക.

## പട്ടികവർഗ വികസനം

- ട്രൈബൽ പ്രമോട്ടർമാർക്ക് ആരോഗ്യവകുപ്പുമായി ചേർന്ന് കോവിഡ് ഉൾപ്പെടെയുള്ള സാംക്രമിക രോഗങ്ങളെക്കുറിച്ച് ബോധവത്ക്കരണം നൽകുകയും അവരെ ഉപയോഗിച്ച് പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ആവശ്യമായ ഫണ്ട് ലഭ്യത ഉറപ്പു വരുത്തുകയും ചെയ്യുക.
- ട്രൈബൽ പ്രൊമോട്ടർമാർ, ആശ, അങ്കണവാടി പ്രവർത്തകർ തുടങ്ങിയവരുടെ യോജിച്ചുള്ള പ്രവർത്തനങ്ങൾ വഴി സാംക്രമിക രോഗങ്ങൾ യഥാസമയം റിപ്പോർട്ട് ചെയ്യുകയും ഉചിതമായ നടപടികൾ ആരോഗ്യവകുപ്പ് ജീവനക്കാരുടെ നേതൃത്വത്തിൽ കൈക്കൊള്ളുകയും ചെയ്യുക.

- ആദിവാസി മേഖലകളിൽ പാർപ്പിട സൗകര്യം, ശുദ്ധജലലഭ്യത, സാനിറ്ററി കക്കൂസുകളുടെ ലഭ്യത, ഉപയോഗം എന്നിവ ഉറപ്പാക്കുക.
- ആദിവാസി കുട്ടികളുടെ ഹോസ്റ്റലുകളിൽ പരിസരശുചിത്വവും കുടിവെള്ളശുചിത്വവും ഭക്ഷ്യശുചിത്വവും ഉറപ്പുവരുത്തുക.
- കുരങ്ങുപനി, കാലാ അസാർ മുതലായ രോഗങ്ങൾ നിയന്ത്രിക്കുന്നതിനാവശ്യമായ വാക്സിനും, മരുന്നും മറ്റനുബന്ധ വ്യക്തിഗതസുരക്ഷാ മാർഗ്ഗങ്ങളും ലഭ്യമാക്കുക.

## ശുചിത്വ മിഷൻ

- ശാസ്ത്രീയമായ ഖര-ദ്രവമാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ ഒരുക്കാൻ സാങ്കേതിക സഹായങ്ങൾ നൽകുക.
- മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ഉറപ്പാക്കുക.
- രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് വാർഡ്തലത്തിൽ ഫണ്ട് നൽകുക.
- ഹരിതചട്ടം ഉറപ്പാക്കുക.
- ആദിവാസി-തീരദേശങ്ങളിലും മറ്റു പിന്നോക്ക മേഖലകളിലും സാനിറ്ററി കക്കൂസുകളുടെ ലഭ്യതയും ഉപയോഗവും ഉറപ്പാക്കുക.
- സമുദ്ര നിരപ്പിന് താഴെ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളിൽ സാനിറ്ററി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നൂതന സാങ്കേതിക വിദ്യകൾ പ്രാവർത്തികമാക്കുക.

## ഹരിത കേരള മിഷൻ

- ഉറവിടത്തിൽത്തന്നെയുള്ള മാലിന്യസംസ്കരണം പ്രോത്സാഹിപ്പിക്കുക.
- അജൈവ മാലിന്യങ്ങളുടെ മെറ്റീരിയൽ കളക്ഷൻ സംവിധാനം കാര്യക്ഷമമാക്കുക.
- മാലിന്യം അലക്ഷ്യമായി കൈകാര്യം ചെയ്യുന്നവർക്കെതിരെ നിയമനടപടികൾ ശക്തിപ്പെടുത്തുക.
- ജലസ്രോതസ്സുകളുടെ സംരക്ഷണം, കിണർ റീചാർജ്ജിംഗ്, മഴവെള്ള സംഭരണം.
- തരിശുനിലങ്ങൾ കൃഷിഭൂമികളാക്കുക, ജൈവകൃഷി പ്രോത്സാഹിപ്പിക്കുക.

## ഭക്ഷ്യസുരക്ഷ

- ഭക്ഷ്യവിഷബാധയുണ്ടാകുന്ന സ്ഥലങ്ങളിൽ ആരോഗ്യവകുപ്പിനൊപ്പം പരിശോധന നടത്തി ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുക.
- ഭക്ഷണശാലാ പരിശോധന സ്വന്തമായും ആരോഗ്യവകുപ്പുദ്യോഗസ്ഥരോടൊപ്പം സംയുക്തമായും നടത്തുക.
- കുപ്പിവെള്ളത്തിന്റെ ഗുണമേൻമ പരിശോധിച്ച് ഉറപ്പു വരുത്തുക.

- വ്യവസായികാടിസ്ഥാനത്തിൽ ഉൽപാദിപ്പിക്കുന്ന ഐസ് ശീതളപാനീയങ്ങളിൽ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പാക്കുക.

- ഹോട്ടലുടമകളെയും തൊഴിലാളികളെയും ഉൾപ്പെടുത്തി ആരോഗ്യ സുരക്ഷയെയും പകർച്ചവ്യാധികളെയും കുറിച്ചുള്ള ബോധവൽക്കരണം നിശ്ചിത ഇടവേളകളിൽ നൽകുകയും (ആരോഗ്യവകുപ്പുദ്യോഗസ്ഥരുടെ സഹകരണത്തോടെ) പകർച്ചവ്യാധികൾ ഉണ്ടാകാനുള്ള സാഹചര്യം ഒഴിവാക്കുകയും ചെയ്യുക.

- ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പു വരുത്തുക

## റെയിൽവേ

- തീവണ്ടികളിൽ വിതരണം ചെയ്യുന്ന ഭക്ഷണപാനീയങ്ങൾ സുരക്ഷിതമാണെന്ന് ഉറപ്പാക്കുക.
- ശരിയായ മാലിന്യ സംസ്ക്കരണ സംവിധാനം ഏർപ്പെടുത്തുക.
- റെയിൽവേ സ്റ്റേഷനിലും പരിസരങ്ങളിലും കൊതുക്, ഈച്ച, എലി എന്നിവ പെരുകുന്ന സാഹചര്യം നിയന്ത്രിക്കുക.
- മലമ്പനിബാധിത പ്രദേശങ്ങളിൽ നിന്നും വരുന്ന തീവണ്ടി കോച്ചുകളിൽ കൊതുകു നശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക. ഇതിനായി ഐ.ആർ.എസ്., ഐ.എസ്.എസ്. എന്നിവ കോച്ചുകൾക്കുള്ളിലും പുറത്തും കൃത്യമായും നിശ്ചിത ഇടവേളകളിലും നടത്തി എന്ന് ഉറപ്പു വരുത്തുക.
- റെയിൽവേ സ്റ്റേഷനുകളിൽ ഉള്ള പബ്ലിക് ഇൻഫർമേഷൻ സിസ്റ്റം വഴി രോഗപ്രതിരോധ

## പബ്ലിക് റിലേഷൻസ് വകുപ്പ്

- വിവിധതരം പകർച്ചവ്യാധികളുടെ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ സംബന്ധിച്ച ഉചിതമായ സന്ദേശങ്ങൾ ജനങ്ങളിൽ എത്തിക്കുക.

## ആഭ്യന്തര വകുപ്പ്

- പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിട്ടുള്ള വാഹനങ്ങളിലും മറ്റു യന്ത്രസാമഗ്രികളിലും മഴവെള്ളം വീണ് കൊതുക് വളരുന്ന സാഹചര്യം ഒഴിവാക്കുകയും കഴിയുന്നതും വേഗം ഇവ നീക്കം ചെയ്യുന്നതിനുള്ള മേൽ നടപടികൾ ഉറപ്പു വരുത്തുകയും ചെയ്യുക.

- പോലീസ് ക്യാമ്പുകളിലും ക്വാർട്ടേഴ്സുകളിലും പകർച്ചവ്യാധികൾ പടരാനുള്ള സാഹചര്യം ഇല്ലാതാക്കുകയും രോഗങ്ങൾ പൊട്ടിപ്പുറപ്പെട്ടാൽ ആയത് പ്രാദേശിക ആരോഗ്യകേന്ദ്രങ്ങളിൽ അറിയിക്കുകയും ചെയ്യുക.

## റവന്യൂ വകുപ്പ്

- പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി ചേർന്ന് വിവിധ വകുപ്പുകളുടെ ഏകോപനം സുഗമമാക്കുക.

- ഡി.ഡി.സി. യോഗങ്ങളിൽ പകർച്ചവ്യാധികളെക്കുറിച്ചും വാർഡ് ഹെൽത്ത് സാനിറ്റേഷൻ പ്രവർത്തനങ്ങളെക്കുറിച്ചും അവലോകനം ചെയ്യുക.

- ശുദ്ധജല വിതരണം ആവശ്യമായ പ്രദേശങ്ങളിലും ഘട്ടങ്ങളിലും അത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.
- ദുരന്തബാധിത പ്രദേശങ്ങളിലും ദുരിതാശ്വാസ ക്യാമ്പുകളിലും ആവശ്യമായ നടപടികൾ സ്വീകരിക്കുക.

## സംസ്ഥാന/ജില്ലാ ദുരന്തനിവാരണ അതോറിറ്റികൾ

- പ്രകൃതി ദുരന്തങ്ങളെക്കുറിച്ചുള്ള മുന്നറിയിപ്പ് യഥാസമയം നൽകുക.
- ആരോഗ്യവകുപ്പിന്റെ മാർഗ്ഗരേഖകൾക്കനുസൃതമായി പകർച്ചവ്യാധികൾ ഉൾപ്പെടെയുള്ള ദുരന്തനിവാരണ പദ്ധതികൾ തയ്യാറാക്കുക.
- ദുരന്തനിവാരണത്തിന് വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെയുള്ള സംയോജിത പ്രതിരോധ നിയന്ത്രണ പദ്ധതികൾ നടപ്പിലാക്കുക.
- ആവശ്യമായ ഫണ്ട് ലഭ്യമാക്കുക.
- ദുരന്തനിവാരണത്തിനാവശ്യമായ പരിശീലനങ്ങൾ വിവിധ വകുപ്പുകൾക്ക് നൽകുക.
- വകുപ്പുകളുടെയും ഏജൻസികളുടെയും സംസ്ഥാന/ജില്ലാതലങ്ങളിലെ ഏകോപനം.

## ടൂറിസം

- വിദേശങ്ങളിൽ നിന്നും ഇതരസംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന ടൂറിസ്റ്റുകളും തദ്ദേശീയരായ ടൂറിസ്റ്റുകളും പകർച്ചവ്യാധികൾക്കെതിരെയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക.
- ടൂറിസ്റ്റു കേന്ദ്രങ്ങളിൽ കൊതുകിന്റെ ഉറവിടനശീകരണം ഉൾപ്പെടെയുള്ള പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുക.

## കുടുംബശ്രീ മിഷൻ

- അയൽക്കൂട്ടം, എ.ഡി.എസ്, സി.ഡി.എസ് എന്നീ ത്രിതല സംവിധാനങ്ങളിലൂടെ കുടുംബങ്ങളുടെ സാമൂഹിക, സാമ്പത്തിക ഉന്നമനത്തിനുള്ള പ്രവർത്തനങ്ങളോടൊപ്പം ആരോഗ്യരംഗത്തും ജനപങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങൾ നടത്തുക.
- കുടുംബശ്രീ ആരോഗ്യവോളണ്ടിയർമാർ അതാത് വാർഡിലെ ഹെൽത്ത് സ്ക്വാഡിന്റെ പ്രവർത്തനങ്ങളിൽ പങ്കെടുക്കുക, കൂടുതൽ പേരെ രോഗപ്രതിരോധ, ബോധവൽക്കരണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക.
- വാർഡുതല ആരോഗ്യശുചിത്വ പോഷണ സമിതികളിൽ അംഗങ്ങളായി പ്രവർത്തിക്കുക.
- വിവിധ വകുപ്പുകളുമായി ചേർന്ന് ആഹാരം, പാർപ്പിടം, ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസം, പാലിയേറ്റീവ് കെയർ, സുരക്ഷ, മാനസിക പിന്തുണ തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കുക.
- സമൂഹത്തിലെ മുതിർന്ന പൗരന്മാരെയും മാനസിക ശാരീരിക വൈകല്യങ്ങൾ ഉള്ളവരെയും പാർശ്വവത്ക്കരിക്കപ്പെട്ട വിഭാഗങ്ങളെയും കണ്ടെത്തി ആവശ്യമായ സഹായം നൽകുക.

## കേരളത്തിലെ മഴക്കാലത്തിനു മുൻപും ശേഷവുമുള്ള പകർച്ചവ്യാധി നിയന്ത്രണത്തിനായുള്ള അപകടസാധ്യത മാപ്പിംഗ്

സംസ്ഥാനത്തെ പകർച്ചവ്യാധി ഭീഷണികളെ ഫലപ്രദമായി ലഘൂകരിക്കുന്നതിന്, പൊതുജനാരോഗ്യ ഇടപെടലുകൾ രോഗങ്ങളുടെ സ്ഥല-കാലപരമായ പ്രത്യേകതകളെയും പ്രാദേശികമായ മറ്റ് അപകടസാധ്യതയെയും അടിസ്ഥാനമാക്കി ക്രമീകരിക്കണം. പ്രധാന ഭൂമിശാസ്ത്രപരവും ജനസംഖ്യാപരവുമായ അപകടസാധ്യതാ ഘടകങ്ങൾ താഴെക്കൊടുക്കുന്നു.

കുടുംബാരോഗ്യ കേന്ദ്രങ്ങളും (എഫ്എച്ച്സികൾ) നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും (യുപിഎച്ച്സികൾ) പ്രാദേശിക രോഗവ്യാപന സാധ്യതകളെ അടിസ്ഥാനമാക്കി മുൻഗണനാ മേഖലകൾ കണ്ടെത്തുകയും, അപകടസാധ്യത ലഘൂകരണ നടപടികൾ നടപ്പാക്കുകയും, ഫോട്ടോകളും അനുബന്ധ രേഖകളും ഉൾപ്പെടെ പട്ടിക 1-ൽ നൽകിയിട്ടുള്ള ഫോർമാറ്റിൽ നിർദ്ദിഷ്ട പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്യുകയും വേണം. ഒരു എഫ്എച്ച്സിയുടെയോ യുപിഎച്ച്സിയുടെയോ പരിധിയിൽ വരാത്ത നഗരപ്രദേശങ്ങളിൽ, ഈ പ്രവർത്തനം ജില്ലാ ആരോഗ്യ ഭരണകൂടം നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടത്തണം.

**പട്ടിക 1**
**പ്രാദേശിക രോഗവ്യാപന സാധ്യത മാപ്പിംഗിനായുള്ള ഫോർമാറ്റ്**

| ക്രമ നമ്പർ | അപകടസാധ്യതാഘടകം | സ്ഥലം (വാർഡ്, തെരുവ്, അല്ലെങ്കിൽ ലാൻഡ് മാർക്കുകൾ നൽകുക) | ചെയ്ത പ്രവർത്തനത്തിൻ്റെ വിശദാംശങ്ങൾ | നേട്ടം (ഉചിതമായ സൂചകങ്ങൾ ഉപയോഗിക്കാം, ഉദാഹരണത്തിന്: കൊതുക് സാന്ദ്രതയിലെ കുറവ്, ജലാശയങ്ങളിലെ കോളിഫോം എണ്ണത്തിലെ കുറവ്, ഒരു രോഗത്തിനായി സ്ക്രീൻ ചെയ്ത ആളുകളുടെ എണ്ണം, തുടങ്ങിയവ) |
|---|---|---|---|---|
| 1 | മാലിന്യം തള്ളുന്ന സ്ഥലങ്ങൾ | | | |
| 2 | നിർമ്മാണ സ്ഥലങ്ങൾ | | | |
| 3 | ഗോത്രവർഗ്ഗ/ ഗിരിവർഗ്ഗ മേഖല | | | |
| 4 | തീരദേശ പ്രദേശങ്ങൾ | | | |
| 5 | ബസ് സ്റ്റാൻഡ്, റെയിൽവേ സ്റ്റേഷൻ, മറ്റ് യാത്രാ കേന്ദ്രങ്ങൾ | | | |

| | | | | |
|---|---|---|---|---|
| 6 | പൊതു ശുചിമുറികൾ, കക്കൂസുകൾ | | | |
| 7 | കോളനികൾ/ചേരികൾ | | | |
| 8 | ജലനിധി ഉൾപ്പെടെയുള്ള പൊതു ജലവിതരണ സംവിധാനങ്ങൾ | | | |
| 9 | മറ്റ് സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങൾ | | | |
| 10 | ചന്തകൾ/പൊതു സ്ഥലങ്ങൾ | | | |
| 11 | കുടിയേറ്റ ക്യാമ്പുകൾ | | | |
| 12 | ഫുഡ് സ്ട്രീറ്റുകൾ | | | |
| 13 | വിനോദസഞ്ചാര കേന്ദ്രങ്ങൾ/തീർത്ഥാടന സ്ഥലങ്ങൾ | | | |
| 14 | തീംപാർക്കുകൾ/ജല വിനോദ കേന്ദ്രങ്ങൾ/സ്വിമ്മിംഗ് പൂളുകൾ | | | |
| 15 | വെള്ളം കെട്ടിനിൽക്കുന്ന പ്രദേശങ്ങൾ/മുമ്പ് വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങൾ | | | |
| 16 | നദികളുടെയോ വലിയ ജലാശയങ്ങളുടെയോ തീരത്തുള്ള പ്രദേശങ്ങൾ | | | |
| 17 | ഹോട്ടലുകൾ/റെസ്റ്റോറന്റുകൾ | | | |
| 18 | തോട്ടം പ്രദേശങ്ങൾ | | | |
| 19 | വനത്തിന്റെ അതിർത്തി പ്രദേശങ്ങൾ | | | |
| 20 | വവ്വാലുകൾ ചേക്കേറിയ സ്ഥലങ്ങൾ | | | |
| 21 | പന്നി ഫാമുകൾ, കോഴി ഫാമുകൾ, മൃഗ സംരക്ഷണ കേന്ദ്രങ്ങൾ | | | |
| 22 | തെരുവ് നായ്ക്കളുടെ ശല്യമുള്ള തെരുവുകൾ | | | |
| 23 | മുൻപ് രോഗ വ്യാപനം റിപ്പോർട്ട് ചെയ്ത പ്രദേശങ്ങൾ (രോഗം പരാമർശിക്കുക. കൂടുതൽ രോഗങ്ങളുടെ ഹോട്ട്സ്പോട്ടുകൾ റിപ്പോർട്ട് | | | |

| | | | | |
|---|---|---|---|---|
| | ചെയ്തിട്ടുണ്ടെങ്കിൽ കൂടുതൽ വരികൾ ചേർക്കുക) | | | |
| 24 | കാര്യമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ | | | |
| 25 | സ്കൂളുകൾ, കോളേജുകൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ | | | |
| 26 | പ്രധാന തൊഴിലിടങ്ങൾ, ഓഫീസ് കോംപ്ലക്സുകൾ, ഫാക്ടറികൾ തുടങ്ങിയവ | | | |
| 27 | ജന്തുജന്യ രോഗങ്ങൾ, വെക്റ്റർ ബോൺ രോഗങ്ങൾ, ജലജന്യ രോഗങ്ങൾ എന്നിവയ്ക്കുള്ള തൊഴിൽപരമായി ഉയർന്ന അപകടസാധ്യതയുള്ള ഗ്രൂപ്പുകൾ (ദുർബലരായ ഗ്രൂപ്പുകളെ ലിസ്റ്റ് ചെയ്യുക, ഉദാഹരണത്തിന്: NREGS തൊഴിലാളികൾ) | | | |
| 28 | ജനസംഖ്യാപരമായി ഉയർന്ന അപകടസാധ്യതയുള്ള ഗ്രൂപ്പുകൾ (ഉദാഹരണത്തിന്: കുട്ടികൾ, ഗർഭിണികൾ തുടങ്ങിയവർ) | | | |
| 29 | ആശുപത്രികൾ | | | |
| 30 | വ്യത്യസ്ത ലൈംഗിക സ്വഭാവമുള്ളവരും, ഇൻട്രാവീനസ് മയക്കുമരുന്ന് ഉപയോഗം പോലുള്ള അപകടകരമായ പെരുമാറ്റങ്ങളുള്ളവരും | | | |
| 31 | പ്രാദേശികമായി പ്രധാനപ്പെട്ട മറ്റേതെങ്കിലും ദുർബലമായ സ്ഥലം (ആവശ്യമെങ്കിൽ കൂടുതൽ വരികൾ ചേർക്കുക) | | | |

**മുൻഗണനാ രോഗങ്ങൾ**

പ്രധാന പകർച്ചവ്യാധികളുടെയും അവയുടെ പ്രധാന സവിശേഷതകളുടെയും ഒരു ഏകദേശ ചിത്രം താഴെ നൽകുന്നു. പ്രാദേശിക പ്രവർത്തനങ്ങൾ ഇവിടെ നൽകിയിരിക്കുന്ന വിവരങ്ങളെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം, എന്നാൽ അതിൽ മാത്രം പരിമിതപ്പെടുത്തരുത്.

1. **ഡെങ്കിപ്പനി/ചിക്കുൻഗുനിയ/സിക്ക**

a. കേരളത്തിലെ എല്ലാ ഭൂപ്രദേശങ്ങളിലും ഡെങ്കിപ്പനി അതിവ്യാപകമാണ്. അതിനാൽ രോഗവ്യാപനം എല്ലായിടത്തും ഉണ്ടാകാൻ സാധ്യതയുണ്ട്.

b. എന്നിരുന്നാലും, മുൻ കാലങ്ങളിൽ രോഗവ്യാപനം ഉണ്ടായിട്ടുള്ള പ്രദേശങ്ങളിൽ ഡെങ്കിപ്പനി കൂട്ടമായി കാണപ്പെടാൻ സാധ്യതയുണ്ട്.

c. മഴക്കാലത്തിനു മുൻപുള്ള കൊതുകുകളുടെ പ്രജനനം ഡെങ്കിപ്പനി വ്യാപനത്തിന്റെ ഒരു പ്രധാന സൂചനയാണ്. ഈ സമയം കൊതുകുകളുടെ സാന്ദ്രത കുറഞ്ഞ അളവിൽ നിലനിർത്തിയാൽ വരും മാസങ്ങളിൽ രോഗവ്യാപനം തടയാൻ സാധിക്കും.

d. ഡെങ്കി, ചിക്കുൻഗുനിയ, സിക്ക എന്നിവയുടെ വ്യാപനം നേരത്തേ കണ്ടെത്തുന്നതിന് ലബോറട്ടറി നിരീക്ഷണം നിർണായകമാണ്. രോഗം ബാധിച്ച കൊതുകുകളെ (ഉദാഹരണത്തിന്, ഇൻഡോർ സ്പേസ് സ്പ്രേയിങ്, ഫോഗിംഗ്) ആദ്യ ഘട്ടങ്ങളിൽ ലക്ഷ്യമിട്ടാൽ രോഗവ്യാപനം തടയാൻ കഴിയും.

e. ആശുപത്രികൾ രോഗബാധയുടെ പ്രധാന കേന്ദ്രങ്ങളായി പ്രവർത്തിക്കാൻ സാധ്യതയുണ്ട്. അതിനാൽ, ആശുപത്രി പരിസരങ്ങളിൽ കൊതുകുകളുടെ പ്രജനനവും കൊതുക് കടിയേൽക്കുന്നതും തടയേണ്ടത് അത്യാവശ്യമാണ്.

f. പൊതുസ്ഥലങ്ങൾ, സ്കൂളുകൾ, ജോലിസ്ഥലങ്ങൾ എന്നിവിടങ്ങളിൽ കൊതുകുകൾ ധാരാളമായി കാണപ്പെടുന്നത് ഈഡിസ് കൊതുകുകൾ പരത്തുന്ന രോഗങ്ങൾ വേഗത്തിൽ പടരാൻ ഇടയാക്കും. അതിനാൽ, ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളിലൂടെ അത്തരം സ്ഥലങ്ങൾ കൊതുകുമുക്തമാക്കേണ്ടത് നിർണായകമാണ്.

g. സിക്കയുടെ വ്യാപനം ഒഴിവാക്കാൻ വിവരവിനിമയം, വിദ്യാഭ്യാസം, ആശയവിനിമയം (IEC) എന്നിവയിൽ ഗർഭിണികൾക്ക് പ്രാധാന്യം നൽകണം.

h. സന്ധി വേദനയോടുകൂടിയ പനി (ചിക്കുൻഗുനിയയുടെ സൂചന), ഗില്ലൻ-ബാരെ സിൻഡ്രോം (സിക്കയുമായി ബന്ധപ്പെട്ടത്) എന്നിവയും നിരീക്ഷണത്തിൽ ഉണ്ടായിരിക്കണം.

i. തോട്ടം മേഖലകളിൽ നിന്നുള്ള കൊതുകുകളുടെ പ്രജനനം അതാത് മേഖലകളിൽവലിയ തോതിലുള്ള കൊതുക് വർദ്ധനവിന് വഴിവെയ്ക്കുന്നത് നിയന്ത്രിക്കണം.

j. വ്യക്തിഗത സംരക്ഷണ ഉപാധികൾ, (PPE), പ്രത്യേകിച്ച് ശരീരം മുഴുവൻ മൂടുന്ന വസ്ത്രങ്ങൾ, കുട്ടികൾക്കും തൊഴിൽപരമായി ദുർബലരായ വ്യക്തികൾക്കും (ഉദാഹരണത്തിന്, റബ്ബർ ടാപ്പിംഗ്, MGNREGS തൊഴിലാളികൾ) ശുപാർശ ചെയ്യണം.

2. **എലിപ്പനി, ചെള്ളുപനി**

a. ലെപ്റ്റോസ്പിറ ബാക്ടീരിയ അടങ്ങിയ വെള്ളം അല്ലെങ്കിൽ മണ്ണ്, സ്ക്രബ്ബ് ടൈഫസ് പനിക്ക് കാരണമായ ചെള്ള്കളുടെ ഭൂമിശാസ്ത്രപരമായ ഹോട്ട്സ്പോട്ടുകൾ ഇവ കണ്ടെത്തുകയും, മാപ്പ് ചെയ്യുകയും, പരസ്യപ്പെടുത്തുകയും വേണം.

b. എലിപ്പനി തടയുന്നതിന് തൊഴിൽപരമായി ഉയർന്ന അപകടസാധ്യതയുള്ള ആളുകളെ (ഉദാഹരണത്തിന്, മൃഗങ്ങളെ കൈകാര്യം ചെയ്യുന്നവർ, മലിന ജലവുമായി സമ്പർക്കത്തിന് സാധ്യതയുള്ളവർ, MGNREGS തൊഴിലാളികൾ) ലക്ഷ്യമിട്ടുള്ള IEC ഉം ഡോക്സിസൈക്ലിൻ പ്രതിരോധ ചികിത്സയും നൽകണം.

c. തൊഴിൽപരമായി അപകടസാധ്യത ഉള്ളവർക്ക് കാലുകൾ വഴിയായി അണുബാധ ഉണ്ടാകാതിരിക്കാൻ ഗംബൂട്ടുകൾ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നത് പ്രധാനമാണ്.

d. വെള്ളം കെട്ടിനിൽക്കുന്ന പ്രദേശങ്ങൾ, നദികളുടെയും മറ്റ് ജലാശയങ്ങളുടെയും തീരങ്ങൾ, വെള്ളപ്പൊക്കം/ഉരുൾപൊട്ടൽ ബാധിച്ച പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള ഇടപെടലുകൾ ആവശ്യമാണ്.

c. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ (LSG) സഹകരണത്തോടെ ഖരമാലിന്യ സംസ്കരണത്തിൽ സജീവമായ ഇടപെടലുകൾ നടത്തണം.

3. **ഹെപ്പറ്റൈറ്റിസ് എ, മറ്റ് ജലജന്യ രോഗങ്ങൾ**

a. സുരക്ഷിതമായ കുടിവെള്ള രീതികളും മലിനജലം ശരിയായ രീതിയിൽ സംസ്കരിക്കുന്നതും ലക്ഷ്യമിട്ടുള്ള വിപുലമായ IEC കാമ്പെയ്നുകൾ നടത്തണം.

b. വാണിജ്യപരമായി വിൽക്കുന്ന ഭക്ഷണപാനീയങ്ങളിലും, ആഘോഷങ്ങളിലും തീർത്ഥാടനങ്ങളിലും വിതരണം ചെയ്യുന്ന ഭക്ഷണപാനീയങ്ങളിലും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നത് നിർണായകമാണ്.

4. **നിപ**

a. മൃഗങ്ങളിൽ നിന്ന് നിപ വൈറസ് മനുഷ്യരിലേക്ക് പകരുന്ന രീതികളെക്കുറിച്ച് സമഗ്രമായ IEC ആവശ്യമാണ്.

b. ആശുപത്രി അണുബാധ നിയന്ത്രണ നടപടികൾ ആശുപത്രിയിൽ നിന്നുള്ള സൂപ്പർസ്പ്രെഡിംഗ് ഇവന്റുകൾ തടയുന്നതിന് നിർണായകമാണ്.

5. **അമീബിക് മെനിഞ്ചോഎൻസെഫലൈറ്റിസ്**

a. ജലാശയങ്ങളിൽ നിന്നുള്ള നെഗ്ലേറിയ ഫൗലേറി അണുബാധ വളരെ മാരകമാണ്, അമീബയുടെ വർധിച്ച സാന്നിധ്യമുള്ള ജലസ്രോതസ്സുകളുമായുള്ള സമ്പർക്കം അണുബാധയ്ക്ക് കാരണമായേക്കാം. അത്തരം ജലസ്രോതസ്സുകളെക്കുറിച്ച് പൊതുജന അവബോധം അത്യാവശ്യമാണ്.

b. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ (LSG) സഹായത്തോടെ ജലാശയങ്ങൾ വൃത്തിയായി സൂക്ഷിക്കുകയും മലിനീകരണം തടയുകയും വേണം. c. അണുബാധയുടെ ഉറവിടത്തെക്കുറിച്ചും പ്രതിരോധ നടപടികളെക്കുറിച്ചും വിപുലമായ IEC ആവശ്യമാണ്,

6. **ഉയർന്ന മുൻഗണനയുള്ള ഏവിയൻ ഇൻഫ്ലുവൻസയുടെ (HPAI) ഉയർന്നുവരുന്ന ഭീഷണി**

a. പക്ഷികളിലോ മൃഗങ്ങളിലോ HPAI കണ്ടെത്തിയാൽ ഉടൻ തന്നെ വ്യാപകമായ IEC നടപ്പാക്കണം.

b. ഓരോ HPAI കണ്ടെത്തലിനുശേഷവും സമ്പർക്കമുള്ള മനുഷ്യർക്കിടയിൽ അക്യൂട്ട് എൻസെഫലൈറ്റിസ് സിൻഡ്രോം (AES), അക്യൂട്ട് റെസ്പിറേറ്ററി ഡിസ്ട്രസ് സിൻഡ്രോം (ARDS) എന്നിവയ്ക്കുള്ള നിരീക്ഷണം ശക്തമാക്കണം.

7. **ക്യാസനൂർ ഫോറസ്റ്റ് ഡിസീസ് (KFD)**

a. കർണാടകയിലോ മറ്റ് അയൽ സംസ്ഥാനങ്ങളിലോ കേസുകൾ റിപ്പോർട്ട് ചെയ്യുന്നപക്ഷം ആദിവാസിമേഖലകളിൽ സജീവമായ കേസ് കണ്ടെത്തൽ നടത്തണം.

b. സംശയാസ്പദമായ കുരങ്ങുമരണങ്ങൾ ഉടൻ റിപ്പോർട്ട് ചെയ്യണം. c. പ്രതിരോധ നടപടികളെക്കുറിച്ച് അപകടസാധ്യതയുള്ള ജനവിഭാഗങ്ങളെ ലക്ഷ്യമിട്ടുള്ള വിപുലമായ IEC ആവശ്യമാണ്.

8. **വാക്സിൻ മൂലം തടയാൻ കഴിയുന്ന രോഗങ്ങൾ (VPDs), ഡിഫ്തീരിയ, മീസിൽസ് തുടങ്ങിയവ**

a. മീസിൽസ് പോലുള്ള വാക്സിൻ വഴി തടയാൻ കഴിയുന്ന രോഗങ്ങൾ ചില പ്രദേശങ്ങളിൽ സജീവമായി പടരുന്നു.

b. നിലവിലുള്ളതും ഭാവിയിൽ വരാൻ സാധ്യതയുള്ളതുമായ പകർച്ചവ്യാധി വെല്ലുവിളികളെ നേരിടുന്നതിന് വാക്സിനുകളുടെ പ്രാധാന്യം ഊന്നിപ്പറയുന്ന വിപുലവുമായ IEC നിർണായകമാണ്.

9. **മറ്റ് പ്രാണിജന്യ രോഗങ്ങൾ (VBDs), ജാപ്പനീസ് എൻസെഫലൈറ്റിസ് (JE), വെസ്റ്റ് നൈൽ ഫീവർ (WNF), മലേറിയ, മന്ത് തുടങ്ങിയവ**

a. WNF രോഗം കഴിഞ്ഞ കുറച്ച് വർഷങ്ങളായി സംസ്ഥാനത്ത് വർധിച്ച് വരുന്ന, പ്രത്യേകിച്ചും വെള്ളം കെട്ടിനിൽക്കുന്ന പ്രദേശങ്ങളിലും ദേശാടന പക്ഷികൾ ധാരാളമായി കാണപ്പെടുന്ന പ്രദേശങ്ങളിലും. തദ്ദേശീയമായ വെക്റ്റർ പഠനങ്ങൾ ഈഡിസ് കൊതുകിൽ മാത്രം ഒതുക്കി നിർത്താതെ JE/WNF ഉൾപ്പെടെയുള്ള രോഗങ്ങൾ പരത്തുന്ന കൊതുകുകളിലേക്കും വ്യാപിപ്പിക്കുകയും വെള്ളക്കെട്ടുകൾ ഒഴിവാക്കുകയും വേണം.

b. AES നിരീക്ഷണം ശക്തമാക്കണം.

c. അന്യദേശതൊഴിലാളികൾക്കിടയിലും അപകട സാധ്യതയുള്ള പ്രദേശങ്ങളിലും മന്ത് രോഗനിർണ്ണയത്തിനായുള്ള രാത്രികാല രക്തപരിശോധനയും മലേറിയപരിശോധനയും ശാക്തീകരിക്കണം.

d. മലേറിയ/മന്ത് എന്നിവയുടെ ഓരോ കണ്ടെത്തലും വ്യാപകമായ ഉറവിടനശീകരണ പ്രവർത്തനങ്ങളിലേക്കും വ്യാപകമായ കേസ് ഫൈൻഡിങ് പ്രവർത്തനങ്ങളിലേക്കും നയിക്കണം.

10. **മറ്റ് ഉയർന്നുവരുന്ന ജന്തുജന്യ ഭീഷണികൾ - ലീഷ്മാനിയാസിസ് (കരിമ്പനി), ബ്രൂസെല്ലോസിസ്, പേവിഷബാധ തുടങ്ങിയവ**

a. ഉയർന്നുവരുന്ന ജന്തുജന്യ രോഗ ഭീഷണികളെ നേരിടാൻ മനുഷ്യന്റെയും മൃഗങ്ങളുടെയും പരിസ്ഥിതിയുടെയും ആരോഗ്യം സമന്വയിപ്പിക്കുന്ന ഏകാരോഗ്യ സമീപനം കൈക്കൊള്ളണം.

b. അപകടസാധ്യതയുള്ള ഇടങ്ങളിൽ അറവുമാടുകളുടെ പരിശോധന (ബ്രൂസെല്ലോസിസ്) വിപുലമായ മൃഗ വാക്സിനേഷൻ, പ്രത്യേകിച്ചും തെരുവ് നായ്ക്കൾക്കുള്ള പേവിഷബാധ വാക്സിനേഷൻ തുടങ്ങിയവ നടത്തണം.

c. ഗോത്രവർഗ്ഗക്കാർക്ക് സേവനം നൽകുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ രോഗികളിൽ ചർമ്മത്തിലെ ലീഷ്മാനിയാസിസ്, കരിമ്പനി തുടങ്ങിയ രോഗങ്ങൾക്കുള്ള വർധിച്ച സാധ്യത കണക്കിലെടുക്കുകയും ഗോത്രവർഗ്ഗക്കാരുടെ വാസസ്ഥലങ്ങളിൽ മേൽപ്പറഞ്ഞ രോഗങ്ങളുടെ വ്യാപനത്തിന് കാരണമായ മണലീച്ചകളുടെ സാന്നിധ്യം വിലയിരുത്തുകയും വേണം.

**നിയന്ത്രണ പ്രവർത്തനങ്ങളിൽ സംയോജിപ്പിക്കേണ്ട പ്രധാന ഘടകങ്ങൾ:**

1. **ജനാധിപത്യ നേതൃത്വം, ക്യാമ്പയിൻ സമൂഹം ഏറ്റെടുക്കുന്നുവെന്ന് ഉറപ്പാക്കൽ, വികേന്ദ്രീകൃത ആസൂത്രണം**
കാമ്പയിനിന്റെ വിജയത്തിന്, പ്രാദേശിക എംഎൽഎ പോലെയുള്ള നേതാക്കളുടെ ഇടപെടലുകളും തദ്ദേശ സ്വയംഭരണ (LSGD) സംവിധാനങ്ങൾ അത് ഏറ്റെടുക്കുക എന്നതും നിർണായകമാണ്. കേരളത്തിൻ്റെ ശക്തമായ വികേന്ദ്രീകൃത ആസൂത്രണ ഘടനയെ പൂർണ്ണമായി പ്രയോജനപ്പെടുത്തുന്ന തരത്തിൽ കാമ്പെയ്നുകൾ രൂപകൽപ്പന ചെയ്യുകയും പ്രാദേശിക പദ്ധതികളുമായി നന്നായി സംയോജിപ്പിക്കുകയും വേണം. കുടുംബശ്രീ, MGNREGS, സ്കൂളുകൾ, അയൽക്കൂട്ടങ്ങൾ (റെസിഡന്റ്സ് അസോസിയേഷനുകൾ ഉൾപ്പെടെ), രാഷ്ട്രീയ, മത സംഘടനകൾ തുടങ്ങിയ സാമൂഹിക സംവിധാനങ്ങളുടെ സജീവ പങ്കാളിത്തം ആസൂത്രണത്തിൽ ഉറപ്പാക്കണം.

2. **വിവിധ ഡിപ്പാർട്ട്മെന്റുകളുടെ സംയോജനവും ഏകാരോഗ്യവും**
പകർച്ചവ്യാധി വ്യാപനത്തിന്റെ മൂലകാരണം പലപ്പോഴും വന്യമൃഗങ്ങളിലും വളർത്തുമൃഗങ്ങളിലും, രോഗം പരത്തുന്ന ക്ഷുദ്രജീവികളിലും പരിസ്ഥിതിയിലും ആണ്. അതാത് മേഖലകളിൽ ഇടപെട്ടുകൊണ്ട് മാത്രമേ അവയെ പ്രതിരോധിക്കാൻ കഴിയുകയുള്ളൂ. അതിനാൽ പകർച്ചവ്യാധി പ്രതിരോധത്തിൽ പങ്കാളികളാക്കാൻ

കഴിയുന്ന വിവിധ സർക്കാർ ഡിപ്പാർട്മെന്റുകൾ, സർക്കാർ ഇതര സംവിധാനങ്ങൾ, സംഘടനകൾ തുടങ്ങി എല്ലാവരെയും പ്രാദേശിക തലത്തിൽ സംഘടിപ്പിച്ച് കാമ്പയിൽ ഏകാരോഗ്യം എന്നതിന്റെ സത്ത ഉൾക്കൊണ്ട് ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും വേണം. മൃഗസംരക്ഷണം, ഭക്ഷ്യ സുരക്ഷ, വനം (ബാധകമെങ്കിൽ), LSGD, ജലവിതരണം, കൃഷി തുടങ്ങിയ പ്രധാന ഏകാരോഗ്യ പങ്കാളികളെ കാമ്പെയ്ൻ ആസൂത്രണം, നിരീക്ഷണം, രോഗഹേതു ഘടകങ്ങൾക്കായുള്ള അന്വേഷണം, IEC തുടങ്ങിയ എല്ലാ ഘട്ടങ്ങളിലും ഉൾപ്പെടുത്തണം.

3. **കേരള പൊതുജനാരോഗ്യ നിയമം 2023 (KPHA 2023) ൻ്റെ വ്യവസ്ഥകൾ നടപ്പാക്കലും ഉപയോഗപ്പെടുത്തലും**

പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിൽ KPHA 2023 ലെ വ്യവസ്ഥകൾ സാർവത്രികമായി പ്രയോഗിക്കുകയും, പകർച്ചവ്യാധി നിയന്ത്രണ ശ്രമങ്ങളുടെ മുൻനിരയിലേക്ക് നിയമനടപടികളെ കൊണ്ടുവരികയും വേണം. പ്രാദേശിക പൊതുജനാരോഗ്യ ഉദ്യോഗസ്ഥർ ഈ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം എടുത്ത നിയമനടപടികളെക്കുറിച്ച് മഴക്കാലത്തിനു മുൻപും ശേഷവുമുള്ള മാസങ്ങളിൽ ജില്ലാ പൊതുജനാരോഗ്യ ഓഫീസർക്ക് (DPHO) പ്രതിവാര റിപ്പോർട്ട് നൽകണം. DPHO ഈ വിവരങ്ങളും അവരുടെ ഓഫീസ് സ്വീകരിച്ച നടപടികളും പ്രതിവാരം സംസ്ഥാന പൊതുജനാരോഗ്യ ഓഫീസറെയും (SPHO) അറിയിക്കണം. കാമ്പെയ്നിനെ പിന്തുണയ്ക്കുന്നതിനായി നിയമനടപടി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും നടപ്പാക്കാനും എല്ലാ പൊതുജനാരോഗ്യ കമ്മിറ്റികളും ഉടൻ യോഗം ചേരണം.

4. **പൊതുജനാരോഗ്യത്തിലും ആരോഗ്യ സാക്ഷരതയിലും നൽകേണ്ട ഊന്നൽ**

സംസ്ഥാനത്തെ പകർച്ചവ്യാധി നിയന്ത്രണം വ്യക്തിഗത, ഗാർഹിക, തൊഴിൽസ്ഥല, ആരോഗ്യ സംവിധാന തലങ്ങളിൽ നടക്കുന്ന ആരോഗ്യരക്ഷാ/പൊതുജനാരോഗ്യ പ്രവർത്തനങ്ങളുടെ ആകെത്തുകയാണ്. അതിനാൽ, എല്ലാ കാമ്പെയ്നുകളും ജനങ്ങളെ കേന്ദ്രീകരിച്ചുള്ളതായിരിക്കണം. ആശാ വർക്കർമാരുടെ നേരിട്ടുള്ള ഇടപെടലുകൾ, ആരോഗ്യ പ്രവർത്തകരുടെ ക്ലാസുകൾ, FHC-കൾ, ആശുപത്രികൾ, ഹെൽത്ത് ആൻഡ് വെൽനസ് സെൻ്ററുകൾ (HWCs) എന്നിവിടങ്ങളിൽ പ്രദർശിപ്പിച്ചിട്ടുള്ള പോസ്റ്ററുകൾ, അച്ചടി, ദൃശ്യ മാധ്യമങ്ങൾ, സോഷ്യൽ മീഡിയ തുടങ്ങിയ വിവിധ മാർഗ്ഗങ്ങളിലൂടെ സമൂഹത്തിൻ്റെ മൊത്തത്തിലുള്ളതും ലക്ഷ്യ ഗ്രൂപ്പുകളുടെതുമായ അവബോധ നിലവാരം ഉയർത്തണം.

5. **നിരീക്ഷണവും റിപ്പോർട്ടിംഗും**

ഫോട്ടോകൾ ഉൾപ്പെടെ എല്ലാ പ്രവർത്തനങ്ങളും ഏത് തലത്തിലാണ് നടപ്പാക്കിയത് എന്ന് രേഖപ്പെടുത്തുകയും ജില്ലാ മെഡിക്കൽ ഓഫീസർക്ക് (DMO) റിപ്പോർട്ട് ചെയ്യുകയും വേണം. DMO മാരും അവർ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരും പകർച്ചവ്യാധി ഭീഷണികളുള്ള സൗകര്യങ്ങളും സ്ഥലങ്ങളും പരിശോധിക്കണം. DMO/ബ്ലോക്ക്/PHC കോൺഫറൻസുകളുടെ ഒരു പ്രധാന ഭാഗം അതത് പ്രദേശങ്ങളിലെ പകർച്ചവ്യാധി സാഹചര്യങ്ങൾ അവലോകനം ചെയ്യുന്നതിനായി നീക്കിവയ്ക്കണം.



ആരോഗ്യകുടുംബക്ഷേമ വകുപ്പ്
കേരളസർക്കാർ